പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## പതിനാറാമത് റിപ്പോർട്ട്

(2007 ജൂലൈ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കേരള സർവ്വകലാശാലയെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

പതിനാറാമത് റിപ്പോർട്ട്

(2007 ജൂലൈ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള സർവ്വകലാശാലയെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

1172/2007.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 76 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗീസ്, സ്പെഷ്യൽ സെക്രട്ടറി
,, പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
,, കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 മാർച്ച് 22, ജൂലൈ 12 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2007 ജൂലൈ, 26.

# റിപ്പോർട്ട്

## കേരള സർവ്വകലാശാലയെ സംബന്ധിച്ച്

**ഓഡിറ്റ് ഖണ്ഡിക**

യു.ജി.സി. പദ്ധതിയിൽപ്പെടുന്ന അധ്യാപകർക്ക് ശമ്പളത്തോടൊപ്പം അനർഹമായ ഇടക്കാലാശ്വാസം നൽകി

"കേരള സർവ്വകലാശാലയിലെ യു.ജി.സി. ശമ്പളപദ്ധതിയിൽ വരുന്ന അധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച നിരക്കിൽ ശമ്പളത്തോടൊപ്പം ഇടക്കാലാശ്വാസം നൽകിയതായി കാണുന്നു. ഇടക്കാലാശ്വാസം വ്യത്യസ്ത ശമ്പള പദ്ധതിയിലുളളവർക്കുകൂടി ബാധകമാക്കി ക്കൊണ്ടുള്ള ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. ഇതിനു പുറമേ 27-3-1990-ലെ ജി.ഒ.(പി)79/90 ഉന്നത വിദ്യാഭ്യാസം/നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാല യിലെ യു.ജി.സി. പദ്ധതിയിൽപ്പെടുന്ന അധ്യാപകർക്കും ലൈബ്രേറിയന്മാർക്കും സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്ന ഇടക്കാലാശ്വാസത്തിന് അർഹത ഉണ്ടായിരിക്കില്ല എന്നു വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ സർവ്വകലാശാല അനർഹമായി ഇടക്കാലാശ്വാസം നൽകുക വഴി അനവസരത്തിലുള്ള സാമ്പത്തിക ചെലവ് വരുത്തിവയ്ക്കുകയായിരുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 1(a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി. 111/കെ.യു.എ. എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല ലഭ്യമാക്കിയ മറുപടി:—

1. "യു.ജി.സി. പദ്ധതിയിൽപ്പെടുന്ന അദ്ധ്യാപക/അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് കേരള സർവ്വകലാശാല രണ്ടു പ്രാവശ്യമായി നല്കിയ ഇടക്കാലാശ്വാസ ത്തിന്റെ തുക തിരിച്ചു പിടിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക തട്ടിക്കഴിച്ച ശേഷമുള്ള തുകയാണ് കുടിശ്ശികയായി നല്കിയിട്ടുള്ളത്".

2. യു.ജി.സി. ശമ്പള പദ്ധതിയിൽ വരുന്ന അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സർവ്വകലാശാല രണ്ടുപ്രാവശ്യം അനർഹമായി നല്കിയ ഇടക്കാലാശ്വാസം തിരിച്ചു പിടിച്ചോയെന്ന് സമിതി ആരാഞ്ഞതിന് തുക മുഴുവൻ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് കേരള സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത തുകയുടെ തിരിച്ചടവ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി 15 ദിവസത്തിനുള്ളിൽ നല്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന് മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച മറുപടിയിൽ സമിതിയുടെ നിർദ്ദേശ പ്രകാരം വിശദമായ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ യു.ജി.സി. പദ്ധതിയിൽപ്പെടുന്ന അദ്ധ്യാപകർക്ക് ശമ്പളത്തോടൊപ്പം

അനർഹമായി നല്കിയ ഇടക്കാലാശ്വാസം തിരിച്ചു പിടിച്ചതു സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും ഹാജരാക്കുകയുണ്ടായില്ല എന്നും കാര്യവട്ടം കാമ്പസിലെ അദ്ധ്യാപകരുടെ വിശദാംശം മാത്രമേ പരിശോധനയ്ക്കായി ഹാജരാക്കുക യുണ്ടായിട്ടുള്ളതെന്നും അതുതന്നെ 23-11-2005-ലാണ് ഓഡിറ്റിന് ലഭ്യമാക്കിയതെന്നും യൂണിവേഴ്സിറ്റി മെയിൻ ഓഫീസുമായി ബന്ധപ്പെട്ടുള്ള ഡിപ്പാർട്ടുമെന്റുകളിലെ അദ്ധ്യാപകർക്ക് അനുവദിച്ചു നല്കിയ തുക തിരിച്ചു പിടിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല എന്നും അതുകൂടി ലഭിച്ചാൽ മാത്രമേ വിശദമായ പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നുമാണ് 28-12-05-ലെ എൽ.എഫ്.16359/സ്പെ.സെൽ.(ജി1)/05 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉള്ളത്. തുടർന്ന് 5-5-2006-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.16359/സ്പെ.സെൽ. (ജി1)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കാര്യവട്ടം കാമ്പസ്സിലെ അദ്ധ്യാപകർക്ക് അനർഹമായി നല്കിയ ഇടക്കാലാശ്വാസം തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട് എന്നും പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം തീർപ്പാക്കാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

3. 25-5-2006-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 26430/ബി3/05/ ഉ.വി.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം സർക്കാർ ഓഡിറ്റർക്ക് സർവ്വകലാശാല വിശദമായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതിനാൽ അവ പരിശോധിച്ച് ഈ പരാമർശം പിൻവലിക്കാൻ അഭ്യർത്ഥിക്കുന്നു എന്നാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

4. യു.ജി.സി. അദ്ധ്യാപകർക്ക് അനർഹമായി ഇടക്കാലാശ്വാസം നല്കിയ സർവ്വകലാശാലയുടെ നടപടി നിലവിലുള്ള സർവ്വീസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. സർവ്വകലാശാലയുടെ ഓഫീസ് ഭരണത്തിലെ കെടുകാര്യസ്ഥതയാണ് ഇത് വെളിവാക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ വിവരം ഓഡിറ്റിൽ കണ്ടുപിടിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ സർവ്വകലാശാലയ്ക്ക് വൻനഷ്ടം ഉണ്ടാകു മായിരുന്നുവെന്നും, എന്നാൽ അനർഹമായ തുക തിരിച്ചുപിടിച്ച വിവരം ഓഡിറ്റിനെ യഥാസമയം അറിയിക്കുന്നതിനോ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനോ സർവ്വകലാശാല അധികൃതരുടെ ഭാഗത്തു നിന്നും യാതൊരുവിധ നടപടിയും ഉണ്ടാകാതിരുന്നത് തികച്ചും ആക്ഷേപാർഹമാണ് എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. അനർഹമായി ആനുകൂല്യങ്ങൾ നല്കുകയും പിന്നീട് തിരിച്ചുപിടിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യം മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു. അദ്ധ്യാപകർക്ക് അനർഹമായി നല്കിയ തുക തിരിച്ചുപിടിച്ചുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുന:പരിശോധനയിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

യൂണിവേഴ്സിറ്റി—അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് ശംഖുമുഖം—ബോട്ട് വാങ്ങിയത്—ഫണ്ട് ദുരുപയോഗം

"സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് വകുപ്പ് മൊത്തം 2,33,130 രൂപ ചെലവഴിച്ച് ഒരു ഫൈബർ ഗ്ലാസ് ബോട്ടും അതിന്റെ എഞ്ചിനും വെവ്വേറെ വാങ്ങിയിട്ടുണ്ട്. എന്നാൽ 2/97-ൽ വാങ്ങിയ എഞ്ചിനും 1/98-ൽ വാങ്ങിയ ബോട്ടും നാളിതുവരെ ഉപയോഗത്തിൽ കൊണ്ടുവന്നിട്ടില്ല. ഇത് ഒരു കാർ പോർച്ചിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. അന്വേഷണത്തിൽ സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് വേളി കായലിൽ പ്രസ്തുത വകുപ്പിന് യാർഡ് അനുവദിച്ചിട്ടില്ലെന്നും അറിയുന്നു. ഇക്കാര്യം മുൻകൂട്ടി കാണാതെ 2,33,130 രൂപ ചെലവഴിച്ച് ബോട്ടു വാങ്ങിയത് സർവ്വകലാശാല ഫണ്ടിന്റെ ദുർവിനിയോഗമാണ് ".

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V 1.(e) ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-05-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

5. "അക്വാ. ബയോ.&ഫിഷറീസ് വകുപ്പിന്റെ ഗവേഷണത്തിനായി വാങ്ങിയ (എഞ്ചിൻ ബോട്ട്) ചില സാങ്കേതിക കാരണങ്ങളാലാണ് ഇതുവരെ ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നത്. എന്നാൽ ഈ അടുത്ത കാലത്ത് ആക്കുളം പഞ്ചായത്ത് നല്കിയ കെട്ടിടത്തിൽ അക്വേറിയം പുന:സ്ഥാപിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതു പൂർത്തിയാവുന്നതോടൊപ്പം ഈ ബോട്ടിന്റെ ഉപയോഗവും യാഥാർത്ഥ്യമാകും. നേരത്തെ വാങ്ങിയതാണെങ്കിലും ബോട്ടിന്റെ എഞ്ചിൻ പരിശോധിച്ചതിൽ അത് പ്രവർത്തനയോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ട്. വാട്ടർപ്രൂഫ് പെയിന്റ് ചെയ്തുകഴിഞ്ഞാൽ ബോട്ട് പ്രവർത്തനക്ഷമമാവും. ഓരോന്നിനും (എഞ്ചിനും ബോട്ടിനും) ഓരോ ക്വട്ടേഷൻ മാത്രം ലഭിച്ചു എന്ന് പരാമർശമുണ്ട്. കേരളത്തിൽ ഇത്തരം സാമഗ്രികൾ നല്കുന്ന സ്ഥാപനങ്ങൾ വിരളമായതിനാലാണ് ലഭ്യമായ ക്വട്ടേഷനുകൾ വച്ച് നടപടി എടുക്കേണ്ടി വന്നത്. കേരളത്തിനു പുറത്തുനിന്നും ബോട്ടും എഞ്ചിനും വാങ്ങിയിരുന്നുവെങ്കിൽ അനാവശ്യമായ യാത്ര ചിലവുകളും അനുബന്ധ ചിലവുകളും വഹിക്കേണ്ടി വരുമായിരുന്നു".

6. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട ബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമം ആണോയെന്ന് സമിതി ആരാഞ്ഞതിന് എഞ്ചിൻ പ്രവർത്തനക്ഷമമാണെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

7. ബോട്ടിന്റെ പ്രവർത്തനക്ഷമതയെ സംബന്ധിച്ചും ഭാവിയിൽ അത് എപ്രകാരം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്നതു സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി കേരള സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിനു മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.III.1/എൽ.എഫ്.എ.ഡി/05 നമ്പർ കത്തു പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അക്വാട്ടിക്

ബയോളജി & ഫിഷറീസ് വകുപ്പിന്റെ ഗവേഷണത്തിനായി വാങ്ങിയ (എഞ്ചിൻ ബോട്ട്) ചില സാങ്കേതിക കാരണങ്ങളാലാണ് ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നതെന്നും, അടുത്ത കാലത്ത് ആക്കുളം ഗ്രാമപഞ്ചായത്ത് നല്കിയ കെട്ടിടത്തിൽ അക്വേറിയം പുനഃസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതു പൂർത്തിയാവുന്നതോടൊപ്പം ഈ ബോട്ടിന്റെ ഉപയോഗവും യാഥാർത്ഥ്യമാവുമെന്നും ബോട്ടിന്റെ എഞ്ചിൻ പരിശോധിച്ചതിൽ അത് പ്രവർത്തനയോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും വാട്ടർപ്രൂഫ് പെയിന്റ് ചെയ്ത് കഴിഞ്ഞാൽ ബോട്ട് പ്രവർത്തനക്ഷമമാവുമെന്നാണ് അറിയിച്ചിട്ടുള്ളത്.

8. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 5-5-2006-ലെ എൽ.എഫ്./6359/ spl.Cell(G1)/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ധനദുർവിനിയോഗം എങ്ങനെ നടന്നുവെന്നത് ഓഡിറ്റ് ഖണ്ഡികയിൽ വ്യക്തമായി വിവരിച്ചിട്ടുണ്ടെന്നും ആയതിനാൽ സർവ്വകലാശാലയുടെ വാദത്തോട് യോജിക്കാനാവുകയില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്.

9. 25-5-2006-ലെ 26430/ബി3/05/ഉ.വി.വ. നമ്പർ കത്തുപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിലും സർവ്വകലാശാലയുടെ 24-11-2005-ലെ റിപ്പോർട്ടിൽ ലഭ്യമാക്കിയ മറുപടി തന്നെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

10. സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് 2,33,130 രൂപ ചെലവഴിച്ച് 2/97-ലും 1/98-ലുമായി ഫൈബർ ബോട്ടും, എഞ്ചിനും വാങ്ങിയെങ്കിലും പ്രസ്തുത ബോട്ട് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളോ, ബോട്ട് യാർഡിനുള്ള സ്ഥലമോ നാളിതുവരെ കണ്ടെത്തിയിരുന്നില്ല. വേണ്ടത്ര ക്രമീകരണങ്ങൾ ഒരുക്കുന്നതിന് മുമ്പ് ബോട്ട് വാങ്ങി സർവ്വകലാശാലാ ഫണ്ട് ദുരുപയോഗം ചെയ്ത നടപടി നിരുത്തരവാദപരവും ക്രമരഹിതവുമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

11. 1997 ഫെബ്രുവരി മാസത്തിൽ വാങ്ങിയ എഞ്ചിൻ പരിശോധിച്ചതിൽ അത് പ്രവർത്തന യോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും, വാട്ടർപ്രൂഫ് പെയിന്റ് ചെയ്തുകഴിഞ്ഞാൽ ബോട്ട് പ്രവർത്തനക്ഷമമാവുമെന്നും ആണ് രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ 9 വർഷമായി പ്രവർത്തനരഹിതമായി ഇരിക്കുന്ന എഞ്ചിൻ പ്രവർത്തനക്ഷമമാണെന്ന് മനസ്സിലാക്കുന്നതിന് എന്തു പരിശോധനയാണ് നടത്തിയത്, ആരാണ് നടത്തിയത്, എങ്ങനെയാണ് നടത്തിയത് എന്നീ വിവരങ്ങളൊന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. അതുപോലെതന്നെ നീറ്റിലിറക്കാതെ കഴിഞ്ഞ 8 വർഷമായി കരയിൽ ഇരിക്കുന്ന ഇതിന്റെ ഹൾ ദ്രവിച്ചുപോയിട്ടുണ്ടോയെന്നും ഇതിന് ഇനി അറ്റകുറ്റപ്പണികൾ ആവശ്യമാണോയെന്നും വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. 1997-ൽ എഞ്ചിൻ വാങ്ങുകയും പിന്നീട് ബോട്ട് വാങ്ങുകയും നാളിതുവരെ പ്രവർത്തന സജ്ജമാകാത്ത സാഹചര്യത്തിലും ഇതിനായി തുക ചെലവഴിച്ചത് ധനദുർവിനിയോഗമാണെന്നും ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും

ദീർഘവീക്ഷണമില്ലാതെ ധൃതിപിടിച്ച് ബോട്ടും എഞ്ചിനും വാങ്ങിയതിനുത്തര വാദികളായവരെ കണ്ടെത്തി തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

എഞ്ചിനീയറിംഗ് യൂണിറ്റ്, കാര്യവട്ടം—കെട്ടിടത്തിന്റെ ചുവരുകൾ വാട്ടർ പ്രൂഫ് സിമന്റ് പെയിന്റിംഗ് നടത്തിയതിൽ അധിക ചെലവ്

"പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 16-7-1985-ലെ ക്രോഡീകരിച്ച നിർദ്ദേശ പ്രകാരം സാധാരണ കെട്ടിടങ്ങൾക്ക് വെള്ള പൂശുകയോ നിറങ്ങളടിക്കുയോ മാത്രം ചെയ്താൽ മതിയാകും. വാട്ടർപ്രൂഫ് സിമന്റ് പെയിന്റിംഗ് ആവശ്യമെന്നു കണ്ടാൽ പരമാവധി ഒരു കോട്ട് അടിക്കാനേ അനുമതിയുള്ളൂ. ഇത്തരം നിർദ്ദേശം ഉണ്ടായിരിക്കേ യൂണിവേഴ്സിറ്റിയുടെ സാധാരണ കെട്ടിടങ്ങൾക്ക് അനാവശ്യമായി രണ്ട് കോട്ട് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റിംഗിന് ഇരട്ടി നിരക്ക് നൽകിയതുവഴി സർവ്വകലാശാലയ്ക്ക് 58,295 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

അതുപോലെ തന്നെ യൂണിവേഴ്സിറ്റിയുടെ കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സുകൾക്കും സിന്തറ്റിക് ഇനാമൽ പെയിന്റിംഗിന് അനുവദനീയമായ ഒരു കോട്ടിന്റെ നിരക്കിന്റെ ഇരട്ടി ചെലവഴിച്ചത് വഴി സർവ്വകലാശാലയ്ക്ക് 93,678 രൂപയുടെ നഷ്ടം സംഭവിച്ചു.

ഈ അധിക ചെലവ് ഒഴിവാക്കാവുന്നതായിരുന്നു".

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക.V.1.(f)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി3/കെ.യു.എ-എൽ.എഫ്. എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

13. "സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കെട്ടിടങ്ങൾക്ക് വാർഷിക അറ്റകുറ്റ പണികൾ നടത്താറില്ല. മിക്കവാറും പത്തോ പതിനഞ്ചോ കൊല്ലത്തിലൊരിക്കലാണ് ഇത് ചെയ്യാറുള്ളത്. ഈ ഒരു കാരണം കൊണ്ട് തന്നെ ഒരു കോട്ട് പെയിന്റ് അപര്യാപ്തമാണ്. ഇതുമൂലം അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല".

14. സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തി ടിയാനിൽ നിന്നും നഷ്ടം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തിട്ടുണ്ടെങ്കിൽ ഓഡിറ്റ് പരാമർശമുണ്ടായിട്ടും ബാദ്ധ്യത നിർണ്ണയിക്കാതെയും ചുമത്താതെയും ഉദ്യോഗസ്ഥന് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ ബാദ്ധ്യത ചുമത്തി നടപടി സ്വീകരിക്കുവാനും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിനു മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കേരള പൊതുമരാമത്ത് വകുപ്പ് ചട്ടം 19(4) ഖണ്ഡിക പ്രകാരം വെള്ള പൂശുന്നതിന് ഒരു വർഷവും ഡിസ്റ്റംബറിന് രണ്ടു വർഷവും വാട്ടർപ്രൂഫ് കളർ സിമന്റ്

(സ്നോസം തുടങ്ങിയവ) മൂന്ന് വർഷവും ചുവര്, തടിഭാഗങ്ങൾ, വാതിലുകൾ, ഗാൽവനൈസ്ഡ് ഇരുമ്പു പണികൾ എന്നിവയ്ക്ക് രണ്ടു വർഷത്തിലൊരിക്കലുമാണ് അറ്റകുറ്റപണിക്കുള്ള കാലാവധിയായി നിഷ്ക്കർഷിച്ചിരിക്കുന്നതെന്നും കേരള സർവ്വകലാശാലയിൽ പത്തോ പതിനഞ്ചോ വർഷത്തെ ഇടവേളകളിലാണ് വിവിധ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്താറുള്ളതെന്നും ഈ കാലയളവിൽ പ്രതലങ്ങൾ പൊട്ടിപ്പൊളിഞ്ഞും പായൽ പിടിച്ചും നശിക്കാറുള്ളതിനാൽ ഇത് വൃത്തിയാക്കുക ശ്രമകരമാണെന്നും അതിനാൽ രണ്ടു കോട്ട് പെയിന്റ് ആവശ്യമുള്ളതുമാണെന്നും വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്ക് വേണ്ടിവരുന്ന ഭാരിച്ച ചെലവുകളെ അപേക്ഷിച്ച് പ്രസ്തുത ജോലികൾക്ക് വളരെക്കുറച്ച് ചെലവ് മാത്രമേ ആകാറുള്ളൂവെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം പിൻവലിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

15. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (5-5-2006-ലെ L.F.16359/Spl. Cell(G1)/05 നമ്പർ കത്തുപ്രകാരം) ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ മറുപടി ഓഡിറ്റ് പരാമർശം തീർപ്പാക്കാൻ പര്യാപ്തമല്ലെന്നും ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഇതിനുമുമ്പ് അറ്റകുറ്റപ്പണി നടത്തിയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയാൽ മാത്രമേ ഓഡിറ്റ് തടസം സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

16. കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിനു നിർദ്ദേശം നല്കുന്നതോടൊപ്പം പരാമർശ വിഷയമായ കെട്ടിടത്തിന് മുമ്പ് അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

17. സർവ്വകലാശാലയുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിൽ അനുവർത്തിച്ചു വരുന്ന നടപടിക്രമം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ട്രഷറി അക്കൗണ്ടുകളിൽ വ്യവഹാരം നടത്താത്തതിനാൽ ഫണ്ട് നഷ്ടം

"സർവ്വകലാശാലയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.പി.എ.-45, റ്റി.പി.എ.2 എന്നീ രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്. ഇതിൽ റ്റി.പി.എ. 45 എന്ന എൻഡോവ്മെന്റുകളുടെ ഇടപാടുകൾക്കായി ഉള്ള അക്കൗണ്ടിൽ 31-3-1998-ൽ നീക്കിയിരിപ്പായി 5,13,824 രൂപ നിലനിൽക്കുന്നു. ഈ അക്കൗണ്ടിൽ യാതൊരുവിധ ഇടപാടുകളും 8-11-1993-നു ശേഷം നടന്നതായി കാണുന്നില്ല.

ഇതുപോലെ യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ തുറന്നിട്ടുള്ള റ്റി.പി.എ.-2 അക്കൗണ്ടിൽ 21-3-1988-നു ശേഷം ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. ഈ അക്കൗണ്ടിൽ 31-3-1997-ൽ 67,049 രൂപ ബാക്കി നിൽപ്പുണ്ട്. ഈ അക്കൗണ്ട് നിലനിൽക്കേ ഇതേ ആവശ്യത്തിനായി യൂണിവേഴ്സിറ്റി ഓഫീസ് കാമ്പസിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ കറണ്ട് നമ്പർ 921 ആരംഭിക്കുകയുണ്ടായി.

കേരള ട്രഷറി കോഡ് 2-ാം വാല്യം റൂൾ 40 പ്രകാരം അഞ്ചു വർഷക്കാലത്തി ലധികം യാതൊരു ഇടപാടുകളും നടക്കാതെയിരിക്കുന്ന അക്കൗണ്ടുകൾ പ്രവർത്തന രഹിതമാക്കുകയും അക്കൗണ്ടിലെ ബാലൻസ് തുക റവന്യൂ ഡെപ്പോസിറ്റിലേയ്ക്ക് മാറ്റേണ്ടതുമാണ്. അപ്രകാരം മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന ആകെ 5,80,873 രൂപ റവന്യൂ ഡെപ്പോസിറ്റിലേയ്ക്ക് മാറ്റപ്പെട്ടിരുന്നു. ഇപ്രകാരം റവന്യൂ ഡെപ്പോസിറ്റിലേയ്ക്ക് മാറ്റപ്പെട്ട തുകകൾക്ക് പലിശ ലഭ്യമല്ല. എന്നാൽ ട്രഷറി പബ്ലിക് അക്കൗണ്ടുകൾക്ക് 6% പലിശ അനുവദനീയമാണ്. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിൽ ബാക്കിയായി നിലനിൽക്കുന്ന തുകകൾക്ക് വർഷം തോറും പലിശ ഇനത്തിൽ യഥാക്രമം 30,829 രൂപ, 4,023 രൂപ (ആകെ 34,852 രൂപ) വീതവും അതിന്മേലുള്ള പലിയും യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടമാകുന്നുണ്ട്".

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക. VI. 1. (എ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.എ.യു.-എൽ.എഫ്. എ.സി/05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

18. "കേരള സർവ്വകലാശാലക്ക് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ TPA-45, TPA-2 എന്നീ അക്കൗണ്ടുകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത അക്കൗണ്ടുകൾ 30-1-2005-ൽ അവസാനിപ്പിച്ച് അതിൽ ബാക്കി വന്ന തുകയായ രൂ. 5,13,824 (അഞ്ചു ലക്ഷത്തിപതിമൂവായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ) യും TPA-2 -ൽ ബാക്കി വന്ന രൂ. 67,079 (അറുപത്തിഏഴായിരത്തിഎഴുപത്തൊൻപത് രൂപ) യും ചേർത്ത് രൂ. 5,80,903 (അഞ്ചുലക്ഷത്തിഎൺപതിനായിരത്തിതൊള്ളായിരത്തിമൂന്നു രൂപ) കേരള സർവ്വകലാശാല യുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ തന്നെയുള്ള 344-1 എന്ന PD അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിനാൽ സർവകലാശാലയ്ക്ക് ഫണ്ട് നഷ്ടം സംഭവിച്ചിട്ടില്ല ".

19. ട്രഷറിയിൽ ഉണ്ടായിരുന്ന ഓപ്പറേറ്റീവ് അല്ലാത്ത രണ്ട് അക്കൗണ്ടുകളിൽ ഇടപാടു നടത്താത്തതുകൊണ്ട് ട്രഷറി പബ്ലിക് അക്കൗണ്ടിനുള്ള 6 ശതമാനം പലിശയും ജീവനക്കാർക്ക് പി.എഫിനായി നല്കേണ്ട 11 ശതമാനം പലിശയും ചേർത്ത് 17 ശതമാനം പലിശ നഷ്ടപ്പെട്ടതിനെക്കുറിച്ച് എന്താണ് പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2005-ലാണ് പുതിയ അക്കൗണ്ട് തുടങ്ങിയതെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

20. സമിതി നിർദ്ദേശ പ്രകാരം 24-11-2005-ലെ ഒ.എ.ഡി.3/.-എൽ.എഫ്. എ.സി/05നമ്പർ കത്തു പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടിയിൽ 1997-98 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് 2000 നവംബർ മാസത്തിലാണ് ലഭ്യമായതെന്നും അതിനു നല്കിയ മറുപടിയിൽ TPA 45, TPA 2 എന്നീ അക്കൗണ്ടുകൾ അവസാനിപ്പിച്ച് ബാക്കി വന്ന തുക സർവ്വകലാശാലയ്ക്ക് ട്രഷറിയിലുള്ള പി.ഡി. അക്കൗണ്ടിൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും TPA 45 എന്നത് എൻഡോവ്മെന്റ് അക്കൗണ്ടാണെന്നും 8-11-1993-ന് ശേഷം അതിൽ പലിശ നിക്ഷേപമല്ലാതെ മറ്റു പോക്കുവരവുകൾ നടത്തിയിട്ടില്ല എന്നും ഈ അക്കൗണ്ടിൽ 31-3-1998-ൽ 5,13,824 രൂപ

ബാക്കിയുണ്ടായിരുന്നെന്നും ഓഡിറ്റ് റിപ്പോർട്ട് കിട്ടിയ ഉടനെ തന്നെ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും പോക്കുവരവ് ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുവാൻ നടപടികൾ തുടങ്ങിയിരുന്നെന്നും എന്നാൽ സർക്കാരിന്റെ അനുവാദം ലഭിക്കുന്നതിലും ജില്ലാ ട്രഷറിയിൽ നിന്നും നിശ്ചിത രജിസ്റ്റർ കണ്ടെടുക്കുന്നതിലും ഉണ്ടായ കാലതാമസമാണ് തുടർനടപടികൾക്ക് താമസം വരുത്തിയതെന്നുമാണ് അറിയിച്ചിരിക്കുന്നത്.

21. ഇതു സംബന്ധിച്ച് സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുനഃപരിശോധന നടത്തി 5-5-2006-ലെ LF 16359/Spl. Cell (G1)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ അഞ്ചു വർഷത്തിലധികമായി ഇടപാടുകൾ നടത്താത്തതിനെ തുടർന്ന് TPA ബാലൻസ് റവന്യൂ അക്കൗണ്ടിലേക്ക് മാറ്റപ്പെട്ടതുമൂലം 6% പലിശയിനത്തിൽ പ്രതിവർഷം 34852 രൂപ നഷ്ടം വന്നെന്നും 30-1-2005-ൽ പ്രസ്തുത അക്കൗണ്ടുകൾ അവസാനിക്കുന്നതുവരെ പലിശയിനത്തിൽ വൻതുക നഷ്ടമുണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായപ്പോൾ തന്നെ നടപടി സ്വീകരിച്ചിരുന്നെങ്കിൽ ഇതൊഴിവാക്കാമായിരുന്നെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

22. ട്രഷറി പബ്ലിക് അക്കൗണ്ടിൽ (TPA) വർഷങ്ങളായി വിനിമയം നടത്താത്തതു മൂലം പ്രതിവർഷം നല്ലൊരു തുക പലിശയിനത്തിൽ നഷ്ടപ്പെടുന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരുവിധ തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. സർവ്വകലാശാലാധികൃതരുടെ സാമ്പത്തിക കെടുകാര്യസ്ഥതയാണിതിനു കാരണമെന്നും ആയതിനാൽ സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം കർശനമായി നടപ്പാക്കേണ്ടതാണെന്നും പലിശയിനത്തിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട രീതിയിൽ സജീവമല്ലാത്ത അക്കൗണ്ടുകൾ ഉണ്ടെങ്കിൽ അടിയന്തിരമായി അവസാനിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഡി.പി.ഇ.പി. ഗവേഷണ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ

ഡി.പി.ഇ.പി. പരിഷ്ക്കരണത്തിന് മുമ്പ് നിലവിലിരുന്ന അധ്യയന ശൈലികളും പഠനരീതികളും സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സർവ്വകലാശാലയിലെ വിദ്യാഭ്യാസ വകുപ്പ് ഡി.പി.ഇ.പി. സ്റ്റഡി ഓൺ ക്ലാസ് റൂം പ്രാക്ടീസ് എന്ന ഗവേഷണ പദ്ധതി നടത്തി. 3 മാസം കാലാവധിയുണ്ടായിരുന്ന പദ്ധതിക്ക് 3,83,990 രൂപ ചെലവഴിച്ചു. അതിന്റെ കണക്കുകൾ പരിശോധിച്ചതിൽ ഏകദേശം 2,17,200 രൂപയോളം വരുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

ധനസഹായം ലഭിക്കുന്ന ഗവേഷണ പദ്ധതികൾ സർവ്വകലാശാലയുടെ മുൻകൂർ അനുവാദത്തോടുകൂടി മാത്രമേ ഏറ്റെടുക്കാവൂ എന്ന യൂണിവേഴ്സിറ്റിയുടെ 17-4-1983-ലെ Ad F1(2) Misc./83 ഉത്തരവു നിലനിൽക്കേ സർവ്വകലാശാല വിദ്യാഭ്യാസ വകുപ്പ് മേധാവി പദ്ധതി അംഗീകരിച്ചു കിട്ടുന്നതിനായി ഡി.പി.ഇ.പി. അധികൃതരുമായി നേരിട്ട്

ബന്ധപ്പെടുകയായിരുന്നു. ഡി.പി.ഇ.പി. യിൽ നിന്ന് ഗവേഷണത്തിനുളള തുക സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേർക്ക് ലഭിച്ചപ്പോഴാണ് ഈ പദ്ധതിയെപ്പറ്റി സർവ്വകലാശാല അറിയുന്നതുതന്നെ. തുടർന്ന് നടപടിക്രമങ്ങളിലെ അപാകതകൾ പ്രത്യേകം പരാമർശിച്ചുകൊണ്ട് സിൻഡിക്കേറ്റ് അംഗീകാരത്തിനു വിധേയമായി വൈസ് ചാൻസലർ 17-3-1997-ലെ U.O.No. Ad Fi(3)/4193/97 ഉത്തരവു പ്രകാരം പദ്ധതിക്ക് പ്രത്യേക അനുവാദം നൽകി. പദ്ധതിയ്ക്ക് മൂന്ന് ഗഡുക്കളായി അനുവദിച്ച 3,83,990 രൂപ പി.ഡി. അക്കൗണ്ടിൽ ലഭ്യമായ തീയതികളിൽ തന്നെ വിദ്യാഭ്യാസ വകുപ്പ് മേധാവി പണമായി പിൻവലിക്കുകയുണ്ടായി. ധനവിനിയോഗം സംബന്ധിച്ച് അവശ്യം വേണ്ട കണക്കുബുക്കുകൾ എഴുതി സൂക്ഷിച്ചിരുന്നില്ല.

പദ്ധതിയുടെ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന് ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലെ 300 ലോവർ/അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ 60 ഒബ്സർവർമാർ, 20 സൂപ്പർവൈസർമാർ, 4 റിസേർച്ച് അസിസ്റ്റന്റുമാർ എന്നിവരുടെ സേവനം ഉപയോഗിച്ചു നിരീക്ഷണ സർവ്വേ നടത്താൻ പദ്ധതി വിഭാവനം ചെയ്തിരുന്നു. ആയതിലേയ്ക്കാവശ്യമായ വ്യക്തികളുടെ യോഗ്യത, നിയമനരീതി, നിയമന വിവരങ്ങൾ എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച് ആകെ ലഭ്യമായിട്ടുളളത് എം.ഫിൽ വിദ്യാർത്ഥികൾ അടക്കം ചിലർക്ക് ശമ്പളം, അലവൻസുകൾ തുടങ്ങിയവ നൽകിയതായി രേഖപ്പെടുത്തിയ വൗച്ചറുകൾ മാത്രമാണ്. ഈ വൗച്ചറുകളിൽ തന്നെ ചിലതിന്റെ പേര്, ഒപ്പ് എന്നിവയുടെ വിശ്വസനീയത സംശയിക്കപ്പെടുന്നു. ഇത്തരത്തിൽ നൽകിയിട്ടുളള 81,800 രൂപയുടെ വൗച്ചറുകളിൽ സ്വീകർത്താവിന്റേതായി നൽകിയിട്ടുളള ഒപ്പുകൾ വ്യാജമാണെന്നു കാണുന്നു.

പദ്ധതിയുടെ ഭാഗമായി 40,000 രൂപയുടെ ചെലവിൽ ഒരു സെമിനാർ നടത്തിയതായി കാണുന്നു. എന്നാൽ സെമിനാർ നടത്തിയ സ്ഥലം, തീയതി പങ്കെടുത്തവരുടെ വിവരം എന്നിവ ലഭ്യമല്ല. പദ്ധതി 1998 ജനുവരി മാസത്തിൽ പൂർത്തിയായെങ്കിലും "ഹോസ്പിറ്റാലിറ്റി ചാർജ്" ആയി ചെലവായ 2000 രൂപയ്ക്കുളള രണ്ടു രസീതുകളിൽ 1999 മാർച്ചിൽ തുക കൊടുത്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ ഇതു സംബന്ധമായ അച്ചടി ചെലവിനത്തിൽ ഉൾപ്പെടുത്തിയിരുന്ന വൗച്ചറുകളിൽ തിരുത്തൽ നടത്തി 3,210 രൂപയുടെ അധിക ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു.

സർവ്വകലാശാലയുടെ മുഴുവൻ സമയ സേവനത്തിന് ശമ്പളം പറ്റുന്ന ജീവനക്കാർ സമാന്തരമായി ഈ പദ്ധതിയിൽ നിന്നും വൻ തുകകൾ പ്രതിഫലമായി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് മേധാവി തന്നെ മൂന്നു മാസത്തേക്ക് 60,000 രൂപ ചീഫ് ഇൻവെസ്റ്റിഗേറ്റർ എന്ന നിലയ്ക്ക് വേതനം കൈപ്പറ്റിയിരിക്കുന്നു. ഈ ഇനത്തിൽ ആകെ 1,10,200 രൂപ സർവ്വകലാ ശാലയുടെ അനുവാദമില്ലാതെ സർവ്വകലാശാല ജീവനക്കാർ പറ്റിയിട്ടുണ്ട്. സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചു നടത്തിയ ഈ "കൺസൾട്ടൻസി സർവ്വീസിന്" സർവ്വകലാശാലയുടെ നിശ്ചിത തുക ഓവർ ഹെഡ് ചാർജ്ജ് ലഭിക്കേണ്ടിയിരുന്നു. ഈ ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷണ വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 1 (ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./ 05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

24. "ബന്ധപ്പെട്ട ആഡിറ്റ് റിപ്പോർട്ടിൽ ശുപാർശ ചെയ്തതുപോലെ ഈ ഗവേഷണ പദ്ധതിയുടെ നടത്തിപ്പിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി സിൻഡിക്കേറ്റ് ഒരു മൂന്നംഗ സബ് കമ്മിറ്റി രൂപീകരിച്ചു. താഴെപറയുന്നവരായിരുന്നു പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ. ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ, ശ്രീ. ആർ. മോഹൻകുമാർ, ശ്രീ. തോപ്പിൽ ഗോപാലകൃഷ്ണൻ നായർ.

25. സർവകലാശാലയുടെ വിദ്യാഭ്യാസ വകുപ്പിൽ 1997-98 വർഷം ഡി.പി.ഇ.പി.യെ സംബന്ധിച്ച പഠനത്തിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയായ രണ്ടു ലക്ഷത്തിപതിനാറായിരത്തി ഇരുന്നൂറ് രൂപാ ചീഫ് ഇൻവെസ്റ്റിഗേറ്ററും അന്നത്തെ വകുപ്പു മേധാവിയായിരുന്ന ഡോ. വസന്താരാംകുമാറിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ചുവടെ കൊടുത്തിട്ടുള്ള ഉത്തരവുകൾ പ്രകാരം ഈടാക്കിയിട്ടുണ്ട്.

(1) U.O. നമ്പർ. Ad.AIII.1.14168/2000 തീയതി 24-11-2000.

(2) U.O. നമ്പർ. Ad.AIII.1.UGC/1754-2000-00 തീയതി 6-11-2001".

26. ഓഡിറ്റ് പരാമർശമനുസരിച്ച് 2,17,200 രൂപയുടെ ക്രമക്കേട് സംഭവിച്ചതിന് എത്ര രൂപ തിരിച്ചു പിടിച്ചെന്നും ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചെന്നും സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ എന്തു നടപടി സ്വീകരിച്ചെന്നും സമിതി ആരാഞ്ഞതിന് 2,16,200 രൂപ തിരിച്ചു പിടിച്ചിട്ടുണ്ടെന്നും സബ് കമ്മിറ്റി റിപ്പോർട്ട് പ്രകാരമല്ല ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ചാണ് നടപടി എടുത്തിരിക്കുന്നത് എന്നും സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പെൻഷൻ പറ്റിയ ശേഷമാണോ തുക ഈടാക്കിയതെന്ന് സമിതി ആരാഞ്ഞതിന് പെൻഷനിൽ നിന്ന് കുറച്ചിട്ടാണ് കൊടുത്തിരിക്കുന്നത് എന്നും യു.ജി.സി. യുടെ വിവിധ പദ്ധതികൾക്കായി വരുന്ന പണം അതിനായി ചുമതലപ്പെടുത്തുന്നവരുടെ പി.ഡി. അക്കൗണ്ടിലേക്ക് മാറ്റുമെന്നും അവർ ചെലവഴിച്ചതിനുശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും സ്റ്റേറ്റ്മെന്റും നല്കുമെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പദ്ധതി പൂർത്തിയായാൽ ധനസഹായം നല്കിയ സ്ഥാപനത്തിന് ഇതിന്റെ കണക്കും ബാക്കി തുകയും നൽകാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കൊടുക്കേണ്ടതാണെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു.

27. തുക ഈടാക്കിയതു സംബന്ധിച്ച് ഉത്തരവുകൾ ഉൾപ്പെടെ ബന്ധപ്പെട്ട രേഖകളും ഫയലും 15 ദിവസത്തിനുള്ളിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കുവാൻ സർവ്വകലാശാല ഫിനാൻസ് ഓഫീസർക്കും രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ വിവരം സമിതിയെ അറിയിക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതി നിർദ്ദേശം നല്കിയിരുന്നു. 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള 2,18,733 രൂപ ചീഫ് ഇൻവെസ്റ്റിഗേറ്ററും അന്നത്തെ വകുപ്പു മേധാവിയുമായിരുന്ന ഡോ. വസന്താരാംകുമാറിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നുമീടാക്കി സർവ്വകലാശാലയുടെ (KUFB 2535 നമ്പർ) അക്കൗണ്ടിൽ

നിക്ഷേപിച്ചിട്ടുണ്ടെന്നും സർവകലാശാലയുടെ വാല്യൂബിൾ രജിസ്റ്ററിൽ 12-10-2000, 5-2-2002 തീയതികളിൽ ക്രമനമ്പർ 322, 332 ആയി രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

28. ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (5-5-2006-ലെ LF/6359/ Spl.Cell(G1)/05 നമ്പർ കത്തുപ്രകാരം) ലഭ്യമാക്കിയ റിപ്പോർട്ടിലും സർവ്വകലാശാല യ്ക്കുണ്ടായ നഷ്ടം 2,17,200 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം തീർപ്പാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

29. സർവകലാശാലയ്ക്ക് നഷ്ടമായ തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്നു സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ദീർഘകാലം ചാർജ് അലവൻസ് നൽകിയത് അനുവദനീയമല്ല

*(1) ജേണലിസം ഡിപ്പാർട്ട്മെന്റ്*

"ജേണലിസം ഡിപ്പാർട്ട്മെന്റ് റീഡർക്ക് 10/88 മുതൽ 3/97 വരെയുള്ള കാലത്തേക്ക് വകുപ്പു തലവന്റെ അധിക ചുമതല വഹിച്ചതിന് ചാർജ് അലവൻസ് ഇനത്തിൽ 25-4-1998-ൽ 66,631 രൂപ നൽകിയതായി കാണുന്നു. ഇത്തരം അധിക ചുമതല 14 ദിവസത്തിൽ കൂടിയാൽ പരമാവധി 3 മാസത്തേയ്ക്കു മാത്രമേ ചാർജ് അലവൻസിന് അർഹതയുള്ളൂ. [റൂൾ 53 (സി) പാർട്ട് I കെ.എസ്.ആർ.] 3-9-1998-ലെ ജി.ഒ.പി.899/98/ ഫിൻ ഉത്തരവുപ്രകാരം മൂന്നു മാസത്തിലധികം കാലം ചാർജ് അലവൻസ് നൽകുന്നതു യാതൊരു കാരണവശാലും അനുവദനീയമല്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ 66,631 രൂപയിൽ 3 മാസത്തേയ്ക്കുള്ള 1,147 രൂപ കഴിച്ചുള്ള 64,454 രൂപ അനുവദനീയമല്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 1 (ഡി) (2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

30. "കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പ്രൊഫസർ ആന്റ് ഹെഡിന്റെ ചാർജ്ജ് 15-7-1988 മുതൽ ശ്രീ. തങ്കദുരൈയ്ക്ക് നൽകിയിട്ടുണ്ട്. സാധാരണ ചാർജ്ജ് അലവൻസ് 3 മാസത്തേയ്ക്കാണ് നൽകാറുള്ളത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങൾമൂലം പ്രൊഫസറുടെ നിയമനം നടത്താൻ സാധിക്കാതെ വന്നതിനാൽ ചാർജ്ജ് തുടർന്നും നൽകേണ്ടിവന്നു. ഇതിനുള്ള അധികാരം സർവകലാശാലയ്ക്ക് 1977 ഒന്നാം സ്റ്റാറ്റ്യൂട്ടിലെ 3-ാം അധ്യായത്തിൽ 16-ാം വകുപ്പുപ്രകാരം ഉണ്ട്."

**ഓഡിറ്റ് ഖണ്ഡിക**

ദീർഘകാലം ചാർജ് അലവൻസ് നൽകിയത് അനുവദനീയമല്ല

(2) *എഞ്ചിനീയറിംഗ് സബ് ഡിവിഷൻ I & II*

"എഞ്ചിനീയറിംഗ് സബ് ഡിവിഷൻ I & II എന്നിവയിലെ വർക്ക് സൂപ്രണ്ടുമാർക്ക് ഓവർസീയർ ഗ്രേഡ്-1-ന്റെ ചുമതല വഹിച്ചതിൽ മൂന്നു മാസത്തിലധികം ചാർജ്ജ് അലവൻസ് അനുവദിച്ചതായി കാണുന്നു. ഇപ്രകാരം മൂന്നു മാസത്തിനപ്പുറം ഇവർക്ക് ചാർജ്ജ് അലവൻസും അതിന്മേൽ ക്ഷാമബത്തയും ആയി നൽകിയ 27,270 രൂപ അനുവദനീയമല്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 1 (ഡി) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ കേരള സർവ്വകലാശാല രജിസ്ട്രാറുടെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:—

31. "ഗവണ്മെന്റ് ഓഡിറ്ററുടെ നിർദ്ദേശാനുസരണം ഫുൾ അഡീഷണൽ ചാർജ്ജ് നൽകിയ മൂന്ന് വർക്ക് സൂപ്രണ്ടുമാരിൽ നിന്നും 2,900 രൂപ വീതം 22-8-2001 തീയതിയിലെ ഉത്തരവ് No.Ad.DII.1.2718/95 പ്രകാരം യൂണിവേഴ്സിറ്റി വസൂലാക്കിയിട്ടുണ്ട്. ആയതിനാൽ ഇതുവഴിയുണ്ടായി എന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള നഷ്ടം പരിഹൃതമായിട്ടുണ്ട്."

32. ശ്രീ. തങ്കദുരൈയ്ക്ക് മൂന്നു മാസത്തിൽ കൂടുതൽ ചാർജ്ജ് അലവൻസ് നൽകിയത് ഏത് ഉത്തരവ് ആണെന്നും ടിയാന് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് അധിക ചുമതലയുടെ കാലാവധി നീട്ടിക്കൊടുക്കുവാനുള്ള അധികാരം സർവ്വകലാശാലയ്ക്കുണ്ടെന്നും എന്നാൽ ചാർജ്ജ് അലവൻസ് മൂന്നു മാസത്തിനുശേഷം കൊടുക്കാനുള്ള അധികാരമില്ലെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

33. ധനകാര്യ വകുപ്പിന്റെ ഉത്തരവും കെ.എസ്.ആറും മറികടന്നുകൊണ്ട് അനുവദനീയമായ കാലാവധിക്കപ്പുറം ചാർജ്ജ് അലവൻസ് നൽകിയത് ക്രമവിരുദ്ധമാണെന്നും പ്രസ്തുത തുക ഈടാക്കാതെ എൻ.എൽ.സി.കൊടുത്ത ഉദ്യോഗസ്ഥനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടെന്നും അതിനാൽ ചാർജ് അലവൻസും, ക്ഷാമബത്തയുമടക്കം അധികമായി നൽകിയ 27,270 രൂപയിൽ 8,700 രൂപ കഴിച്ച് ബാക്കി തുക അടിയന്തിരമായി ഈടാക്കുവാൻ സമിതി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു.

34. തുടർന്ന് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിയമസഭാ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെ തന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

35. ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുടെ 25-5-2006-ലെ (26430/B3/05/ ഉ.വി.വ.നമ്പർ കത്ത് പ്രകാരം) മറുപടിയിൽ ശ്രീ. തങ്കദുരൈ അടുത്തൂൺ പറ്റി പിരിഞ്ഞിട്ട് ദശകം കഴിഞ്ഞതിനാൽ കൂടുതലായി നൽകി എന്ന് പറയപ്പെടുന്ന തുക അടയ്ക്കാൻ കഴിയില്ലാ എന്നും ഇതു പരിശോധിച്ച സിൻഡിക്കേറ്റ് ഈ മറുപടി സർക്കാർ ഓഡിറ്ററെ അറിയിക്കാൻ നിർദ്ദേശിച്ചെന്നും എഞ്ചിനീയറിംഗ് സബ് ഡിവിഷനിൽ അധികമായി നൽകിയ തുക ഇതിനകം തന്നെ ഈടാക്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

36. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 5-5-2006-ലെ LF16359/Spl. Cell (G)/05 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ ജേർണലിസം ഡിപ്പാർട്ടുമെന്റിൽ അധികം തുക നൽകിയത് സംബന്ധിച്ച സർവ്വകലാശാലയുടെ മറുപടി പരിഗണിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്നും എഞ്ചിനീയറിംഗ് സബ് ഡിവിഷനിൽ അധികം നൽകിയ തുക തിരിച്ചുപിടിച്ചതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

37. ജേർണലിസം ഡിപ്പാർട്ടുമെന്റിലെ റീഡറായിരുന്ന ശ്രീ. തങ്കദുരൈ പെൻഷനായി 10 വർഷത്തിലേറെയായതിനാൽ ടിയാന് അധികമായി നൽകിയ ചാർജ് അലവൻസ് തിരിച്ചുപിടിക്കാനാവില്ല എന്ന മറുപടിയാണ് സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുകയും പിന്നീട് സമയപരിധി കഴിഞ്ഞതിനാൽ തിരിച്ചുപിടിക്കാൻ കഴിയില്ലെന്ന ന്യായീകരണം നൽകുകയും ചെയ്ത സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാനാവില്ല. സർവ്വകലാശാലയിലെ ഭരണതലത്തിലെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണിതിൽ പ്രകടമാക്കുന്നതെന്നും ആയതിനാൽ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കുകയും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ അടിയന്തിര നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38. നിലവിലുള്ള ചട്ടങ്ങൾക്കു വിരുദ്ധമായി അധികം തുക അനുവദിക്കുകയും ആയത് തിരിച്ചുപിടിക്കാതെ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഉത്തരവാദിയെന്നും ആയതിനാൽ പ്രസ്തുത തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. എഞ്ചിനിയറിംഗ് സബ് ഡിവിഷനിൽ അധികം നൽകിയ ചാർജ്ജ് അലവൻസ് തിരിച്ചുപിടിച്ചിട്ടുണ്ടെന്ന മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്നും ശുപാർശ ചെയ്യുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാവിധ പരിശോധനയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പണാപഹരണം ജില്ലാ ഓഫീസ്-കം-ഇൻഫർമേഷൻ സെന്റർ, പന്തളം

യൂണിവേഴ്സിറ്റിയുടെ പന്തളം ജില്ലാ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിൽ ഫോറങ്ങളുടെ വിറ്റുവരവിനത്തിൽ ലഭിച്ച തുകയിൽ നിന്നും 2,59,406 രൂപ അപഹരിച്ച തായി കണ്ടെത്തി.

ഫാറങ്ങളുടെ വിറ്റുവരവിനത്തിൽ ലഭിച്ച തുകകൾ ഭാഗികമായി മാത്രം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ചാണ് ഈ തിരിമറി നടത്തിയത്. ഫാറങ്ങളുടെ സ്റ്റോക്ക്, വിൽപ്പന എന്നിവ നിർദ്ദിഷ്ട അധികാരികളെക്കൊണ്ട് പരിശോധിപ്പിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

പന്തളം സെന്ററിന്റെ ആരംഭം മുതലുള്ള കണക്കുകൾ പരിശോധിച്ച് ഫോറങ്ങ ളുടെ വിറ്റുവരവു മുഖേന ലഭിക്കേണ്ടിയിരുന്ന പണം മുഴുവനും യൂണിവേഴ്സിറ്റി ഫണ്ടിൽ വന്നു ചേർന്നിട്ടുണ്ടോ എന്ന് വിശദമായി അന്വേഷിക്കേണ്ടതും തിരിമറി നടത്തിയ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക.VI 1 (ഇ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ. എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

40. "ഗവൺമെന്റ് ആഡിറ്ററുടെ നിർദ്ദേശപ്രകാരം ശ്രീ. സി. ജയിംസ്, അസിസ്റ്റന്റ് ഗ്രേഡ്-I, 1,46,063 രൂപ (ഒരു ലക്ഷത്തി നാലപ്പത്തി ആറായിരത്തി അറുപത്തി മൂന്നു രൂപ) കെ.യു.എഫിൽ 2000 മാർച്ചിൽ അടച്ചു. തുടർ നടപടിയുടെ ഭാഗമായി ഒരു അന്വേഷണ കമ്മിറ്റിയെ ശ്രീ. സി. ജയിംസ് നടത്തിയ സാമ്പത്തിക തിരിമറിയെപ്പറ്റി വിശദമായ അന്വേഷണം നടത്താൻ നിയോഗിച്ചു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ ടിയാൾ നടത്തിയ പണാപഹരണത്തിന് പിഴപ്പലിശയായി 59,886 രൂപ (അൻപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി എൺപത്തി ആറു രൂപ) കൂടി കെ.യു.എഫിൽ അടയ്ക്കാൻ ശുപാർശ ചെയ്തു.

41. പ്രസ്തുത ശുപാർശ പ്രകാരം ശ്രീ. സി. ജയിംസ് 59,886 രൂപ (അൻപത്തൊൻ പതിനായിരത്തി എണ്ണൂറ്റി എൺപത്തിയാറ് രൂപ) പിഴപ്പലിശയായി കെ.യു.എഫിൽ അടയ്ക്കണമെന്ന് പല തവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ടിയാൻ അപ്രകാരം ചെയ്തില്ല. ഇതിനിടയിൽ അദ്ദേഹം സാധാരണ രീതിയിലുള്ള അധിവർഷം പെൻഷനിൽ കടക്കുകയും ചെയ്തു. ആയതിനാൽ ബന്ധപ്പെട്ട സെക്ഷനോട് അദ്ദേഹം കെ.യു.എഫിൽ അടയ്ക്കേണ്ട 59,886 രൂപ (അൻപത്തൊൻപതിനായിരത്തി എണ്ണൂറ്റി എൺപത്തിയാറ് രൂപ) അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് പിടിച്ചെടുക്കാൻ ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ഗ്രാറ്റുവിറ്റി തുക നൽകുന്ന സമയത്ത് പിടിച്ചെ ടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്"

42. പ്രസ്തുത പണാപഹരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഗ്രാറ്റുവിറ്റി തടഞ്ഞുവച്ചിട്ടുണ്ടെന്നും പെൻഷൻ നൽകിയെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. ഗ്രാറ്റുവിറ്റിയിൽ നിന്നും തുക ഈടാക്കുവാനായി പ്രസ്തുത തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

43. പ്രസ്തുത തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് നോട്ടീസ് കൊടുത്ത് ഒരു മാസത്തിനുള്ളിൽ തുക ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

44. തുടർന്ന് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പരാമർശത്തിന്മേൽ നിയമസഭാ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെ തന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

45. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 5-5-2006-ലെ L.F.16359/Spl. Cell (G)/05 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 59,886 രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

46. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 25-5-2006-ലെ 26430/ബി3/05/ ഉ.വി.വ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലും സർവ്വകലാശാല മുമ്പു തന്ന റിപ്പോർട്ട് ആവർത്തിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

47. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുന്നതിനോ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ തിരുത്തുന്നതിനോ സർവ്വകലാശാല അധികൃതർ യാതൊരു വിധത്തിലുള്ള ഉത്തരവാദിത്വവും കാണിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു.

48. നിയമസഭാ സമിതി തെളിവെടുപ്പിനുശേഷമാണ് പ്രസ്തുത സംഭവം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ വരുന്നത്. 26-10-2005-ലെ തെളിവെടുപ്പിൽ ഇതു സംബന്ധിച്ച സമിതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കാതെ അലംഭാവം തുടരുന്നതായാണ് റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.

49. സമിതിക്ക് തെളിവെടുപ്പുയോഗത്തിൽ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഉത്തരവാദിയായ ശ്രീ. സി. ജയിംസ് സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട തുക അടച്ചിട്ടുണ്ടെന്നും പലിശ അടച്ചിട്ടില്ലാത്തതിനാൽ 28-2-2002-ൽ റിട്ടയർ ചെയ്ത ടിയാന് പിഴപ്പലിശയിനത്തിലുള്ള 59,886 രൂപ ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നീടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നാണറിയിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് ലഭ്യമാക്കിയ റിപ്പോർട്ടിൽ പിഴപ്പലിശ ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ഈടാക്കണമെന്ന സമിതി നിർദ്ദേശം

സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്നാണ് അറിയിച്ചിട്ടുള്ളത്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത് 4 വർഷമായിട്ടും പ്രസ്തുത തുക ഈടാക്കിയിട്ടില്ലെന്ന മറുപടി സർവ്വകലാശാല അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും ആയതിനാൽ തുക 3 മാസത്തിനുള്ളിൽ ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

50. തുക ഈടാക്കാൻ ഇതുവരെയും നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

51. ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനാലാണ് ഇത് കൃത്യസമയത്ത് കണ്ടുപിടിക്കാതിരുന്നതെന്നതിനാൽ പ്രസ്തുത ഉന്നത ഉദ്യോഗസ്ഥനെതിരെയും ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. സർവ്വകലാശാലയുടെ ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച സമിതി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളാണ് സർവ്വകലാശാലയിൽ നടന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയിട്ടും സർവ്വകലാശാലയോട് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അന്വേഷിക്കാതെയും സർവ്വകലാശാല അധികൃതർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ യാതൊരു പരിശോധനയും നടത്താതെ പ്രസ്തുത റിപ്പോർട്ട് അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഔദ്യോഗിക യാത്ര—അനുവദനീയമല്ലാത്ത യാത്രാബത്ത

ഒരു സ്ഥലത്തേയ്ക്കുള്ള ഔദ്യോഗിക ആവശ്യത്തിനായുള്ള യാത്രയ്ക്ക് യാത്രയുടെ ആരംഭത്തിൽ വാസസ്ഥലത്തു നിന്നുള്ള യാത്രയും അവസാനത്തിൽ മടക്കയാത്രയ്ക്കുള്ള യാത്രാബത്തയും ഇടയ്ക്കുള്ള ദിവസങ്ങളിലെ തുടർച്ചയായ താമസത്തിന് ദിനബത്തയും ഉൾപ്പെടെയുള്ള യാത്രാപടിയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ചില സിൻഡിക്കേറ്റ് അംഗങ്ങൾ ഒരേ സ്ഥലത്തേയ്ക്കുള്ള യാത്രയ്ക്കും തുടർച്ചയായ ഹാൾട്ടിനും ദിനംതോറും വാസസ്ഥലത്തു നിന്നു പോയി മടങ്ങിവരുന്നതായി കാണിച്ചു അതിൻപ്രകാരം ദിനംതോറും യാത്രാബത്ത, ദിനബത്ത ഉൾപ്പെടെയുള്ള യാത്രപ്പടി വാങ്ങുന്നതായി ബില്ലുകളിൽ കാണുന്നു. ഇത്തരത്തിൽ 1997-98 വർഷത്തിൽ പല സിൻഡിക്കേറ്റ് അംഗങ്ങൾക്കുമായി 42,842 രൂപ അധികം നൽകുന്നുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക.VI.1.(എച്ച്)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

53. "KSR-ലെ പ്രസ്തുത വകുപ്പുകൾ സർക്കാർ ഉദ്യോഗസ്ഥരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. സിൻഡിക്കേറ്റ് പോലുള്ള സർവ്വകലാശാലാ ഭരണസമിതിയിലെ അംഗങ്ങളെ സർക്കാർ ഉദ്യോഗസ്ഥരായി പരിഗണിക്കുന്നതും ഈ വകുപ്പുകൾ ബാധകമാക്കുന്നതും ശരിയല്ല.

54. അടുത്തടുത്ത ദിവസങ്ങളിൽ കൂടുന്ന യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിൻഡിക്കേറ്റ് കമ്മിറ്റിയ്ക്ക് എല്ലാ ദിവസത്തേയും ടി.എ. കൊടുക്കാൻ പാടില്ല എന്ന KSR-ലെ പ്രസക്ത വകുപ്പിൽ നിന്നും സിൻഡിക്കേറ്റ് അംഗങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് അനുസരിച്ചാണ് സിൻഡിക്കേറ്റ് അംഗങ്ങളുടെ യാത്രപ്പടി ബില്ലുകൾ പാസ്സാക്കിയിട്ടുള്ളത്."

55. സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യാത്രാബത്ത നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്തരവുകൾ എന്തെങ്കിലും ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വ്യക്തമായ ഉത്തരവുകൾ ഒന്നുമില്ലായെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

56. നിയമവിരുദ്ധമായി നൽകിയ യാത്രാബത്ത ബന്ധപ്പെട്ട സിൻഡിക്കേറ്റംഗങ്ങളിൽ നിന്ന് ഈടാക്കി മുപ്പത് ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തെ തുടർന്ന് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തിരുമാനം ഉടനെതന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 5-5-2006-ലെ L.F.16359/Spl. Cell (G1)/05 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അനധികൃതമായി നൽകിയ യാത്രാബത്ത 42842 രൂപ തിരിച്ചുപിടിക്കാൻ കഴിയില്ലായെന്ന് സർവ്വകലാശാല തന്നെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

57. ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 25-5-2006-ലെ 26430/ബി3/05/ഉ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇതുവരെ നൽകിയ തുക തിരികെ ഈടാക്കാൻ ബുദ്ധിമുട്ടാണെന്നും മേലിൽ ഇതു തുടരേണ്ടതില്ലെന്നും തീരുമാനിച്ചുവെന്നും ആയതിനാൽ ടി പരാമർശം പിൻവലിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

58. യാത്രാബത്ത അനുവദിക്കുന്നതിന് നിയന്ത്രണം അത്യന്താപേക്ഷിതമാണെന്നും സിൻഡിക്കേറ്റംഗങ്ങൾക്ക് ദിനംപ്രതി യത്രാബത്ത നൽകിയത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

59. യാത്രാബത്ത നൽകുന്നതിന് നിലവിലുള്ള രീതി തുടരേണ്ടതില്ലെന്ന സർവ്വകലാശാലയുടെ തീരുമാനം അംഗീകരിക്കുന്നതോടൊപ്പം തുടർച്ചയായ സിൻഡിക്കേറ്റ് യോഗങ്ങൾക്ക് ഹാജരാകുന്ന അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യ ദിവസവും അവസാനിക്കുന്ന ദിവസവും മാത്രമേ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും രണ്ടു യോഗങ്ങൾ തമ്മിൽ നിശ്ചിത ദിവസത്തിന്റെ അന്തരമുണ്ടെങ്കിൽ മാത്രമേ യാത്രാബത്ത അനുവദിക്കുകയുള്ളൂവെന്നും വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് തലത്തിൽ നിർദ്ദേശമുണ്ടാകണമെന്നും അതനുസരിച്ച് സർവ്വകലാശാല ഉത്തരവിറക്കണമെന്നും ആയതിന്റെ പകർപ്പു സമിതിയ്ക്കും ലോക്കൽ ഫണ്ട് ഓഡിറ്റിനും ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വാഹനങ്ങളുടെ ലോഗ്ബുക്ക് എഴുതുന്നതിലെ അപാകതകൾ

"സർക്കാർ വക വാഹനങ്ങളുടെ പൂർണ്ണവിവരങ്ങൾ പ്രതിഫലിപ്പിക്കേണ്ട ലോഗ്ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ലോഗ്ബുക്കിൽ 5-ാം കോളത്തിൽ അവശ്യം രേഖപ്പെടുത്തിയിരിക്കേണ്ട യാത്രോദ്ദേശ്യം ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ല. യാത്രയുടെ ആധികാരികത സമർത്ഥിക്കുന്നതിന് യാത്ര നടത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ടിരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായും കാണുന്നില്ല. ഈ സാഹചര്യങ്ങളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഔദ്യോഗികാവശ്യങ്ങൾക്ക് മാത്രമാണ് വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നു ഉറപ്പുവരുത്താൻ കഴിയുന്നില്ല."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക. VI.1. (ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി.//05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

60. "ലോഗ് ബുക്ക് എഴുതുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഓഡിറ്റർ നൽകിയ നിർദ്ദേശങ്ങൾ അതേപടി പാലിക്കുവാനും മേലിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കാനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡ്രൈവർമാർക്കും മറ്റുദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ No.Ad.AIV/2/04 dated, 1-6-2004) ടി. സർക്കുലർ പ്രകാരം ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുവാനും കൃത്യസമയത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം ഔദ്യോഗിക പദവി/യാത്രയുടെ ഉദ്ദേശം വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ ഇവ ലോഗ്ബുക്കിലെ നിർദ്ദിഷ്ട സ്ഥലത്ത് രേഖപ്പെടുത്തണമെന്നും വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ ഒപ്പിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

61. നിയമന നിരോധന ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്ഥിരം ഉദ്യോഗസ്ഥരെയും ഡ്രൈവർമാരേയും നിയമിക്കുന്നതിനുള്ള തടസ്സം ഒരു വലിയ പരിധിവരെ ഇത്തരം ജോലികൾ കൃത്യമായി നിർവഹിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

62. വാഹനങ്ങളുടെ ലോഗ്ബുക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും ഓഡിറ്റിന് അവ കൃത്യമായി ഹാജരാക്കണമെന്നുമുള്ള നിർദ്ദേശത്തോടെ സർവ്വകലാശാല നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് ഖണ്ഡിക**

ധനവിനിയോഗം-ഉദ്ദേശ്യം വ്യക്തമല്ല.

കേരള സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമാണ് അന്തർദ്ദേശീയ കേരള പഠന കേന്ദ്രം കേരള പഠനത്തിൽ ഗവേഷണം നടത്തി മോണോ ഗ്രാഫുകൾ തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നാലു റിസർച്ച് ഫെലോകളും മൂന്നു റിസർച്ചേഴ്സും കലാകാരന്മാരെയും വിവിധ വിഷയങ്ങ ളിൽ വിവരങ്ങൾ നൽകാൻ അറിവുള്ളവരെയും സമീപിച്ച് ശേഖരിയ്ക്കുന്ന വസ്തുത കൾക്ക് നൽകുന്നതിനുള്ള പ്രതിഫലമായി 1,17,600 രൂപ അനുവദിച്ചിരുന്നു.

എന്നാൽ ഈ തുക ചെലവു ചെയ്ത രേഖകൾ പരിശോധിച്ചപ്പോൾ ഏതൊക്കെ കലാകാരന്മാർക്ക് എന്തെന്ത് സേവനങ്ങൾക്ക് ഏത് മാനദണ്ഡത്തിൽ തുക അനുവദിച്ചു എന്നു വ്യക്തമാകുന്നില്ല. അതിനാവശ്യമായ വിവരങ്ങൾ വൗച്ചറുകളിൽ നിന്നും ലഭ്യമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക. VI.1. (ഡി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

63. "ഈ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ഗവേഷണ ജീവനക്കാർ വിവരസമ്പാദ നത്തിനുവേണ്ടിയും കലാകാരന്മാരെ ഉപയോഗിച്ച് കലാവതരണം നടത്തുന്നതിനും വേണ്ടിയാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്. ഈ കേന്ദ്രത്തിലെ പ്രവർത്തനത്തിന്റെ ഭാഗമാണ് പ്രാദേശിക വിദഗ്ദ്ധന്മാരിൽ നിന്നുള്ള വിവര സമ്പാദനവും കലാകാരന്മാരെ ഉപയോഗിച്ചുള്ള അവതരണ കലാശേഖരവും ഗവേഷണ പഠന പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ഇതില്ലാതെ ഇവിടത്തെ ഗവേഷണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല."

64. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട അന്തർദ്ദേശീയ പഠന കേന്ദ്രത്തിലെ ഗവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പ്രസ്തുത തടസ്സം തീർപ്പാക്കാനും സമിതി നിർദ്ദേശിച്ചു.

65. സമിതി നിർദ്ദേശ പ്രകാരം വിശദമായ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഗവൺമെന്റ് ഓഡിറ്റർക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് 24-11-2005-ലെ ഒ.എ.ഡി.3/ എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നത്. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 5-5-2006-ലെ L.F.16359/Spl. Cell (G1)/05 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പുനഃപരിശോധനാ റിപ്പോർട്ടിൽ സർവ്വകലാശാല സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ ധനവിനിയോഗത്തി

ലുണ്ടായ അവ്യക്തത നീക്കുന്നതിനാവശ്യമായ രണ്ടുത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള തായി കാണുന്നുണ്ടെന്നും ആയതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാ വുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

66. ഓഡിറ്റ് തടസ്സം ഒഴിവാക്കിയ സാഹചര്യത്തിൽ സമിതി ഈ ഖണ്ഡികയി ന്മേൽ പരാമർശം നടത്തുന്നില്ല.

**ഓഡിറ്റ് ഖണ്ഡിക**

സർവ്വീസ് ഇൻസ്ട്രുമെന്റേഷൻ സെന്റർ-ഉദ്ദേശം ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ല.

യൂണിവേഴ്സിറ്റിയുടെ അധീനതയിൽ വരുന്ന അധ്യയ/അധ്യയനേതര വകുപ്പു കളിലെ വിവിധ തരത്തിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുവാൻ 1981-ൽ ഈ വകുപ്പ് പ്രവർത്തനം ആരംഭിച്ചു. 1998-99-ൽ ഈ വകുപ്പിന്റെ ശമ്പള ഇനത്തിലെ ചെലവ് 10,19,522 രൂപയാണ്.

എന്നാൽ യൂണിവേഴ്സിറ്റിയുടെ വിവിധ വകുപ്പുകളുടെ ഉപയോഗത്തിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നത് സ്വകാര്യ ഏജൻസികളാണ്. ശമ്പള ഇനത്തിൽ മാത്രം ഇത്രയധികം പണം ചെലവഴിക്കുന്ന ഒരു വകുപ്പിൽ നിന്നും പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുന്നത് സർവ്വകലാശാലയുടെ നല്ല സാമ്പത്തിക താൽപ്പര്യങ്ങൾക്ക് അനുയോജ്യമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക.VI.1.(ഇ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

67. “സർവ്വകലാശാല ധനസഹായ കമ്മിഷന്റെ നിർദ്ദേശത്തോടെയും മുഴുവൻ സാമ്പത്തിക സഹായത്തോടെയും 1977-ൽ സ്ഥാപിതമായ യു.എസ്.ഐ.സി.സെന്ററിന്റെ ഉന്നമനത്തിനായി കാലാകാലങ്ങളിൽ യു.ജി.സി. തന്നിരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല. തൽഫലമായി യു.ജി.സി.യിൽ നിന്നും സാമ്പത്തിക സഹായങ്ങളും ലഭ്യമായിട്ടില്ല.

68. പരിണിത ഫലമായി, യു.ജി.സി.യുടെ നിർദ്ദേശ പ്രകാരം ജീവനക്കാരുടെ അംഗബലം 30 പേർ എന്നിരിയ്ക്കെ ഇത്രയും പേർ കൈകാര്യം ചെയ്യേണ്ട ബഹുവിധ ങ്ങളായ ജോലികൾ ചെയ്യാനായി ഈ സെന്ററിൽ ഇപ്പോൾ ഉള്ളത് 5 പേർ മാത്രമാണ്. ഇതാകട്ടെ തുടക്കത്തിലുണ്ടായിരുന്നതിന്റെ പകുതിയും. പ്രീഡിഗ്രി വേർപെടുത്തലുമായി ബന്ധപ്പെട്ട് സർക്കാർ ഏർപ്പെടുത്തിയ നിയമന നിരോധനം കാരണം പുതുതായി ഒരു നിയമനവും നടത്താൻ സാധിച്ചിട്ടില്ല. റിട്ടയർമെന്റ് ഒഴിവുകൾപോലും നികത്തപ്പെടാനാ വാതെ കിടക്കുന്നു.

69. ഈ സെന്റർ സ്ഥാപിക്കുമ്പോൾ ഉണ്ടായിരുന്ന ഡിപ്പാർട്ടുമെന്റുകളുടെയും ഗുണഭോക്താക്കളുടെയും എണ്ണം ഇരട്ടിയാവുകയും കൈകാര്യം ചെയ്യേണ്ട മേഖലയിലെ സാങ്കേതികത സങ്കീർണ്ണമാവുകയും ചെയ്തപ്പോൾ ഈ സെന്ററിന്റെ അംഗബലം ആദ്യമുണ്ടായിരുന്നതിന്റെ പകുതിയായി കുറഞ്ഞു.

70. ഈ അവസരത്തിലും നെറ്റുവർക്കിംഗ് പോലുള്ള നൂതന മേഖലകളിലും യു.എസ്.ഐ.സി. ഇടപെട്ടു പ്രവർത്തിക്കുന്നുവെന്നും സാമ്പത്തികമായി സർവ്വകലാശാ ലയ്ക്കു ലാഭമുണ്ടാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നതും ശ്രദ്ധേ യമാണ്.''

71. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് അഭിപ്രായമെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത യൂണിറ്റിൽ ജോലി ചെയ്യാൻ 30 പേർ വേണ്ടിടത്ത് 5 പേർ മാത്രമാണുള്ളതെന്നും അതുകൊണ്ടാണ് സ്വകാര്യ ഏജൻസികളെക്കൊണ്ട് ചെയ്യിച്ചത് എന്നും പുതിയതായി നിയമിക്കുന്നതിന് നിരോധനം ഉണ്ടായിരുന്നെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ അഞ്ചു പേർക്ക് ശമ്പളം നൽകുകയും പണികൾ സ്വകാര്യ വ്യക്തികൾക്ക് നൽകുകയും ചെയ്യുന്നതിലൂടെ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം ഒഴിവാക്കുന്നതിനായി ടി സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശി ച്ചിരുന്നു.

72. സമിതി നിർദ്ദേശ പ്രകാരം 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

73. സർവ്വകലാശാലയിലെ ശാസ്ത്ര സംബന്ധിയായ ഉപകരണങ്ങളുടെ കേടു പാടുകൾ സ്വന്തം നിലയിലോ മറ്റു ഏജൻസിയുടെ സഹായത്തോടെയോ തീർക്കുകയെ ന്നതാണ് യു.എസ്.ഐ.സി.യുടെ പ്രഥമ കടമയായി യു.ജി.സി. നിർവചിച്ചിരിക്കുന്നത്.

74. വർഷത്തിൽ മൂന്നോ നാലോ പ്രാവശ്യം ആവശ്യമായ വരുന്നതരം ജോലി കൾ നിർവ്വഹിക്കുന്നതിന് സ്വന്തമായി സംവിധാനം ഉണ്ടാക്കാതെ പുറത്തുകൊടുത്തു ചെയ്യിക്കുന്നത് സാങ്കേതിക മേഖലയിൽ സാമ്പത്തികമായി അഭികാമ്യമാണ്. ആഗോള വ്യാപകമായി നടക്കുന്ന ഈ സമ്പ്രദായമാണ് യു.എസ്.ഐ.സി.യും പിൻതുടരുന്നതും യു.ജി.സി. നിർവ്വചിച്ചിരിക്കുന്നതും വളരെ വിലപിടിപ്പുള്ള ഒരു ഉപകരണത്തിന്റെ കേടുപാടു തീർക്കാൻ നിസ്സാരവിലയുള്ള ഒരു ഘടകം മാറ്റിവെച്ചാൽ മതിയാകും. കേടായ ഘടകം ഏതെന്നു കണ്ടുപിടിക്കുക എന്നത് സാങ്കേതിക മികവ് ആവശ്യമുള്ളതും ശ്രമകരവുമായ ഒരു പ്രവർത്തിയാണ്. തെറ്റായ ഒരു നീക്കം ഉപകരണത്തെ നശിപ്പിക്കു കയും ചെയ്യും. കേടായ ഒരു ഉപകരണം നന്നാക്കുന്നതിലൂടെ അതിന്റെ വില തന്നെ വീണ്ടെടുക്കുകയാണ്.

75. യു.ജി.സി.യുടെ നിർദ്ദേശ പ്രകാരം 30 പേർ ഉണ്ടായിരിക്കേണ്ട യു.എസ്.ഐ. സി.യിൽ വിവിധ വിഭാഗങ്ങളിലായി 4 പേർ മാത്രമാണുളുളത്. സാങ്കേതിക വിദ്യയുടെ സങ്കീർണ്ണത കൂടിയതുമൂലം യഥാർത്ഥ അംഗസംഖ്യ ഫലത്തിൽ കുറഞ്ഞു.

76. എന്നിരുന്നാലും സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ എഴുന്നൂറോളം കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഒരു ലോക്കൽ ഏരിയ നെറ്റുവർക്കിന്റെ പരിപാലനം യു.എസ്.ഐ.സി. ഏറ്റെടുത്തു നിർവ്വഹിക്കുന്നു.

77. ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്ന ജോലിക്ക് പുറമെ നിർവ്വഹി ക്കുന്ന ഈ ജോലി കൂടാതെ ചില ഹ്രസ്വകാല കോഴ്സുകൾ കൂടി യു.എസ്.ഐ.സി.

നടത്തി. തെക്കെ ഇൻഡ്യയിലെ സർവ്വകലാശാലകളിലെ സാങ്കേതിക വിദഗ്ദ്ധർക്കും സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ അധ്യാപകർക്കുമായി മുംബെയിലെ പശ്ചിമമേഖലാ ഇൻസ്ട്രുമെന്റേഷനുമായി സഹകരിച്ച് ഒരു ആഴ്ച നീണ്ടുനിന്ന ഇൻസ്ട്രുമെന്റ് മെയിന്റനൻസ് കോഴ്സ് നടത്തി. കമ്പ്യൂട്ടർ ഹാർഡുവെയറിന്റെ ഒരു ഹ്രസ്വകാല കോഴ്സ് നടത്താൻ പശ്ചിമമേഖല ഇൻസ്ട്രുമെന്റേഷനുമായി ധാരണയായിട്ടുണ്ട്.

78. അക്കാദമിക് സ്റ്റാഫ് കോളേജിൽ കോളേജ് അധ്യാപകർക്കായി ഊർജ്ജതന്ത്രത്തിൽ നടത്തിയ കോഴ്സിൽ ക്ലാസ്സെടുക്കുകയും പ്രായോഗിക പരിശീലനം കൊടുക്കുകയും ചെയ്തു.

79. രാജ്യവ്യാപകമായി ഊർജ്ജതന്ത്രത്തിൽ ബിരുദാനന്തര ബിരുദതലത്തിൽ കൊടുക്കുന്ന പരീക്ഷണങ്ങൾ സമൂലമായി പുതുക്കാൻ തീരുമാനിച്ചിരിക്കുന്നു. കേരള സർവ്വകലാശാലയിലാണ് ഇതിന്റെ തുടക്കം. ഇതിന്റെ വിഭവ കേന്ദ്രമായി യു.എസ്.ഐ.സി. പ്രവർത്തിയ്ക്കാൻ ധാരണയായിട്ടുണ്ട്.

80. വർക്ക് ഓർഡർ രജിസ്റ്റർ ഉൾപ്പെടെയുള്ള എല്ലാ റിക്കാർഡുകളും ഈ സെന്ററിൽ കൃത്യമായി സൂക്ഷിച്ചുവരുന്നു. ഇത് ഗവൺമെന്റ് ഓഡിറ്റിന് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

81. 2001–2002–ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ യു.എസ്.ഐ.സി.യുടെ മികവാർന്ന പ്രവർത്തനത്തെ അക്കമിട്ടു പ്രശംസിച്ചിരുന്നത് ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

82. ആയതിനാൽ പ്രസ്തുത ആഡിറ്റ് പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.”

83. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാലയുടെ മറുപടിയും രേഖകളും പുനഃപരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 5–5–2006–ലെ L.F.16359/Spl. Cell (G1)/05 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ മറുപടി ഓഡിറ്റ് പരാമർശവുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്നും പ്രസ്തുത സെന്ററിലെ ജീവനക്കാർക്ക് ശമ്പളമിനത്തിൽ വൻതുക ചെലവഴിക്കുവാൻ വിവിധ വകുപ്പുകളിലെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് മറുപടിയിലില്ലെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം പിൻവലിക്കാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

84. ലോക്കൽ ഫണ്ട് ഓഡിറ്റ് പുനഃപരിശോധനയിലും ചൂണ്ടിക്കാട്ടിയ നഷ്ടം ഒഴിവാക്കുവാൻ സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് അനുവദിച്ച 97,00,000 രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാത്തത്

"അന്തർ സർവ്വകലാശാലാ ടൂർണമെന്റുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കുവേണ്ടി 1990-91 കാലയളവു മുതൽ 97,00,000 രൂപ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ടി തുക ക്രമീകരിക്കുന്നതിനു നാളിതുവരെ ബന്ധപ്പെട്ട അധികാരികൾ നടപടികൾ സ്വീകരിക്കാത്തതുമൂലം അധികം നൽകിയ തുകകൾ തിരിച്ചുപിടിക്കാൻ കാലപ്പഴക്കം കൊണ്ട് സാദ്ധ്യമാകാതെ വരുന്നു. ഇതുമൂലം സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടം സംഭവിക്കുന്നു."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .1.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

85. "1997-98 മുതലുള്ള താൽക്കാലിക മുൻകൂർ കൈപ്പറ്റിയ തുക മുഴുവനായി ക്രമീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്."

| | | |
|---|---|---|
| 1. | I/C and I/U tournaments 1996-97 (Vide U.O. No. Ad. DI.3/1550/96/dated 17-07-2002) | Rs. 13,00,000 |
| 2. | I/C and I/U tournament 1997-98 (Vide U.O. No. Ad. D1.3/4039/97/dated 17-06-2002) | Rs. 17,00,000 |
| 3. | Conduct of I/U Power Lifting, Wt. Lifting and Best Physique Competition 1997-98 (Vide U.O. No. Ad. D1.3.359/98/dated 20-02-2004) | Rs. 2,25,000 |
| 4. | University Level Coaching Camp 1997-98 (Vide U.O. No. Ad. D1.3.4033/97/dated 28-2-2004) | Rs. 80,000 |
| 5. | Conduct Inter- University Rowing Competition 1997-98 (Vide U.O. No. Ad. D1.3.1456/98/dated 20-02-2004) | Rs. 1,00,868 |
| 6. | Sports Training Incentive/Sports Talent Scholarship 1997-98 (Vide U.O. No. Ad. D1.3.4091/98/dated 19-2-2004) | Rs. 6,84,400 |
| 7. | Maintenance of Stadium 1998 (Vide U.O. No. Ad. D1.3.15925/98/dated 28-02-2004) | Rs. 40,000 |

| | | |
|---|---|---|
| 8. | I/C and I/U Tournament 1999-2000 (Vide U.O. No. Ad. D1.3.25619/99/dated 13-2-2002) | Rs. 17,00,000 |
| 9. | Conduct of Inter- University Volley Ball Women's 1998-99 (Vide U.O. No. Ad. D1.3/30076/98/dated 1-3-2004) | Rs. 2,00,000 |
| 10. | I/C and I/U Tournament 2000-01 (Vide U.O. No .Ad. D1.3.29879/2000/dated 28-10-2003) | Rs. 12,00,000 |
| 11. | I/C and I/U Tournament 2001-02 (Vide U.O. No. Ad. D1.3.22757/01/dated 10-10-2003) | Rs. 14,00,000 |
| 12. | I/C and I/U Tournaments 1998-99(Vide U.O. No. Ad. D1.3.22366/98/dated 10-2-2004) | Rs. 15,00,000 |
| | Total | Rs. 1,01,30,268 |
| | (ഒരുകോടി ഒരുലക്ഷത്തി മുപ്പതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) | |

86. മേല്പറഞ്ഞ മുൻകൂർ കൈപ്പറ്റിയ തുകകൾ മേൽകാണിച്ചിട്ടുള്ള സർവ്വകലാശാലാ ഉത്തരവുകൾ പ്രകാരം ക്രമീകരിച്ചിട്ടുള്ളതാണ്.".

87. ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള അന്നത്തെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സർവ്വീസിലിരിക്കുമ്പോൾ മരിച്ചുപോയെന്നും ടിയാൻ മുൻകൂറായി കൈപ്പറ്റിയ തുക മുഴുവൻ ക്രമീകരിച്ചിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

88. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം സർവ്വകലാശാലയിലെ രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതിയുടെ നിർദ്ദേശ പ്രകാരം ആവശ്യമായ രേഖകൾ പരിശോധനയ്ക്കായി ഗവൺമെന്റ് ഓഡിറ്റർക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

89. 5-5-2006-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF./6359/Spl. Cell (G1)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 1997-98 മുതലുള്ള 1,01,30,268 രൂപയുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ സർവ്വകലാശാലാ ഉത്തരവുകൾ മറുപടിയ്ക്കൊപ്പം ഹാജരാക്കിയത് പരിശോധിച്ചതിൽ 1990-91 മുതൽ 1998-99 വരെയുള്ള ക്രമീകരിക്കാത്ത 97 ലക്ഷം രൂപയിൽ 1996-97 മുതൽ 1998-99 വരെയുള്ള 58,30,268 രൂപയുടെ മുൻകൂർ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളതെന്നും 1990-1991 മുതൽ 1995-96 വരെയും 1998-99-ലും അനുവദിച്ച 38,69,732 രൂപയുടെ ക്രമീകരണം നടത്തേണ്ടതുണ്ടെന്നും ഈ തുകകൾകൂടി അടിയന്തിരമായി ക്രമീകരിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

90. ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നൽകിയ മുൻകൂർ തുകയിൽ 1990-91 മുതൽ 1995-96 വരെയും 1998-99-ലും അനുവദിച്ച 38,69,732 രൂപ അടിയന്തിരമായി ക്രമീകരിക്കുകയും റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റി യൂണിയൻ കണക്കിലെടുക്കാത്ത വരവുകൾ

"1998-99 വർഷം സർവ്വകലാശാലയുടെ പബ്ളിക്കേഷൻ വകുപ്പ് സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മമെന്റിലേയ്ക്ക് ഗ്രൗണ്ട് വാടക ഇനത്തിൽ അടച്ച 11,400 രൂപ ഉൾപ്പെടെ സ്പോൺസർഷിപ്പ് ഫീസ്, ഗ്രൗണ്ട് വാടക ഇനങ്ങളിലുള്ള പല വരവുകളും കണക്കിലെടുത്തു കാണുന്നില്ല. ഇവയെക്കുറിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .1 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

91. "യൂത്ത് ഫെസ്റ്റിവെൽ, സയൻസ് ഫെസ്റ്റിവെൽ, പുസ്തകപ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും നടത്തുന്നതിനുമായി പ്രത്യേക ഓർഗനൈസിംഗ് കമ്മിറ്റികൾ കാലാകാലങ്ങളിൽ രൂപീകരിക്കാറുണ്ട്. ഈ കമ്മിറ്റികളിൽ സർവ്വകലാശാല യൂണിയൻ പ്രതിനിധികൾ, കോളേജദ്ധ്യാപകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സർവ്വകലാശാല ഭരണസമിതിയിലെ അംഗങ്ങൾ തുടങ്ങിയവരാണുള്ളത്. ഈ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിലാണ് ടി പരിപാടികൾ നടത്തപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വരവ്ചെലവ് കണക്കുകളും ടി കമ്മിറ്റിയാണ് നിയന്ത്രിക്കുന്നത്."

92. മേൽപറഞ്ഞ ഓഡിറ്റ് പരാമർശത്തിന്മേൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്നതിനാൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടത് അത്യാവശ്യമാണെന്നും അത്തരത്തിലുള്ള പരാമർശങ്ങളിന്മേൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

93. 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം സർവ്വകലാശാലാ രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2-12-1997 മുതൽ 10-12-1997 വരെ യൂണിവേഴ്സിറ്റി കോളേജിൽ സർവ്വകലാശാല യൂണിയൻ നടത്തിയ പുസ്തക പ്രദർശനത്തിൽ പ്രകാശനവിഭാഗം നൽകിയ 11,400 രൂപയുടെ തറവാടക പുസതക പ്രദർശനത്തിനുവേണ്ടി ശാലകൾ കെട്ടിയ ചെലവിനത്തിനായി ഉപയോഗിച്ചെന്നാണ് യൂണിയൻ ഭാരവാഹികളിൽ നിന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

94. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 5-5-2006-ലെ LF./6359/Spl. Cell (G1)/05 നമ്പർ കത്തു പ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ സർവ്വകലാശാല ലഭ്യമാക്കിയ റിപ്പോർട്ട് തൃപ്തികരമല്ലെന്നും സ്റ്റുഡൻസ് സർവ്വീസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് വാടകയിനത്തിലടച്ച 11400 രൂപയുൾപ്പെടെയുള്ള വരവുകൾ കണക്കിലെടുക്കാതിരുന്നതിനെപ്പറ്റി അന്വേഷണം നടത്തുകയോ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ലെന്നും ധനാപഹരണം നടന്നതായി സംശയിക്കപ്പെടുന്ന പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം നടത്തി കണ്ടെത്തലുകൾ ഓഡിറ്റിനെ അറിയിക്കണമെന്നുമാണ് ഉള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

95. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുകയും ചെയ്യണമെന്നും ഇതിന്മേൽ എടുത്ത തീർപ്പിനെ സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്/യൂണിവേഴ്സിറ്റി യൂണിയൻ പി.ഡി. അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുകയുടെ വിനിയോഗം കാണിച്ചിട്ടില്ല.

"ഈ വകുപ്പിന്റെ പി.ഡി.അക്കൗണ്ടിൽ നിന്നും 18,560 രൂപ യൂണിവേഴ്സിറ്റി ഫണ്ടിലടക്കുന്നതിന് പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ഫണ്ടിൽ അടച്ചതായി രേഖകളില്ല.

ഇതു കൂടാതെ 9,500 രൂപ കോഷൻ ഡിപ്പോസിറ്റ് തിരിച്ചു നൽകുന്നതിന് പിൻവലിച്ചിട്ടുണ്ടെങ്കിലും അതു തിരികെ കൊടുത്തതിന് രേഖകളൊന്നും ലഭ്യമല്ല."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .1.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

96. "സ്റ്റുഡൻസ് സർവ്വീസസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെപറയുന്ന പരിപാടികളാണ് നടത്തപ്പെടുന്നത്. വിവിധ സർവ്വകലാശാലാ പരീക്ഷകളിലെ റാങ്ക് ജേതാക്കൾക്ക് സ്വർണ്ണം പതക്കങ്ങൾ നൽകുക, യുവജനോത്സവം, നാടകോത്സവം എന്നിവയിലെ വിജയികൾക്ക് സമ്മാനത്തുക നൽകുക, കേരള സർവ്വകലാശാലാ യൂണിയന്റെ വിവിധ പരിപാടികൾ, അന്തർ സർവ്വകലാശാലാ ഡിബേറ്റ് മത്സരം, ദേശീയ തെക്കൻമേഖലാ യുവജനോത്സവങ്ങൾ, നിർധന വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ, നേതൃത്വപരിശീലന ക്യാമ്പുകൾ, എന്നീ ആവശ്യങ്ങൾക്കാണ് പി.ഡി. അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതും വിനിയോഗിക്കുന്നതും."

97. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പുനഃപരിശോധന നടത്തി ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ 5-5-2006-ലെ LF./6359/Spl. Cell (Gl)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച

18,560 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ വരവുവന്നതായോ കോഷൻ ഡിപ്പോസിറ്റ് തിരിച്ചുനൽകാൻ പിൻവലിച്ച 9500 രൂപ വിതരണം നടത്തിയതായോ പരാമർശമില്ല. 18,560 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ വരവു വന്നിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും കോഷൻ ഡിപ്പോസിറ്റ് തുകയായ 9500 രൂപ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

98. 2000-2001-ലെ സമാഹൃത റിപ്പോർട്ടിൽലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചിരിക്കുന്ന സാമ്പത്തിക ക്രമക്കേട് പരിഹരിക്കുന്നതിന് സർവ്വകലാശാല യുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും ഇതു സംബന്ധിച്ച് സമിതിക്കു സമർപ്പിച്ച മറുപടി വെറും ഒരു പ്രസ്താവന മാത്രമാണെന്നും, ഓഡിറ്റിന്റെ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുപോലും കണക്കുകൾ ഹാജരാക്കുവാൻ സർവ്വകലാശാല കൂട്ടാക്കിയിട്ടില്ല എന്നതും വളരെ ഗുരുതരമായ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധപതിപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതോടൊപ്പം പി.ഡി. അക്കൗണ്ടിൽ നിന്നും പണം വിനിയോഗിക്കുന്ന കാരണങ്ങൾ വിവരിച്ചു കൊണ്ടുള്ള പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റി യൂണിയൻ ഹാൾ വാടക വരവു കണക്കിലെടുത്തിട്ടില്ല.

"14-3-2000 മുതൽ 25-08-2000 വരെയുള്ള കാലയളവിൽ ഹാൾ അനുവദിച്ചിട്ടുള്ള 26 അപേക്ഷകരിൽ നിന്നും വാടകയൊന്നും ഈടാക്കിയിട്ടില്ല എന്ന് വിശദീകരിക്ക പ്പെടുന്നുവെങ്കിലും 4 അപേക്ഷകർക്ക് കോഷൻ ഡിപ്പോസിറ്റ് തിരികെ നൽകിയതായി രേഖകൾ കാണുന്നു. പണം സ്വീകരിച്ച് രസീതു നൽകാതെ ഹാൾ അനുവദിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. ഈ ഇനത്തിൽ വരവു പിടിയ്ക്കാത്തതായി കണ്ടെത്തിയിട്ടുള്ളത് 14,080 രൂപയാണ്."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .l(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005 ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

99. "ഹാൾ വാടക കെ.യു.എഫിൽ അടയ്ക്കുകയും ഹാൾ രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 900 (തൊള്ളായിരം) രൂപ അടയ്ക്കാത്തതു സംബന്ധിച്ചത് 18-4-1998-ൽ Kerala Police Association Telecom Branch നൽകിയ വാടക Chalan No.77 പ്രകാരം 18-4-1998-ൽ 300 രൂപ KUFൽ അടച്ചിട്ടുണ്ട്.

അതുപോലെ 3-5-1998-ൽ KFC Officers Association നൽകിയ വാടക Chalan No. 152 പ്രകാരം 29-04-1998-ൽ 300 രൂപ KUF-ലും, 7-5-1998-ൽ Kerala State Tailors Association നൽകിയ വാടക Chalan No. 34 പ്രകാരം 300 രൂപ KUF-ൽ 14-5-1998-ൽ തന്നെ അടച്ചിട്ടുണ്ട്. 90 രൂപ ക്ലീനിംഗ് ചാർജ്ജായി നൽകിയിട്ടുണ്ട്. 14-3-2000 മുതൽ 25-8-2000 വരെ വാടകയായി 14,080 (പതിനാലായിരത്തി എൺപതു) രൂപ ഗവൺമെന്റ് ആഡിറ്റർ കണക്കാക്കിയിരിക്കുന്നത് തെറ്റായിട്ടാണ്. വാടക രസീത് TR 5 Form-ൽ തന്നെ എല്ലാ പാർട്ടികൾക്കും നൽകിയിട്ടുണ്ട്."

100. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 24-11-2005-ലെ സർവ്വകലാശാല രജിസ്ട്രാറുടെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 26-5-1998-ന് മുൻപ് പാർട്ടികൾ ഹാൾവാടക നേരിട്ട് കെ.യു.എഫിൽ അടയ്ക്കുകയും ചെല്ലാൻ രസീത് കൊണ്ടുവരുന്നത് ഓഫീസിൽ സൂക്ഷിക്കുകയുമായിരുന്നു പതിവെന്നും ഇവയെല്ലാം ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഇത് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണെന്നും 14-3-2000 മുതൽ 25-8-2000 വരെ ഹാൾ വാടക നൽകിയവർക്ക് രസീത് നൽകി ഓഫീസിൽ സൂക്ഷിക്കുകയും ഹാൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരിപാടികൾക്കായി 10-12-1986-ലെ DSS/3102/86 നമ്പർ ഉത്തരവ് പ്രകാരം സൗജന്യമായി അനുവദിച്ചിട്ടുണ്ടെന്നും ഹാൾ മുൻകൂട്ടി ബ്ളോക്കു ചെയ്യുന്നവരിൽ നിന്നും വാടക ഈടാക്കില്ലെന്നും സൗജന്യമായി ഹാൾ നൽകിവരുന്നവരുടെ എണ്ണവും മുൻകൂട്ടി ബ്ലോക്കുചെയ്തവരുടെ എണ്ണവും എടുത്തായിരിക്കും 14,080 രൂപയുടെ വരവ് കണക്കാക്കിയിരിക്കുന്നതെന്നും TR5 രസീതും ഹാൾ രജിസ്റ്ററും പുനഃപരിശോധിച്ചാൽ ഇത് വ്യക്തമാക്കാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പുനഃപരിശോധന നടത്തി 5-5-2000-ലെ LF/6359/Spl. Cell (G1)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാല നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം തീർപ്പാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

101. പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് യൂണിവേഴ്സിറ്റി യൂണിയൻ അനുവദിക്കപ്പെട്ട മുൻകൂറുകളിന്മേലുള്ള ചെലവുകൾ

മുൻകൂറായി അനുവദിക്കപ്പെട്ട 3,33,700 രൂപയിൽ മതിയായ രേഖകളുടെ അഭാവത്തിൽ 23,850 രൂപ ഓഡിറ്റിൽ നിരാകരിച്ചു. ഇതുൾപ്പെടെ ചെലവുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാത്ത 2,43,675 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .1.(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-09-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്. എ.സി./2005 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്/യൂണിവേഴ്സിറ്റി യൂണിയൻ യൂണിവേഴ്സിറ്റി യൂണിയന് അനുവദിച്ച മുൻകൂറുകളിന്മേലുള്ള ചെലവ്

സ്റ്റുഡന്റ്സ് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്/യൂണിവേഴ്സിറ്റി യൂണിയൻ യൂണിവേഴ്സിറ്റി യൂണിയന് ആകെ അനുവദിക്കപ്പെട്ട 10 ലക്ഷം രൂപ മുൻകൂറിലെ പല ചെലവുകൾക്കും ഹാജരാക്കപ്പെട്ട ബില്ലുകളും വൗച്ചറുകളും വ്യാജമാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഒരേ സേവനത്തിനുതന്നെ ഒന്നിലധികം തവണ തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സാമ്പത്തിക ധനവിനിയോഗ ചട്ടങ്ങളെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് ചെലവുചെയ്യപ്പെട്ട 3,52,569 രൂപ അംഗീകരിക്കുന്നില്ല.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VI .1. V]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

102. "1997-98, 1998-99, 1999-2000, 2000-01, 2001-02, 2002-03, 2003-04, 2004-05 എന്നീ യൂണിവേഴ്സിറ്റി യൂണിയന് കൊടുത്തിട്ടുള്ള advance-ന്റെ മുഴുവൻ ബില്ലും വൗച്ചറുകളും യൂണിവേഴ്സിറ്റിയുടെ ആഡിറ്റ് വിഭാഗത്തിൽ സമർപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. 2002-ൽ ചെയർ പേഴ്സനായിരുന്ന മഹിഷാ മാഹിൻ മാത്രം ഇനി 5 ലക്ഷം രൂപയുടെ കണക്ക് ഏല്പിക്കാനുണ്ട്. ഇതിൽ ഏതാനും ബില്ലുകൾ കൂടി മാത്രമേ ലഭിക്കാനുള്ളൂ. അതു ലഭിക്കുന്നതിനുവേണ്ടി യൂണിയൻ ഭാരവാഹികൾക്ക് കത്ത് നൽകിയിട്ടുണ്ട്. വൗച്ചറുകൾ ബന്ധപ്പെട്ട സെക്ഷൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ക്രമീകരണത്തിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. "

103. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 24-11-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച മറുപടിയിൽ മുൻകൂർ അനുവദിച്ച തുകയിൽ കുറെയെണ്ണം റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും കുറെയേറെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെന്നും യൂണിവേഴ്സിറ്റി യൂണിയന് അനുവദിച്ച മുൻകൂറുകളുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് നോട്ടീസയച്ചിട്ടുണ്ടെന്നും ബില്ലുകൾ ഹാജരാക്കാമെന്ന് യൂണിയൻ ഭാരവാഹികൾ അറിയിച്ചിട്ടുണ്ടെന്നും ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും 1998-99 വർഷത്തിൽ സർവ്വകലാശാല യൂണിയന് നാലുതവണയായികൊടുത്ത മുൻകൂറുകളിൽ 3 തവണ കൊടുത്തത് റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും ആണ് അറിയിച്ചിട്ടുള്ളത്.

104. സമിതി നിർദ്ദേശ പ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി 5-5-2006-ലെ LF/6359/Spl. Cell (G1)/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ

റിപ്പോർട്ടിൽ മുൻകൂറായി അനുവദിക്കപ്പെട്ട തുകകൾ ഭാഗീകമായി ക്രമീകരിച്ചെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ടെന്നും, ശേഷിക്കുന്നവകൂടി ക്രമീകരിക്കുന്ന മുറയ്ക്ക് ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം ഓഡിറ്റ് ഖണ്ഡിക തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

105. മുൻകൂറായി അനുവദിച്ച തുകയിൽ ഇനിയും ക്രമീകരിക്കാനുള്ളവ അടിയന്തിരമായി ക്രമീകരിച്ച് ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുവാനും സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഇന്റർനാഷണൽ യൂത്ത് ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച്

യൂത്ത് ഹോസ്റ്റൽ നിർമ്മാണത്തിന് 22-10-1999-ലാണ് സിൻഡിക്കേറ്റ് അനുവാദം നൽകിയത്. എന്നാൽ നഗരസഭയുടെ അനുമതി ഇല്ലാതെ അനധികൃതമായി കെട്ടിട നിർമ്മാണം ആരംഭിച്ചതിനാൽ ആയതു നിർത്തിവയ്ക്കുവാൻ കോർപ്പറേഷൻ ആവശ്യപ്പെടുകയും ആയതിലേയ്ക്ക് 26,708 രൂപ കോമ്പൗണ്ടിംഗ് ഫീസ് അടച്ച് നിർമ്മാണം പുനരാരംഭിക്കുകയും ഉണ്ടായി. അധികാരികളുടെ അനാസ്ഥമൂലം യൂണിവേഴ്സിറ്റിക്ക് നഷ്ടമായ ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.1.1.(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

106. സർവ്വകലാശാല വജ്രജൂബിലിയോട് അനുബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത തുക ഉപയോഗിച്ചാണ് ഇന്റർനാഷണൽ യൂത്ത് ഹോസ്റ്റൽ നിർമ്മിച്ചത്. 1984-ലെ കേരളാ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് പൊതുജനാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മിതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചാൽ മാത്രം മതിയെന്നുള്ള ഉത്തമ വിശ്വാസത്തിലായിരുന്നു സർവ്വകലാശാല. എന്നാൽ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ തുടരെത്തുടരെയുള്ള എഴുത്തുകുത്തുകളെ തുടർന്ന് 7,500 രൂപവീതം കരുതൽ ഫീസായും നിർമ്മാണ ലൈസൻസ് ഫീസായും 17,802 രൂപ എക്സംഷൻ ഫീസായും അടയ്ക്കേണ്ടിവന്നു.

107. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഉത്തരവുപ്രകാരം സർക്കാരിന് ഇളവു നൽകാനുള്ള അധികാരം വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ടി തുക സർവ്വകലാശാലയ്ക്ക് അടയ്ക്കേണ്ടിവന്നത്.

108. യൂത്ത് ഹോസ്റ്റലുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ നടത്തുന്നത് ആരാണെന്ന് സമിതി ആരാഞ്ഞതിന് ഹാബിറ്റാറ്റ് ആണ് പ്രസ്തുത നിർമ്മാണ പ്രവർത്തനം നടത്തുന്നത് എന്ന് കേരള സർവ്വകലാശാലാ ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

109. നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിനാലാണ് സർവ്വകലാശാലയ്ക്ക് സർക്കാർ നൽകുമായിരുന്ന ഇളവ് വിനിയോഗിക്കാനാവാതെ പിഴയടയക്കേണ്ടിവന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടായ അനാസ്ഥ കൊണ്ടാണീ പിഴയടയ്ക്കേണ്ടി വന്നതെന്നതിനാൽ പ്രസ്തുത തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

110. ഇതു സംബന്ധിച്ച് 24-11-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെതന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ് ഉള്ളത്. എന്നാൽ 5-5-2006-ലെ LF/6359/ Spl. Cell (Gl)/05 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാല മറുപടി തൃപ്തികരമല്ലായെന്നും സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലമാണ് കോമ്പൗണ്ടിംഗ് ഫീസിനത്തിൽ 26,708 രൂപ നഗരസഭയിലേയ്ക്ക് അടയ്ക്കേണ്ടിവന്നതെന്നും പ്രസതുത നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ മുതൽകൂട്ടാൻ നിർദ്ദേശം നൽകാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

111. സർവ്വകലാശാലയ്ക്ക് സർക്കാർ നൽകുമായിരുന്ന ഇളവ് യഥാവിധി വിനിയോഗിക്കാതിരുന്നതിനാലാണ് കോമ്പൗണ്ടിംഗ് ഫീസ് ആയി 26,708 രൂപ നഗരസഭയിലേയ്ക്ക് അടയ്ക്കേണ്ടിവന്നത്. നഗരസഭയുടെ അനുമതി വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണിതിനു കാരണമെന്നതിനാൽ ഈയിനത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം (26,708 രൂപ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പലിശസഹിതം ഈടാക്കി രേഖകൾ സഹിതം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സർവ്വകലാശാലയ്ക്ക് ഫീസിനത്തിൽ ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ ബാക്കി നിൽക്കുന്നു

കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന പരീക്ഷാഫീസ്, മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ്, സ്റ്റുഡൻസ് എയിഡ് ഫണ്ട്, യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്, സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് തുടങ്ങിയവ സംബന്ധിപ്പിക്കുന്ന കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇരുപത്തിമൂന്ന് വിവിധ കോളേജുകളിൽ നടത്തിയ പരിശോധനയിൽ നിന്നും സർവ്വകലാശാല നിർദ്ദേശിച്ചിരുന്ന വ്യവസ്ഥകൾക്കനുസൃതമായി ഫീസ് ഈടാക്കാത്തതുമൂലം സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ തുക

വർഷങ്ങളായി സർവ്വകലാശാലാ ഫണ്ടിൽ അടയ്ക്കാതെ കോളേജ് പ്രിൻസിപ്പലിന്റെ പി.ഡി. അക്കൗണ്ടുകളിൽ നിക്ഷേപിച്ചുവരുന്നതായി കാണുന്നു. അഫിലിയേറ്റഡ് കോളേജുകളിലെ കണക്കുകളുടെ ആഡിറ്റിൽ വിവിധയിനങ്ങളിൽ സർവ്വകലാശാലയ്ക്ക് കിട്ടാനുള്ളതായ വ്യക്തമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പരീക്ഷാഫീസ് | 8,34,694 രൂപ |
| മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ് | 10,08,495 രൂപ |
| സ്റ്റുഡൻസ് എയ്ഡ് ഫണ്ട് | 2,90,495 രൂപ |
| യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട് | 2,22,384 രൂപ |
| സ്പോർട്ട്സ് അഫിലിയേഷൻ ഫണ്ട് | 4,94,509 രൂപ |
| ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് | 1,28,854 രൂപ |
| മെട്രിക്കുലേഷൻ ഫീസ് | 3,44,465 രൂപ |
| വിമൻസ് സ്റ്റഡി യൂണിറ്റ് | 65,506 രൂപ |
| എക്സാമിനേഷൻ ഫീസ് കുറവായി ഈടാക്കിയത് | 24,125 രൂപ |

ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഈ തുക ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. ഇതിനു പുറമെ തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ. കോളേജിലെ കണക്കുകളും ഫയലുകളും പരിശോധിച്ചതിൽ 1993-94 മുതൽ 1995-96 വരെയുള്ള സ്പെഷ്യൽ ഫീസായി പിരിച്ചെടുത്ത 36,720 രൂപ അപഹരിക്കപ്പെട്ടതായി കാണുവാൻ കഴിഞ്ഞു. അച്ചടക്ക നടപടികൾ കോളേജധികൃതർ സ്വീകരിച്ചിട്ടുണ്ട്.".

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ V .1.(b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

112. "പരീക്ഷാഫീസിനെ സംബന്ധിച്ചിടത്തോളം സർവ്വകലാശാലയ്ക്ക് കിട്ടാനുള്ള കുടിശ്ശിക കിട്ടാതെ മാർക്ക്ലിസ്റ്റും അനുബന്ധ സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾക്ക് നൽകാറില്ല".

**ഓഡിറ്റ് ഖണ്ഡിക**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റിയ്ക്ക് അടയ്ക്കേണ്ട സ്പെഷ്യൽ ഫീസിനത്തിൽ കുറവ്

കേരള യൂണിവേഴ്സിറ്റിയുടെ 56 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റിക്ക് ലഭിക്കേണ്ട സ്പെഷ്യൽ ഫീസിനങ്ങളായ മെഡിക്കൽ ഇൻസ്പെക്ഷൻ ഫീ, യൂണിവേഴ്സിറ്റി യൂണിയൻ ഫീ, വിമൻസ് സ്റ്റഡി യൂണിറ്റ്,

സ്റ്റുഡൻസ് എയ്ഡ് ഫണ്ട്, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിന്റെ പ്രീമിയം എന്നിവ മുഴുവനും കോളേജധികാരികൾ യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് അടയ്ക്കാതിരുന്നതു നിമിത്തം യൂണിവേഴ്സിറ്റിയുടെ വരുമാനത്തിൽ 1997-98 വർഷത്തേയ്ക്ക് മാത്രം 10,54,354 രൂപയുടെ കുറവു വന്നിട്ടുണ്ട്. ഇത് താഴെപ്പറയുന്ന കാരണങ്ങളാൽ സംഭവിച്ചതാണ്.

1. വിദ്യാർത്ഥികളിൽ നിന്നും മറ്റു ഫീസുകളുടെ കൂട്ടത്തിൽ കോളേജധികൃതർ ഈടാക്കുന്ന സ്പെഷ്യൽ ഫീസ് യൂണിവേഴ്സിറ്റി അക്കൗണ്ടിൽ അടയ്ക്കാതെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

2. യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന നിരക്കിൽ/കാലയളവിൽ ഫീസ് വാങ്ങുന്നില്ല.

3. കോളേജുകളിൽ പ്രവേശിപ്പിക്കാവുന്ന ആകെ സീറ്റുകളുടെ എണ്ണവും പ്രവേശിക്കപ്പെടാവുന്ന വിദ്യാർത്ഥികളുടെ എണ്ണവും തമ്മിൽ വ്യത്യാസം വരുമെന്നതിനാൽ ഫീസിനത്തിലും വ്യതിയാനം വരുന്നു. ആകെ സീറ്റിന്റെ എണ്ണം കണക്കാക്കിയാണ് കോളേജുകൾ സ്പെഷ്യൽ ഫീസ് പിരിക്കുന്നത്.

[ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1. (എഫ്)]

**ഓഡിറ്റ് ഖണ്ഡിക**

വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ഫീസുകൾ യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കാത്തത്.

യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റുചെയ്ത 26 കോളേജുകൾ സ്പെഷ്യൽ ഫീസ് വിദ്യാർത്ഥികളിൽ നിന്നും വസൂലാക്കിയ 5,69,095.75 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ ഒടുക്കാതെ കോളേജുകളുടെ പി.ഡി. അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. കോളേജധികൃതരിൽ നിന്നും ഈ തുക വസൂലാക്കി യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI.1.(a)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

113. "കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്ന് വിവിധയിനങ്ങളിൽ ലഭിക്കാനുള്ള ഫീസുകൾ പിരിച്ചെടുക്കുന്നതിനു വേണ്ടി സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട് 1999-2000 അദ്ധ്യയന വർഷം വരെ കോളേജുകളിൽ നിന്നും ലഭിക്കേണ്ട വിവിധയിനം സ്പെഷ്യൽ ഫീസുകളുടെ കണക്കുകൾ സർവ്വകലാശാലയുടെ വിവിധ സെക്ഷനുകളിലാണ് രേഖപ്പെടുത്തിയിരുന്നത്. ഈ സാഹചര്യത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമായിരുന്നില്ല. ഗവൺമെന്റ് ആഡിറ്ററുടെ റിപ്പോർട്ടിലുണ്ടായിരുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ 2000-01 അദ്ധ്യയന വർഷം മുതൽ സ്പെഷ്യൽ ഫീസിന്റെ കണക്കുകൾ റവന്യൂ ആഡിറ്റ്

സെക്ഷനിൽ കേന്ദ്രീകരിക്കുകയും, കോളേജുകളിൽ നിന്നും ലഭിക്കേണ്ട തുക, അടച്ചതുക, ബാക്കിതുക എന്നിവയുടെ കൃത്യമായ കണക്കുകൾ രേഖപ്പെടുത്തുകയും ബാക്കി തുക അടയ്ക്കാനുള്ള കോളേജുകൾക്ക് തുടർകത്തുകളിലൂടെ എത്രയും വേഗം അടയ്ക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി സ്പെഷ്യൽ ഫീസുകൾ മിക്കവാറും അതാത് അധ്യയന വർഷം തന്നെ പൂർണ്ണമായി അടപ്പിക്കുവാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്.

114. അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥിനികളിൽ നിന്നും വിവിധ യിനങ്ങളിൽ പിരിച്ചെടുക്കുന്ന ഫീസ് സർവ്വകലാശാല ഫണ്ടിൽ യഥാസമയം ഒടുക്കാത്തതിനു കാരണമെന്തെന്നും ഇത് ഈടാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും സമിതി ആരാഞ്ഞതിന് എല്ലാ കോളേജുകളിലും രജിസ്റ്റർവച്ച് പരിശോധന നടത്തി കുടിശ്ശികയുള്ളത് തിരിച്ചടയ്ക്കുന്നുണ്ടെന്നും ട്രഷറി നിയന്ത്രണംമൂലം അത്യാവശ്യസന്ദർഭങ്ങളിൽ പിൻവലിക്കുവാൻ ബുദ്ധിമുട്ടുണ്ടാകു മെന്നതുകൊണ്ടാണ് തുക ട്രഷറിയിൽ നിക്ഷേപിക്കാതിരുന്നതെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 2000-2001 മുതൽ കിട്ടിയ തുകയുടെ കണക്ക് സർവ്വകലാശാലയിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് ആവശ്യ പ്പെടുന്നതനുസരിച്ച് ഫയലുകളെല്ലാം നൽകാമെന്നും സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ 1999-2000 വരെ കൃത്യമായ കണക്കുകളില്ലായിരുന്നെന്നും 2000-2001 മുതലുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ലെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറും സർവ്വകലാശാലയ്ക്ക് ഗഡുക്കളായി തുക നൽകുമ്പോൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ചോദിക്കാറുണ്ടെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

115. യൂണിവേഴ്സിറ്റിക്ക് ലഭിക്കേണ്ട പണം ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എത്ര രൂപാ സർവ്വകലാശാലാ ഫണ്ടിൽ അടച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞതിന് ഓരോ വർഷത്തേയും കണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ടെന്നും 2000-2001 മുതലുള്ളത് പരിഹരിക്കുവാൻ സർവ്വകലാശാല ശ്രമം നടത്തിയിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. 2000-2001 ന് ശേഷമുള്ള എല്ലാ വർഷങ്ങളിലേയും വാർഷിക കണക്ക് ലഭ്യമാക്കിയിട്ടില്ലെന്നും ഓരോ കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഫണ്ടിലേയ്ക്ക് അടയ്ക്കാനുള്ള തുകയും ബാക്കി നിൽക്കുന്നതുകയും കൂടി ചേർത്ത തുകയുടെ കണക്കാണ് ഒരു വർഷത്തെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗ്സ്ഥൻ സമിതിയെ അറിയിച്ചു.

116. വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കിയിട്ടും സർവ്വകലാശാലയിലേക്ക് കൃത്യമായി അടയ്ക്കാത്തിനെക്കുറിച്ചെന്താണ് പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടി ക്രമത്തിന്റെ ഭാഗമായി എല്ലാ വർഷവും ഓരോരുത്തരുടേയും പേരിൽ അഡ്വാൻസ് ലിസ്റ്റ് ചെയ്ത് അതത് വകുപ്പിലേയ്ക്കയക്കുന്നുണ്ടെന്നും ഭീമമായ തുകയാണ് റിപ്പോർട്ട് ചെയ്യുന്നതെന്നും അതുകൊണ്ടുതന്നെ അർഹിക്കുന്ന നിലയിൽ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

117. 2000 മുതൽ 2004 വരെയുള്ള നാല് വർഷത്തെയും വിശദമായ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഓഡിറ്റ് വകുപ്പിന് നൽകുവാനും സർവ്വകലാശാലയ്ക്ക് സ്പെഷ്യൽ ഫീസിനത്തിൽ വിവിധ കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള തുക നിശ്ചിത തീയതിക്കു മുൻപ് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച് ഫീസ് യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്നതിന് ഉത്തരവ് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിൽ 2000-01 മുതലുള്ള സ്പെഷ്യൽ ഫീസിനെ സംബന്ധിച്ച ഡി.സി.ബി.സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

118. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച് 28-12-2005-ലെ 16359/ Spl. Cell (G1)/05 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 2000-2001 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഓഡിറ്റിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചുവെങ്കിലും ഡിമാന്റ് രജിസ്റ്ററും അടവു തുകയുടെ വിശദാംശങ്ങളും അപൂർണ്ണമായിരുന്നെന്നും ഇതു സംബന്ധിച്ച പരിശോധനയിൽ 2003-2004-ലെ ഡി.സി.ബി പത്രികയിൽ 25 സ്ഥാപനങ്ങളുടേയും 2003-04-ൽ 28 സ്ഥാപനങ്ങളുടേയും സ്പെഷ്യൽ ഫീസിനെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടും സ്ഥാപനങ്ങൾ കണക്കുകൾ ഹാജരാക്കിയിട്ടില്ലെന്നാണ് സർവ്വകലാശാല അറിയിച്ചതെന്നും 2002-2003-ലെ 14-ഉം 2003-2004-ലെ 9 എണ്ണവും യൂണിവേഴ്സിറ്റി യുടെതന്നെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമാണെന്നും ലഭ്യമാക്കിയ പട്ടിക പരിശോധിച്ചതിൽ ഡിമാന്റ് തുകയിൽ നിന്നും തൻവർഷ വരവുകുറയ്ക്കുമ്പോൾ നീക്കിയിരുപ്പുതുക ലഭിക്കേണ്ടതുണ്ടെങ്കിലും പട്ടികയിൽ ഈ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും, തൻവർഷ വരവിന്റെ തുകയും തുക അടവിന്റെ തെളിവായി ഹാജരാക്കിയിട്ടുള്ള ചെല്ലാനും പരിശോധിച്ചതിലും വലിയ അന്തരം കാണുന്നുണ്ടെന്നും 2002-2003, 2003-04 എന്നീ വർഷങ്ങളിലെ സ്പെഷ്യൽ ഫീസിന്റെ ഡിമാന്റ് രജിസ്റ്ററിനു പകരം ലൂസ് ഷീറ്റിൽ അപൂർണ്ണമായി തയ്യാറാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ പെൻസിൽ കൊണ്ടുള്ള രേഖപ്പെടുത്തലുകൾ ഉണ്ടെന്നും കൂടാതെ പല കേസുകളിലും തൻവർഷ ഡിമാന്റിൽ അധികരിച്ച തുക വരവായി കാണിച്ചിട്ടുണ്ടെങ്കിലും ആയതിനു കാരണം വ്യക്തമാക്കിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട യഥാർത്ഥ തുക എത്രയാണെന്നും അതിൽ എത്ര രൂപ വരവായി ലഭിച്ചിട്ടുണ്ടെന്നും നീക്കിയിരുപ്പ് എത്രയാണെന്നും തിട്ടപ്പെടുത്തുന്നതിന് സാധിക്കുന്നില്ലെന്നും കൂടാതെ സർവ്വകലാശാല സമർപ്പിച്ച മറുപടിയിൽ നിന്നും സർവ്വകലാശാലയ്ക്ക് അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഫീസിനത്തിൽ ലഭിക്കേണ്ട ലക്ഷക്കണക്കിനു രൂപ ഈടാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമല്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

119. സർവ്വകലാശാലയ്ക്ക് ഫീസിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ നടപടി സർവ്വകലാശാലയിലെ കെടുകാര്യസ്ഥതയും, ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

120. സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്ന സർവ്വകലാശാല കുടിശ്ശിക പിരിച്ചെടുക്കുവാനോ ഫീസിനത്തിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ തുക സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുവാനോ തയ്യാറാകാതെ ഫീസ് നിരക്കുകൾ വർദ്ധിച്ചാലും കർമ്മനിരതമല്ലാത്ത ഭരണസംവിധാനം കൊണ്ട് സർവ്വകലാശാലയ്ക്ക് സാമ്പത്തിക നില മെച്ചപ്പെടുമെന്ന് കരുതാനാവില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

121. സർവ്വകലാശാലയിലെ ധനകാര്യ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയതും ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മ പരിശോധന നടത്തി മേൽനോട്ടം വഹിക്കുകയും തെറ്റുകൾ ചൂണ്ടിക്കാട്ടി നിർദ്ദേശം നൽകുകയും ചെയ്യേണ്ട ഉന്നത ഉദ്യോഗസ്ഥരും തങ്ങളുടെ കൃത്യനിർവ്വഹണ ത്തിൽ വീഴ്ചവരുത്തിയതായും സമിതി കണ്ടെത്തി

122. സമിതി നിർദ്ദേശപ്രകാരം ഓഡിറ്റിന് ലഭ്യമാക്കിയ 2000-2001 മുതൽ 2004-2005 വരെയുള്ള ഡി.സി.ബി പത്രികകൾ അപൂർണ്ണമാണെന്നും സർവ്വകലാശാല ആവശ്യപ്പെട്ടിട്ടും കണക്കുകൾ ഹാജരാക്കാത്ത കോളേജുകൾ ഉണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡി.സി.ബി. പത്രികകൾ സംബന്ധിച്ച് ചൂണ്ടിക്കാട്ടിയിട്ടുള്ള ന്യൂനതകൾ അടിയന്തിരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും, കണക്കുകൾ ഹാജരാകാത്ത കോളേജുകളിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ടു ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

123. ഓരോ അദ്ധ്യയനവർഷത്തേയും ഫീസുകൾ അതാത് വർഷം നിശ്ചിത തീയതിയ്ക്കു മുൻപ് സർവ്വകലാശാലയിൽ അടച്ചിരിക്കണമെന്നു നിഷ്ക്കർഷിച്ചുകൊണ്ട് എല്ലാ കോളേജധികൃതർക്കും അറിയിപ്പ് നൽകണമെന്നും നിശ്ചിത സമയത്തിനുള്ളിൽ തുക സർവ്വകലാശാലയിൽ അടയ്ക്കാത്ത കോളേജധികൃതർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും തുക പലിശസഹിതം ഈടാക്കി സർവ്വകലാശാലാ ഫണ്ടിലേയ്ക്ക് വരവുവയ്പിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. തുടർച്ചയായി രണ്ടു വർഷം ഫീസ് കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ പരീക്ഷാ കേന്ദ്രം താത്കാലികമായി റദ്ദു ചെയ്യുന്നതിനും കുടിശ്ശിക അടച്ചതിനുശേഷം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന രീതി പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

124. ഫീസിനത്തിൽ ഓരോ അദ്ധ്യയനവർഷവും ലഭിക്കേണ്ട ഫീസ് സംബന്ധിച്ച രേഖകൾ സർവ്വകലാശാലയിലെ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി സൂക്ഷിക്കണമെന്നും സർവ്വകലാശാലാഫണ്ടിലേയ്ക്ക് ഒടുക്കേണ്ട തുകയിൽ കുറവു വരുന്ന തുക പലിശസഹിതം ബന്ധപ്പെട്ട കോളേജധികൃതരിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

125. സർവ്വകലാശാലയിലേയ്ക്ക് വിവിധ കോളേജുകളിൽ നിന്നും ലഭിക്കേണ്ട ഫീസ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി നിലവിൽ സർവ്വകലാശാലയിൽ സംവിധാനമുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ലെന്നാണ് സമിതിക്ക് മനസിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ പ്രസ്തുത സംവിധാനം ശക്തമാക്കണമെന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ ഇതിൽ വീഴ്ച

വരുത്തുന്നപക്ഷം ആയത് അവരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശസഹിതം നഷ്ടമായ തുക ഈടാക്കണമെന്നും സമയബന്ധിതമായി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

എഞ്ചിനിയറിംഗ് സെക്ഷനിലെ പരീക്ഷാഫീസ് പിരിവിൽ 3,40,166 രൂപയുടെ നഷ്ടം

"കേരള സർവ്വകലാശാലയിലെ എഞ്ചിനീയറിംഗ് സെക്ഷനിൽ 1997 വർഷത്തെ പരീക്ഷാ ഫീസുകൾ സംബന്ധിച്ച കണക്കുകൾ ആഡിറ്റിനു വിധേയമാക്കിയതിൽ നിന്നും ഫീസ്, ഫൈൻ, സൂപ്പർ ഫൈൻ എന്നിവ കൃത്യമായി ഈടാക്കാത്തതുമൂലം 3,40,166 രൂപയുടെ നഷ്ടം സർവ്വകലാശാലയ്ക്ക് സംഭവിച്ചതായി കണ്ടെത്തി".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V.1.(c)]

**ഓഡിറ്റ് ഖണ്ഡിക**

"1998-99-ലെ ബി.ടെക് പരീക്ഷാഫീസിനത്തിൽ, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് എന്നിവ യൂണിവേഴ്സിറ്റി നിദ്ദേശിച്ചിരിക്കുന്നതിൽ നിന്നും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതുമൂലം 22,948 രൂപാ യൂണിവേഴ്സിറ്റിക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട്".

ബി.ടെക് പ്രാക്ടിക്കൽ പരീക്ഷാഫീസിനത്തിൽ 47,323 രൂപ കുറച്ചാണ് യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുള്ളത്.

298 അപേക്ഷകളിന്മേൽ നിയമപരമായ ഫൈൻ/സൂപ്പർ ഫൈൻ ഈടാക്കാത്തതുമൂലം ആകെ 17,004 രൂപാ യൂണിവേഴ്സിറ്റിക്ക് നഷ്ടമായതായി കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI.1.n (i) (ii) (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

ആഡിറ്റ് പരാമർശത്തിലെ പൊതുവായ വിഷയങ്ങൾക്ക് പൊതുവായ മറുപടിയാണ് ഇതോടൊപ്പം ചേർക്കുന്നത്.

126. "നഷ്ടമുണ്ടായതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഫീസ് കുറവുകൾ മിക്കവാറും യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടുണ്ട്. സർവ്വകലാശാലാ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അടങ്ങിയ സംഘം കോളേജധികൃതരോട് ഈയിനത്തിൽ യൂണിവേഴ്സിറ്റിക്ക് വരേണ്ടതായ തുകകൾ അടയ്ക്കുവാൻ സമയാസമയം നിഷ്കർഷിക്കാറുണ്ട്. ഫിസിലോ ഫൈനിലോ സൂപ്പർഫൈനിലോ കുറച്ചടവ് നടത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റ്/മറ്റു സർട്ടിഫിക്കറ്റുകൾ മുതലായവ ഫീസ് അടച്ചുതീർക്കുന്നതുവരെ തടഞ്ഞുവയ്ക്കുന്നതാണു നടപടി.

127. പ്രാക്ടിക്കൽ പരീക്ഷ ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് ഫീസടവ് കുറവു വരുത്തുന്ന വിദ്യാർത്ഥികളെ അടുത്ത സെമിസ്റ്ററിലേയ്ക്കുള്ള പരീക്ഷ എഴുതുന്നതിനു മുൻപായി വീഴ്ച വരുത്തിയ തുക അടച്ചുതീർക്കണമെന്ന് കൃത്യമായും ആവശ്യപ്പെടാറുണ്ട്. ".

**ഓഡിറ്റ് ഖണ്ഡിക**

പരിശോധനയ്ക്കു വിധേയമാക്കിയ 12 കോളേജുകളിൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജ്മാത്രം 92,662 രൂപാ പരീക്ഷാഫീസിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI.1.m (iii)]

**ഓഡിറ്റ് ഖണ്ഡിക**

"യൂണിവേഴ്സിറ്റി നിജപ്പെടുത്തിയിരിക്കുന്ന നിരക്കിലുള്ള പരീക്ഷാഫീസിനേക്കാളും കുറഞ്ഞ നിരക്കിലാണ് പല കോളേജുകളും ഫീസ് ഈടാക്കി ഫണ്ടിൽ അടച്ചുകാണുന്നത്. ഈയിനത്തിലുണ്ടായ നഷ്ടം 13,117 രൂപയാണ്".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI.1.m. (iv)]

**ഓഡിറ്റ് ഖണ്ഡിക**

"1998-99-ലെ ബി.എ. ഡിഗ്രി പരീക്ഷാ ഫീസിനത്തിൽ വൈകി ലഭിച്ച 276 അപേക്ഷകളിന്മേൽ ഫൈൻ ഈടാക്കാത്തതുമൂലം 19,250 രൂപ നഷ്ടമുണ്ടായിട്ടുണ്ട്".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI.1.n. (iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

128. 1998-99-ൽ പന്തളം പരീക്ഷാ കേന്ദ്രമാക്കി ബി.എ. പരീക്ഷ എഴുതിയ 276 വിദ്യാർത്ഥികളുടെ അപേക്ഷകൾ വൈകി ലഭിച്ചിട്ടുണ്ട്. ഈ കുട്ടികളിൽ നിന്ന് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസുകൾ എല്ലാം തന്നെ. KUF-ലേയ്ക്ക് അടപ്പിച്ചിട്ടുണ്ട്. ഇതിനു വീഴ്ച വരുത്തിയിട്ടുള്ളവരുടെ മാർക്ക് ലിസ്റ്റ് സർവ്വകലാശാല ഓഫീസിൽ പിടിച്ചുവച്ചിട്ടുണ്ട്. ഈ അവസരത്തിൽ പ്രത്യേകമായി ബോധിപ്പിക്കുന്നത് വരവ് ചെലവ് മിച്ചം (DCB) കണക്കുകളും തയ്യാറാക്കിവച്ചിട്ടുണ്ട്.

129. ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ സർവ്വകലാശാല ധനകാര്യവിഭാഗം കർശനമായ നടപടി സ്വീകരിക്കേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുകയും പരീക്ഷാ ഫീസ് പിരിവു സംബന്ധിച്ച് ഡി.സി.ബി. സ്റ്റേറ്റ്മെന്റു തയ്യാറാക്കാറുണ്ടോ എന്ന് ആരായുകയും ചെയ്തു. കുറച്ചുകാലമായി ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല എന്നും പരീക്ഷാ ജോലികൾ കൃത്യമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതി

നാൽ പലപ്പോഴും പരീക്ഷാ ജോലികൾക്കൊപ്പം ഇവ തയ്യാറാക്കുന്നതിന് പ്രയോഗിക മായി ബുദ്ധിമുട്ട് നേരിടുന്നുവെന്നും യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

130. മുടങ്ങിക്കിടക്കുന്ന ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ എത്രയും വേഗം തയ്യാറാ ക്കണമെന്നും, സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന പരീക്ഷാ ഫീസ് മുഴുവൻ വസൂലാക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ച് സമിതിയെ ബോധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇതിനു മറുപടിയായി 24-11-05 ലെ സർവ്വകലാശാല രജിസ്ട്രാറുടെ OAD 3/LFAC/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടുന്ന മുഴുവൻ ഫീസും ലഭ്യമായാൽ മാത്രമേ മാർക്ക് ലിസ്റ്റ്, മറ്റ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ കുട്ടികൾക്ക് കൊടുക്കുകയുള്ളൂന്നും നിശ്ചിതഫീസിൽ കുറവ് അടയ്ക്കുന്ന പരീക്ഷാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല ഓഫീസിൽ തന്നെ പിടിച്ചുവയ്ക്കുകയാണ് പതിവെന്നും അതുകൊണ്ട് തന്നെ സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകാൻ സാദ്ധ്യതയില്ലെന്നും സർവ്വകലാശാല നിയമം അനുസരിച്ച് നിയമപരമായ തടസ്സങ്ങൾ ഇല്ലെങ്കിൽ മൂന്ന് വർഷം കഴിയുമ്പോൾ അപേക്ഷകൾ നശിപ്പിക്കുന്നതിനാൽ അപേക്ഷകളുടെ വിശദമായ പരിശോധനയ്ക്ക് കഴിയില്ലെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. നഷ്ടമുണ്ടായതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഫീസ് കുറവുകൾ മിക്കവാറും സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെന്നും സർവ്വകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അടങ്ങിയ സംഘം കോളേജ് അധികൃതരോട് ഈ ഇനത്തിൽ സർവ്വകലാശാലയ്ക്ക് വരേണ്ടതായ തുക അടയ്ക്കുവാൻ സമയാസമയം നിഷ്ക്കർഷിക്കാറുണ്ടെന്നും ഫീസിലോ ഫൈനിലോ സൂപ്പർഫൈനിലോ കുറച്ചടവ് നടത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റ്/മറ്റു സർട്ടിഫിക്കറ്റുകൾ മുതലായവ തടഞ്ഞുവയ്ക്കുമെന്നും പ്രാക്ടിക്കൽ പരീക്ഷ ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് ഫീസടവ് കുറവുവരുത്തുന്ന വിദ്യാർത്ഥികളോട് പരീക്ഷ എഴുതുന്നതിനു മുമ്പായി വീഴ്ചവരുത്തിയ തുക അടച്ചു തീർക്കണമെന്ന് കൃത്യമായും ആവശ്യപ്പെടാറുണ്ടെന്നുമാണ് സർവ്വകലാശാലാ രജിസ്ട്രാർ സമിതിയെ അറിയിച്ചത്.

131. സമിതി നിർദ്ദേശപ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി 5-5-2006-ലെ LF. 16359/Spl. Cell (G1)/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ വളരെ വർഷങ്ങൾ കഴിഞ്ഞ സ്ഥിതിയ്ക്ക് മറ്റുപരിഹാരമാർഗ്ഗങ്ങൾ പ്രയോഗികമല്ലെന്ന് സർവ്വകലാശാല തന്നെ അറിയിച്ച സാഹചര്യത്തിൽ നഷ്ടമുണ്ടായിട്ടില്ല എന്ന വാദം അടിസ്ഥാന രഹിതമാണെന്നും ആയതിനാൽ യഥാസമയം നഷ്ടം നികത്താൻ വേണ്ട നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കാൻ നിർദ്ദേശിക്കേണ്ടതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

132. ഈ വിഷയം പരിഗണിക്കുന്നതിനായി സമിതി ഒരു യോഗം കൂടെ ചേർന്നു വെങ്കിലും ഓഡിറ്റ് ചൂണ്ടിക്കാണിച്ച പ്രകാരം ഫീസിനത്തിൽ കുറവു വന്നിട്ടില്ല എന്ന വാദഗതിയിൽ ഉറച്ചു നിൽക്കുകയും അപേക്ഷകൾ നശിപ്പിക്കുന്നതിനാൽ പരിശോധന അസാദ്ധ്യമാണ് എന്ന് അറിയിക്കുകയുമാണ് യൂണിവേഴ്സിറ്റി അധികൃതർ ചെയ്തത്. ആയതിനാൽ ഒരിക്കൽ കൂടി ഓഡിറ്റ് നടത്തി വിവരം സമിതിയെ അറിയിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിനെ ചുമതലപ്പെടുത്തി. അതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

133. നഷ്ടം ഉണ്ടായി എന്ന ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു. എന്നാൽ മൂന്നു വർഷം കഴിയുമ്പോൾ അപേക്ഷകൾ നശിപ്പിച്ചുകളയുന്ന സമ്പ്രദായം നിലനിൽക്കുന്നതിനാലും ഫീസ് കളക്ഷൻ സംബന്ധമായ വിവരങ്ങൾ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന സർവ്വകലാശാലയുടെ അവകാശത്തിന്റെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

134. ഫീസിനത്തിൽ ഉണ്ടായ കുറവ് ഒരു നഷ്ടമായി കണക്കാക്കുവാൻ സാധിക്കുകയില്ലെന്നും രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്തവരുടെയും എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും ഫീസാണ് പെന്റിംഗായി വരുന്നതെന്ന് യൂണിവേഴ്സിറ്റി രജിസ്ട്രാർ മറുപടി നൽകി. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പരീക്ഷാഫീസ് ഗവൺമെന്റിൽ നിന്നും റീ-ഇംമ്പേഴ്സ് ചെയ്ത് ലഭിക്കുമെന്നതിനാൽ ഇവർ രജിസ്റ്റർ ചെയ്താൽ ഫീസടച്ചില്ല എന്ന കാരണത്താൽ പരീക്ഷയ്ക്കിരുത്താതിരിക്കാൻ കഴിയികയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പരീക്ഷയ്ക്ക് ഇരിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് റീ ഇംമ്പേഴ്സ് ചെയ്തു ലഭിക്കേണ്ടതാകയാൽ ഇത് സംബന്ധിച്ച രേഖകൾ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകേണ്ടതല്ലേയെന്നും ആയതിനാൽ ഇത് സംബന്ധിച്ച മറുപടി നൽകുമ്പോൾ രേഖകൾ പരിശോധിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിയ ഇളവ് സംബന്ധിച്ച കണക്ക് സമിതിയിൽ ഹാജരാക്കാകയാണ് ചെയ്യേണ്ടിയിരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. ഇതു സംബന്ധിച്ച കണക്കുകൾ ഗവൺമെന്റിലേയ്ക്ക് നൽകുകയാണെങ്കിൽ ഗവൺമെന്റിനും യഥാസമയം റീ-ഇംമ്പേഴ്സ് ചെയ്തു നൽകുമായിരുന്നുവെന്നും അതല്ലാതെ കാലങ്ങളോളം ഫീസിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക കുടിശ്ശികയായി അവശേഷിപ്പിച്ചതിനുശേഷം നഷ്ടമുണ്ടായിട്ടില്ല എന്ന് വാദിക്കുന്നത് സ്വീകാര്യമല്ല എന്ന് സമിതി ചൂണ്ടിക്കാട്ടി. 1996-97 വർഷത്തെ കാര്യമായതിനാൽ അപേക്ഷകൾ മുഴുവനും നശിപ്പിക്കപ്പെട്ടുവെന്നും ആയതിനാൽ ഇപ്പോൾ ഇത് സംബന്ധിച്ച് വ്യക്തമായി മറുപടി തയ്യാറാക്കാൻ പറ്റാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും 2000-ാമാണ്ടിനുശേഷം ഇത്തരത്തിലുള്ള പ്രശ്നം ഉണ്ടായിട്ടില്ല എന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

135. പരീക്ഷാ ഫീസ് പിരിവിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവ് ഒരു നഷ്ടമായി കണക്കാക്കുവാൻ സാധിക്കുകയില്ല എന്നും രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്തവരുടേയും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെഫീസ് ഗവൺമെന്റിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്തു ലഭിക്കുന്നതിൽ കാലതാമസമുള്ളതിനാൽ ആയിനത്തിൽ ഉണ്ടാകുന്ന കുടിശ്ശികയുമാണ് ഫീസിനത്തിൽ കുറവു വരുവാൻ കാരണമെന്നുമുള്ള സർവ്വകലാശാല അധികൃതരുടെ വാദത്തോട് സമിതി യോജിക്കുന്നില്ല. പരീക്ഷയ്ക്ക് ഇരിക്കുന്ന എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് റീ ഇമ്പേഴ്സ് ചെയ്ത് ലഭിക്കേണ്ടതാകയാൽ ഇതു സംബന്ധിച്ച കണക്കുകൾ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകേണ്ടതാണെന്നും ആയതിനാൽ ഇപ്രകാരമൊരു വാദഗതി വെയ്ക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിയ ഇളവുകൾ സംബന്ധിച്ച കണക്ക് സമിതയ്ക്ക് സമർപ്പിക്കുകയാണ് വേണ്ടിയിരുന്നതെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. കൂടാതെ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ ഏതെല്ലാം

പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു, എത്രപേർ ഏതെല്ലാം പരീക്ഷയെഴുതി, എത്രപേർ മാർക്ക് ലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും വാങ്ങി എന്നതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ എത്ര രൂപ പരീക്ഷാ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് പിരിഞ്ഞുകിട്ടേണ്ടതുണ്ട് അതിൽ എത്ര പിരിഞ്ഞു കിട്ടി, ഇനി എത്ര പിരിഞ്ഞു കിട്ടാനുണ്ട് എന്നീ കണക്കുകൾ തയ്യാറാക്കുന്നതിന് വലിയ ബുദ്ധിമുട്ട് ഉണ്ടാകാനിടയില്ല എന്ന് സമിതി വിലയിരുത്തുന്നു. അപേക്ഷാ ഫാറങ്ങൾ നശിപ്പിച്ചുകളഞ്ഞാലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നപക്ഷം അതിൽ നിന്നും ഡി.സി.ബി. സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കുന്നതിനും യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അപേക്ഷകൾ മുഴുവനും നശിപ്പിക്കപ്പെട്ടതിനാൽ കൃത്യമായ കണക്കുകൾ ഹാജരാക്കുന്നതിനോ മറുപടി നൽകുന്നതിനോ പറ്റാത്ത സാഹചര്യമാണെന്ന സർവ്വകലാശാല രജിസ്ട്രാറുടെ മറുപടി സമിതിയ്ക്ക് സ്വീകാര്യമല്ല. അക്കൗണ്ടസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിലും, സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട പണം കൃത്യമായി ഈടാക്കുന്നതിലും പരീക്ഷാ വിഭാഗത്തിലെയും ധനകാര്യവിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. വരവും ചെലവും സംബന്ധിച്ച കൃത്യമായ കണക്കും രേഖകളും സൂക്ഷിക്കുകയെന്നത് ധനസംബന്ധമായ ഏതൊരു ഇടപാടിന്റെയും പ്രാഥമിക ഉത്തരവാദിത്തമാണെന്നിരിക്കെ ധനവിനിമയം സംബന്ധിച്ച അടിസ്ഥാന മാനദണ്ഡങ്ങൾ പോലും പാലിക്കാതെ തികച്ചും നിരുത്തരവാദപരമായി യൂണിവേഴ്സിറ്റി ഫണ്ട് കൈകാര്യം ചെയ്തത് അതീവ ഗുരുതരമായ ക്രമക്കേട് തന്നെയാണ്. ആയതിനാൽ ധനകാര്യ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടും കേരള ഫിനാൻഷ്യൽ കോഡിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ ഇത്തരം തെറ്റുകുറ്റങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് Double Entry Accounting System അടിയന്തിരമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

136. കൂടാതെ ആവശ്യമായ രജിസ്റ്ററുകളും, സർവ്വകലാശാലയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഓരോ കണക്കിനത്തിനും ഡി.സി.ബി സ്റ്റേറ്റ്മെന്റും സൂക്ഷിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പരീക്ഷകൾ നടത്തുന്നതിലേയ്ക്ക് നൽകിയ കാൽ കോടിയോളം രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കേണ്ടിയിരിക്കുന്നു.

"1996-97 വർഷത്തിൽ വിവിധ പരീക്ഷകൾ നടത്തുന്നതിന് കേരള സർവ്വകലാശാല 38,10,140 രൂപ മുൻകൂറായി വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകിയിരുന്നു. ഇതിൽ 14,52,500 രൂപ മാത്രമേ നാളിതുവരെ ക്രമീകരിച്ചിട്ടുള്ളു. ബാക്കി നിൽക്കുന്ന 23,57,640 രൂപ അടിയന്തിരമായി ക്രമീകരിക്കുകയോ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(d)]

**ഓഡിറ്റ് ഖണ്ഡിക**

താൽക്കാലിക അഡ്വാൻസുകൾ ക്രമീകരിക്കാത്തത്.

യൂണിവേഴ്സിറ്റിയുടെ വിവിധ ഡിപ്പാർട്ടുമെന്റ് തലവന്മാർക്ക് പലവിധ ആവശ്യങ്ങൾക്ക് വേണ്ടി നൽകിയ 5,83,67,673 രൂപയുടെ മുൻകൂർ ചെലവുകൾ 31-3-1998-ൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(ഐ)]

**ഓഡിറ്റ് ഖണ്ഡിക**

പരീക്ഷാച്ചെലവുകൾ മുൻകൂർ ക്രമീകരിക്കപ്പെടാത്തവ

(1) *കോളേജുകൾക്ക് നൽകിയ മുൻകൂർ ക്രമീകരിക്കപ്പെടാത്തവ*

1997-98 വർഷത്തിൽ വിവിധ പരീക്ഷകളുടെ നടത്തിപ്പ്, പരീക്ഷ പേപ്പറുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ കോളേജ് പ്രിൻസിപ്പൽമാർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്കും മുൻകൂറായി നൽകിയ 26,10,321 രൂപയുടെ ചെലവ് ക്രമീകരിക്കപ്പെട്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.ജി (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

137. പരാമർശിച്ചിരിക്കുന്ന മൂന്നു ഇനങ്ങളിലുള്ള മുൻകൂറുകളിൽ മിക്കവയും ക്രമീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്നവ ക്രമീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപാകതകൾ ഉള്ള ബില്ലുകൾക്ക് പരിഹാരം കാണുന്നതിന് കോളേജു പ്രിൻസിപ്പൽമാർ/പരീക്ഷാബോർഡ് ചെയർമാൻമാർ/മറ്റു ബന്ധപ്പെട്ടവർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓഡിറ്റ് ഖണ്ഡിക**

പരീക്ഷാച്ചെലവ്-മുൻകൂർ ക്രമീകരിക്കപ്പെടാത്തവ

(2) *പരീക്ഷാപേപ്പർ മൂല്യനിർണ്ണയ ചെലവ് മുൻകൂർ ക്രമീകരിക്കപ്പെടാത്തവ.*

1997-98-ലെ പ്രൊവിഷണൽ പേയ്മെന്റ് രജിസ്റ്റർ പ്രകാരം 16-4-1997, 30-4-1997, 12-5-1997 എന്നീ തീയതികളിലെ സർവ്വകലാശാല ഉത്തരവ് നമ്പർ M&C1/2680/97 പ്രകാരം പ്രീഡിഗ്രി പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയവുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് മുൻകൂർ നൽകിയ 17,00,000 രൂപ ക്രമീകരിക്കപ്പെട്ടിട്ടില്ല. ഈ തുകകൾ യാത്രാബത്ത, ദിനബത്ത എന്നീയിനങ്ങൾക്ക് അനുവദിച്ചതാണ്.

ഇതിന് പുറമേ മറ്റു കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളുടെയും പ്രാക്ടിക്കൽ പരീക്ഷകളുടെയും നടത്തിപ്പിനായി മുൻകൂർ നൽകിയ 7,19,707 രൂപയുടെ ക്രമീകരണവും നടത്തപ്പെട്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(ജി) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

138. "കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലെ 76 എ.ഓ.മാർക്ക് മുൻകൂർ തുക കൊടുത്തതിൽ 37 ബില്ലുകൾ ക്രമീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള 39 ബില്ലുകൾ ക്രമീകരിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു."

139. പരീക്ഷകൾ നടത്തുന്നതിനായി മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടോയെന്നും മുൻകൂർ നൽകുന്ന തുകകൾ ക്രമീകരിക്കേണ്ടതല്ലേയെന്നും ഇപ്പോഴും ഈ രീതിയാണോ തുടരുന്നതെന്നും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് നൽകിയ 17,00,000 രൂപ ക്രമീകരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും സമിതി ആരാഞ്ഞതിന് നിയമപ്രകാരം ആദ്യം നൽകിയ മുൻകൂർ തുക ക്രമീകരിക്കാതെ രണ്ടാമത് തുക അനുവദിക്കാൻ പാടില്ലെന്നും പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യേണ്ടിവരുന്നതെന്നും ഇപ്പോൾ മുൻകൂറുകൾ കൃത്യമായി ക്രമീകരിക്കുന്നുണ്ടെന്നും കേന്ദ്രീകൃത മുല്യനിർണ്ണയത്തിന് നൽകുന്ന മുൻകൂറുകൾ ശമ്പളത്തിൽ നിന്നുതന്നെ തിരിച്ചുപിടിക്കണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടെന്നും ആയതിന്റെ വെളിച്ചത്തിൽ തുക ക്രമീകരിക്കുന്നുണ്ടെന്നും ഇക്കാര്യത്തിൽ പ്രിൻസിപ്പൽമാർക്കെതിരെ നടപടിയെടുക്കുവാൻ സാധിക്കില്ലെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

140. മുൻകൂർ ക്രമീകരിക്കാതെ തുടർന്ന് പണം അനുവദിക്കില്ലെന്ന നിബന്ധന കർശനമാക്കിയാൽ പരീക്ഷകൾ മുടങ്ങുമെന്ന ആശങ്കയിലാണ് പലപ്പോഴും മുൻകൂറുകൾ ക്രമീകരിക്കാതെ പോകുന്നതെന്ന വാദം ശരിയല്ലെന്നും മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടത് ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇക്കാര്യത്തിന് അടിയന്തിരമായി പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന് മറുപടിയായി 24-11-2005-ലെ OAD 3/LFAC/05 നമ്പർ കത്തു പ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടിയിൽ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെതന്നെ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമാണ്. തുടർന്ന് 5-05-2006-ലെ 16359/Spl. Cell (G1)/05 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ മുൻകൂറായി നൽകിയ എത്രത്തോളം തുക ക്രമീകരിച്ചുവെന്ന് നാളിതുവരെ അറിയിച്ചിട്ടില്ലെന്നും സർവ്വകലാശാല ധനകാര്യ വിഭാഗത്തിന്റെ ശുഷ്ക്കാന്തിയില്ലായ്മയാണിതെന്നും മുൻകൂർ തുകകൾ വാങ്ങിയ മിക്കവാറും എല്ലാപേരും ഇതിനോടകം പെൻഷൻപറ്റി കഴിഞ്ഞുവെന്നും യഥാസമയം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം

സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം റവന്യൂ റിക്കവറിയിലൂടെ ഈടാക്കുക പ്രയോഗികമല്ല എന്നും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അവഗണിച്ച് മുൻകൂറുകൾ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് പെൻഷനായപ്പോൾ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയ ധനകാര്യ വിഭാഗം മേധാവിയുടെ നടപടി തുക നഷ്ടപ്പെടാൻ കാരണമായിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു. മുൻകൂറുകൾ ക്രമീകരിക്കാത്തവർ അവ ക്രമീകരിക്കേണ്ടതാണെന്നും ഇവ യഥാസമയം ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ധനകാര്യ വിഭാഗമാണെന്നും മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാൻ വീഴ്ചവരുത്തുന്നവർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്ന നടപടി പുനഃപരിശോധിക്കേണ്ടതാണെന്നും വാങ്ങിയ മുഴുവൻ മുൻകൂറുകളും ക്രമീകരിച്ച ശേഷമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാവൂ എന്നും അറിയിച്ചിട്ടുള്ളത്.

141. ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 25-05-06 ലെ 26430/ബി3/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വീസിലുള്ള ജീവനക്കാരുടെ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകൾ അവരുടെ ശമ്പളത്തിൽ നിന്നും, പെൻഷൻ പറ്റിയവരാണെങ്കിൽ റവന്യൂ റിക്കവറിയിലൂടെയും ഈടാക്കുവാൻ തീരുമാനിച്ചെന്നും കോളേജുകൾക്ക് നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ കോളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

142. മുൻകൂർ തുക അനുവദിക്കുന്നതിന് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും നിലവിലിരിക്കേ ഒരേ വ്യക്തിയ്ക്കും കോളേജുകൾക്കും ഒന്നിലധികം മുൻകൂറുകൾ അനുവദിച്ച സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നടപടി ക്രമവിരുദ്ധവും നിലവിലുള്ള നിയമങ്ങളുടെ ലംഘനവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

143. സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ധനകാര്യ വിഭാഗം യാതൊരു ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ലെന്നും ആയതിനാൽ ധനകാര്യ വിഭാഗം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർവ്വകലാശാലയിലെ ധനദുർവ്വിനിയോഗം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

144. നിലവിലുള്ള നിയമം അനുസരിച്ച് മുൻകൂറുകൾ അനുവദിച്ചാൽ മൂന്ന്മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കെ വർഷങ്ങൾ കഴിഞ്ഞിട്ടും മുൻകൂറുകൾ ക്രമീകരിക്കുവാനോ, ക്രമീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട മുൻകൂറുകൾ ആദ്യം അനുവദിച്ച സർവ്വകലാശാല ധനകാര്യവിഭാഗം മേധാവി തന്നെ ഇപ്പോഴും സർവ്വകലാശാല ധനകാര്യവിഭാഗം തലവൻ ആയി തുടർന്നിട്ടും ഈ രീതിയിലുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കാനോ മുൻകൂർ തുക തിരിച്ചടപ്പിക്കാനോ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് മാത്രമല്ല ഇക്കാര്യത്തിൽ ധനകാര്യവിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും

അക്ഷന്തവ്യമായ വീഴ്ചയാണ് ഉണ്ടായതെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും മുൻകൂറുകൾ പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

145. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാൻ വീഴ്ച വരുത്തുന്നവർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകരുതെന്നും, മുൻകൂറുകൾ നൽകിയ തുക അവരുടെ വ്യക്തിഗതബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശയടക്കം ഈടാക്കിയതിനുശേഷമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകാവൂ എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

നിരീക്ഷകർക്ക് അധിക നിരക്ക് നൽകിയത് തിരിച്ചു പിടിക്കേണ്ടതാണ്.

പരീക്ഷാ നിരീക്ഷകർക്കുള്ള പ്രതിഫലത്തുക വർദ്ധനവ് പ്രാവർത്തികമാക്കാൻ തുടങ്ങിയത് 1996 മുതൽക്കാണ്. എന്നാൽ 1994-95 വർഷത്തിൽ നിരീക്ഷകരായി ജോലി ചെയ്തവർക്ക് 1996-ൽ പ്രാബല്യത്തിൽ വരുത്തിയ നിരക്കിൽ പ്രതിഫലം നൽകി. ഈ ഇനത്തിൽ മൊത്തം 57,801 രൂപ നിരീക്ഷകർക്ക് അധികം നൽകിയിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(c)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി :—

146. 1995 വാർഷിക പരീക്ഷ മുതൽ മുൻകാലപ്രാബല്യത്തോടുകൂടി നടപ്പിലാക്കിയ നിരക്കിലാണ് പ്രസ്തുത നിരീക്ഷകർക്ക് വേതനം നൽകിയിട്ടുള്ളത്. ആയതിനാൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

147. നിരീക്ഷകർക്ക് അധികതുക നൽകുന്നതുമായി ബന്ധപ്പെട്ട് 1995-ലെ വാർഷിക പരീക്ഷ മുതൽ മുൻകാല പ്രാബല്യത്തോടുകൂടി വർദ്ധിച്ച നിരക്കിലുള്ള പ്രതിഫലം നൽകുവാൻ വ്യവസ്ഥയുണ്ടെന്ന് സർവ്വകലാശാല ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

148. വ്യക്തമായ ഉത്തരവുള്ളതിനാൽ സർവ്വകലാശായുടെ നടപടി സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഫീസ് പിരിവ്-കുടിശ്ശിക സംബന്ധിച്ച്

"വിവിധ കോഴ്സുകളുടെ ഫീസ് പിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡിമാന്റ്, കളക്ഷൻ നീക്കി ബാക്കി എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിക്കപ്പെട്ടിട്ടില്ല.

12 കോളേജുകളിൽ നടത്തിയ പരിശോധനയിൽ എം.എ, എം..എസ്.സി, ബിഎ, ബികോം, എം.കോം എന്നീ കോഴ്സുകളിലെ പഠിതാക്കളിൽ നിന്നും തൻവർഷാവസാനം (1998-99) പിരിഞ്ഞു കിട്ടേണ്ടതായ തുക 2,20,370 രൂപയാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(G)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

149. "ഐ.ഡി.ഇ.യിലെ ട്യൂഷൻ ഫീസ് രണ്ട് തവണകളായിട്ടാണ് അടയ്ക്കേണ്ടത്. ഒന്നാമത്തെ തവണയുള്ള ഫീസ് അഡ്മിഷൻ ഫാറത്തോടൊപ്പം സ്വീകരിക്കുന്നു. പല വിദ്യാർത്ഥികളും തൊഴിൽ ചെയ്യുന്നവരും അതിൽ ചിലർ അധികപ്രായം ഉള്ളവരുമാണ്. അതിനാൽ ചില വിദ്യാർത്ഥികൾ അഡ്മിഷൻ ഫോറം സമർപ്പിച്ചതിന് ശേഷം പഠിത്തം മുടക്കുന്നു. എന്നാൽ ഔദ്യോഗിമായി അവർ പഠിത്തം അവസാനിപ്പിക്കാത്തതിനാൽ അവരുടെ രണ്ടാം തവണത്തെ ഫീസ് കുടിശ്ശികയായി കിടക്കുന്നു. അവർക്ക് ഓർമ്മപ്പെടുത്തൽ മെമ്മോകൾ അനേകപ്രാവശ്യം അയച്ചാലും പ്രതികരണം അറിയിക്കാറില്ല. ഇത്തരം കുടിശ്ശികകൾ വിദ്യാർത്ഥികൾ അവരുടെ വിടുതൽ സർട്ടിഫിക്കറ്റും മറ്റ് രേഖകളും തിരികെ വാങ്ങാൻ വരുന്ന അവസരത്തിൽ മാത്രമേ ഈടാക്കാനാകൂ.

150. ഈ അവസ്ഥ പരിഹരിക്കുന്നതിനുള്ള ഏകമാർഗ്ഗം ട്യൂഷൻ ഫീസ് ഒറ്റത്തവണയായി ആവശ്യപ്പെടുകയെന്നതാണ്. എന്നാൽ ഇന്നത്തെ സാമ്പത്തിക സാമൂഹീക പരിതസ്ഥിതിയിൽ ഇത്തരം ഒരു നിബന്ധന പ്രായോഗികമാക്കാവുന്നതല്ല."

151. കുടിശ്ശിക തുകയായ 2,20,370 രൂപ പിടിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ സമിതി ഫിനാൻസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 24-11-05-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടിയിൽ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ തുടക്കത്തിൽ ഫീസ് വാങ്ങിയിരുന്നത് മൂന്നുതവണകളായിട്ടായിരുന്നത് 2001-02 മുതൽ ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ രണ്ടു തവണകളാക്കിയിട്ടുണ്ടെന്നും ഇത് ഒറ്റത്തവണയാക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിന്റേയും സർവ്വകലാശാലയുടേയും ഭാവിയ്ക്ക് പ്രയോജനപ്രദമല്ലെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി നിഷേധിക്കപ്പെടുമെന്നും പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളുടെ ഫീസ് പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുവാനുള്ള കാലതാമസം കുടിശ്ശികയ്ക്ക് കാരണമാകാറുണ്ടെന്നും ആയതിനാൽ ഇത്തരം നിബന്ധനകൾ അപ്രയോഗിക മാണെന്നുമാണ് അറിയിച്ചിരിക്കുന്നത്.

152. ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ 5-5-2006-ലെ LF 16359/Spl. Cell (G1)05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

153. സർവ്വകലാശാലയുടെ മറുപടി സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

കേന്ദ്രീകൃതമുല്യനിർണ്ണയം-ദിനബത്ത നൽകിയത് അംഗീകരിക്കുന്നില്ല.

"നിലവിലുളള യാത്രപ്പടി നിയമത്തിൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും 8 കി.മീ. താഴെമാത്രം ദൂരം വരുന്ന യാത്രകൾക്ക് ദിനബത്ത നൽകാൻ വ്യവസ്ഥയില്ല.

എന്നാൽ കേന്ദ്രീകൃതമൂല്യനിർണ്ണയ ജോലിയുമായി ബന്ധപ്പെട്ട് ആസ്ഥാനത്ത് നിന്നും 8 കി.മീ. ദൂരത്തിനുളളിൽ സ്ഥിതി ചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ സേവനത്തിനെത്തിയ വ്യക്തികൾക്ക് ദിനബത്ത ഇനത്തിൽ 11,064 രൂപ നൽകിയിരിക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(h)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

154. "യു.ജി.സി. സ്കെയിൽ കോളേജ് അധ്യാപകർക്കും സർവ്വകലാശാല അധ്യാപകർക്കും നടപ്പിലാക്കിയപ്പോൾ പരീക്ഷാ അനുബന്ധ ജോലികൾ കൂടി അധ്യാപകരുടെ ജോലിയുടെ ഭാഗമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് വിദ്യാർത്ഥികളുടെയും ഐ.ഡി.ഇ വിദ്യാർത്ഥികളുടെയും പരീക്ഷ സംബന്ധിച്ച ജോലികൾ അധ്യാപകരുടെ ജോലികൾ എന്ന് പറയാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ ആണ് സിൻഡിക്കേറ്റ് തീരുമാനപ്രകാരം അധ്യാപകർക്ക് സർവ്വകലാശാല പരീക്ഷാ ജോലിയോടനുബന്ധിച്ച് വേതനം നൽകി വരുന്നത്."

155. കേന്ദ്രീകൃത മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് 8. കി.മീ. താഴെ വരുന്ന യാത്രകൾക്ക് ദിനബത്ത നൽകിയതിന് സർക്കാരിന്റെ തീരുമാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സിൻഡിക്കേറ്റിന്റെ തീരുമാനമുണ്ടെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

156. ആയതിന് മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കേന്ദ്രീകൃത മുല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ക്യാമ്പിലേക്കുളള ദൂരപരിധി 8 കിലോമീറ്ററിനുളളിലാണെങ്കിൽ ദിനബത്തയ്ക്ക് അർഹതയില്ലെന്ന് കെ.എസ്.ആർ. ഒന്നാം വാല്യം ചട്ടം 57 അനുശാസിക്കുന്നുണ്ടെങ്കിലും 4-9-1996-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ M&C 1.1275/96 അനുസരിച്ച് ഇളവ് നൽകിയിട്ടുണ്ടെങ്കിലും നിയമസഭാ സമിതിയുടെ നിർദ്ദേശത്തിനനുസൃതമായി ഇനി മുതൽ ഇത്തരം ആനുകൂല്യങ്ങൾ തുടരാതിരിക്കാൻ സർവ്വകലാശാല തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

157. എന്നാൽ ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 25-5-2006-ലെ 26430/ബി3/05 ഉവിവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപക, അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കി പരീക്ഷാ പ്രക്രീയ പൂർത്തീകരിക്കുന്നതിന് നിലവിലുള്ള ഉത്തരവ് പിൻതുടരേണ്ടതുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്.

158. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 5-05-2006-ലെ LF16359/Spl. Cell (G2)/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ മറുപടി തൃപ്തികരമല്ലെന്നും നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ആസ്ഥാനത്തുനിന്നും 8 കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ ജോലിക്കെത്തിയവർക്ക് ദിനബത്ത നൽകിയത് അംഗീകരിക്കാനാവില്ലെന്നും ആയതിനാൽ ഇത്തരത്തിൽ ദിനബത്ത തുടർന്നും നൽകി വരുന്നത് നിറുത്തലാക്കാനും, 11064 രൂപ തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

159. സമിതി നിർദ്ദേശത്തെ തുടർന്ന് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടിയിൽ സമിതി ഭാവിയിൽ ഇത്തരം ആനുകൂല്യങ്ങൾ നൽകേണ്ടതില്ലായെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 25-05-2006-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 26430/ബി3/05/ഉവിവ നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഉത്തരവ് തുടരേണ്ടതാണെന്നാണ് അറിയിച്ചിട്ടുള്ളത്. നിയമസഭാ സമിതി മുമ്പാകെ പരസ്പര വിരുദ്ധമായ മറുപടി ലഭ്യമാക്കിയതുവഴി സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചെന്നും ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

160. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്ന കെ.എസ്.ആർ. തന്നെയാണ് സർവ്വകലാശാലയിലും ബാധകമെന്നിരിക്കെ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് സർവ്വകലാശാല ഉത്തരവിറക്കുവാൻ പാടില്ലെന്നും ഇത്തരം ഉത്തരവുകളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

161. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ദിനബത്തയായി നൽകിയ 11064 രൂപ ബന്ധപ്പെട്ടവരിൽ നിന്നും അടിയന്തിരമായി തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഭാവിയിൽ 8 കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്ക് ദിനബത്ത നൽകാൻ പാടില്ലെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

മെട്രിക്കുലേഷൻ ഫീസിനത്തിൽ 8 കോളേജുകൾ 82,375 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.m(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

162. "ആഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രസ്തുത കോളേജിലെ രേഖകളെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. സർവ്വകലാശാലയിലെ ബന്ധപ്പെട്ട രേഖകൾ ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർവ്വകലാശാല നിയമവും പ്രവർത്തന രീതിയും അനുസരിച്ച് ഓരോ പരീക്ഷാർത്ഥിയുടേയും മെട്രിക്കുലേഷൻ ഫീസ് റസീപ്റ്റ് (MFR) ബന്ധപ്പെട്ട പരീക്ഷാവിഭാഗം സെക്ഷനിൽ കിട്ടി ബോധിച്ചാൽ മാത്രമേ പ്രസ്തുത വിദ്യാർത്ഥിയുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും മാർക്ക് ലിസ്റ്റ് കൊടുക്കുകയും ചെയ്യുകയുള്ളൂ. ഈ ഇനത്തിൽ കുടിശ്ശിക ഫീസുണ്ടെങ്കിൽ മാർക്ക് ലിസ്റ്റ് കൊടുക്കാറില്ല. ഈ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്ക് ഈ ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ഇതിനകം തന്നെ ലഭിച്ചിരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും."

**ഓഡിറ്റ് ഖണ്ഡിക**

യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിലെ പരീക്ഷാ ഫീസ് തുടങ്ങിയവയുടെ പരിശോധന/യൂണിവേഴ്സിറ്റിയ്ക്ക് ലഭിക്കാനുള്ള സ്പെഷ്യൽ ഫീസ്

യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്ന 126 കോളേജുകൾ 2,00,385 രൂപ സ്പെഷ്യൽ ഫീസ് ഇനത്തിൽ യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കാതെ കുടിശ്ശികയാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ഒരു ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും അത് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.m(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

163. "സർവ്വകലാശാലയിലേക്ക് കുട്ടികളിൽ നിന്ന് പിരിച്ചടയ്ക്കേണ്ട സ്പെഷ്യൽ ഫീസ് പിരിച്ചെടുക്കുന്നതിനുവേണ്ടി പ്രത്യേകം രസീത് പുസ്തകങ്ങൾ അച്ചടിച്ച് എല്ലാ കോളേജുകൾക്കും നൽകിയിട്ടുണ്ട്. അതുകൊണ്ട് കോളേജുകൾക്ക് യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്കടയ്ക്കേണ്ട ഫീസ് പ്രത്യേകമായി പിരിച്ചെടുക്കുന്നതിനും പിരിച്ചതുക കെ.യു.എഫിലേക്ക് അടയ്ക്കുന്നതിനും സൗകര്യം ഉണ്ടായിട്ടുണ്ട്.

164. സർവ്വകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥർ കോളേജുകളിൽ ഓഡിറ്റ് നടത്തുകയും ഓഡിറ്റ് പരിശോധനയിലൂടെ കണ്ടെത്തുന്ന ബാക്കി തുകകൾ എത്രയും വേഗം സർവ്വകലാശാല ഫണ്ടിലേക്ക് അടയ്ക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഒരു പ്രാവശ്യം എല്ലാ കോളേജുകളിലും ഓഡിറ്റ് നടത്തുകയും ബാക്കിത്തുകകൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇപ്രകാരമുള്ള ഓഡിറ്റ് കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. കോളേജുകളുമായി നിരന്തരം കത്തുകളിലൂടെയും ഫോൺമുഖാന്തിരവും ബന്ധപ്പെടുന്നുണ്ട്. കൂടാതെ, ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രിൻസിപ്പൽമാരുമായി നേരിട്ട് കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിലൂടെ കെ.യു.എഫിൽ അടയ്ക്കേണ്ട തുകകൾ കാലവിളംബം കൂടാതെ അടയ്ക്കാനുള്ള നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

165. സർക്കാർ കോളേജുകളിൽ നിന്ന് സർവ്വകലാശാലയ്ക്ക് വിവിധ ഫീസിനങ്ങളിൽ പിരിച്ചെടുക്കുന്ന തുകയെ സംബന്ധിച്ചും അത്, കെ.യു.എഫിലേയ്ക്ക് അടയ്ക്കുന്നതിനെക്കുറിച്ചും ആവശ്യപ്പെടുന്ന വിവരങ്ങളൊന്നും കൃത്യസമയത്തോ, അതാത് സാമ്പത്തിക വർഷങ്ങളിലോ ലഭിക്കാത്തതിനാൽ അവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്ത കാര്യം ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷനെ അറിയിക്കുകയും അതിൻപ്രകാരം പ്രസ്തുത ഫീസുകളെക്കുറിച്ചുള്ള വിശദമായ കണക്ക് സത്വരമായി സർവ്വകലാശാലയ്ക്ക് നൽകാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എല്ലാ കോളേജുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്

166. കോളേജ് പ്രിൻസിപ്പൽമാരുമായി ആശയവിനിമയം നടത്തിയപ്പോൾ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ട്രഷറി നിയന്ത്രണംമൂലം പി.ഡി അക്കൗണ്ടിൽ പിടിക്കുന്ന പണം സർവ്വകലാശാലാ ഫണ്ടിലേക്ക് എടുത്തടയ്ക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. സർവ്വകലാശാല പ്രസ്തുത വിഷയം ഫിനാൻസ് സെക്രട്ടറിയെ അറിയിക്കുകയും അദ്ദേഹത്തിന്റെ ഓഫീസിൽ നിന്ന് ഉടൻതന്നെ നടപടിയുണ്ടായതിനാൽ സർവ്വകലാശാലയ്ക്ക് അടയ്ക്കേണ്ടുന്ന പണത്തിന്മേൽ ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിയ്ക്കുകയും ചെയ്തു.”

167. പരീക്ഷാ ഫീസിനത്തിൽ സർവ്വകലാശായ്ക്ക് ലഭിക്കുവാനുള്ള തുക അടിയന്തിരമായി ഈടാക്കുന്നതിനും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും സർക്കാർ കോളേജുകളും ഫീസിനത്തിൽ കുടിശ്ശിക വരുത്തിയ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയും ഇതേക്കുറിച്ച് അന്വേഷിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

168. സമിതിയ്ക്ക് 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി മേൽ നടപടിക്കായി പരാമർശവിഷയം ഗവൺമെന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നാണ് അറിയിച്ചിരിക്കുന്നത്.

169. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 26430/ബി3/05/ഉവിവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിലും ഗവൺമെന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

170. സർക്കാർ കോളേജുകൾ പരീക്ഷാ ഫീസടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി അന്വേഷിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് സർവ്വകലാശാലാ രജിസ്ട്രാർ പ്രസ്തുത വിഷയം ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി സമിതിയ്ക്ക് നൽകിയിരുന്നു. എന്നാൽ ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ട ഗവൺമെന്റ് സെക്രട്ടറി അദ്ദേഹത്തിന്റെ തന്നെ 26430/ ബി3/05 കത്തുപ്രകാരം "ഗവൺമെന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്" എന്നാണ് സമിതിയെ അറിയിച്ചിരിക്കുന്നത്. ഓഡിറ്റ് പരാമർശം പരിശോധിച്ച് മറുപടി നൽകേണ്ട ഉദ്യോഗസ്ഥൻ ആയതിന് തന്നെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നത് പരിഹാസ്യമാണ്.

171. സർവ്വകലാശാല ലഭ്യമാക്കിയ മറുപടി എന്താണെന്ന് പോലും നോക്കാതെ അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ നിയമസഭാ കമ്മിറ്റിയ്ക്ക് ഉത്തരവാദിത്വ രഹിതമായി റിപ്പോർട്ട് ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

172. ഉന്നതവിദ്യാഭ്യാസ വകുപ്പും സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ഇടപെടാറില്ലെന്നും വകുപ്പ് സ്വന്തം ഉത്തരവാദിത്വ ത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായിട്ടുമാണ് സമിതി മനസ്സിലാക്കുന്നത്.

173. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അച്ചടി സ്വകാര്യ പ്രസ്സുകൾക്ക് ആവശ്യത്തിൽ കവിഞ്ഞ് പേപ്പർ നൽകുന്ന പ്രവണത

"യൂണിവേഴ്സിറ്റിയുടെ വിവിധ വകുപ്പുകൾ സ്വകാര്യ പ്രസ്സുകളുമായി അച്ചടി ജോലിയ്ക്കുള്ള കരാറിലേർപ്പെടുമ്പോൾ തന്നെ പേപ്പറിനുള്ള ഇൻഡന്റ് കൂടി പ്രസ്സുകൾക്ക് നൽകുകയും അതനുസരിച്ച് യൂണിവേഴ്സിറ്റി ജനറൽ സ്റ്റോറിൽ നിന്നും പ്രസ്സുകൾക്ക് നേരിട്ട് പേപ്പർ കൊടുക്കുകയുമാണ് നിലവിലുള്ള നടപടിക്രമം. യഥാർത്ഥത്തിൽ ഇൻഡന്റ് നൽകുമ്പോൾ ജോലിയ്ക്ക് ആവശ്യമായിവരുന്ന പേപ്പറിന്റെ അളവ് നിർണ്ണയിക്കപ്പെടുന്നില്ല. തന്മൂലം യൂണിവേഴ്സിറ്റിയ്ക്ക് നഷ്ടമുണ്ടാകുന്ന വിധത്തിൽ സ്വകാര്യ പ്രസ്സുകളുടെ കൈവശം ആവശ്യത്തിലധികം പേപ്പർ വന്നു ചേരുന്നതായി കാണുന്നു. 31-3-1998-ലെ കണക്ക് പ്രകാരം പല സ്വകാര്യ പ്രസ്സുകളിലായി 101.881 റീം പേപ്പർ ബാക്കി നിൽക്കുന്നതായി പരിശോധനയിൽ കണ്ടു. ആവശ്യത്തിലധികമായി പ്രസ്സുകൾക്ക് നൽകിയിരുന്ന പേപ്പർ തിരികെ വാങ്ങുകയോ അല്ലെങ്കിൽ അതിന്റെ വില ഈടാക്കുകയോ ചെയ്യേണ്ടതാണ്. അതോടൊപ്പം ആവശ്യം കണക്കാക്കി മാത്രം പ്രസ്സുകൾക്ക് പേപ്പർ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.c(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

174. "സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം സ്വകാര്യ പ്രസ്സുകൾക്കോ സർവ്വകലാശാലാ പ്രസ്സിനോ അധിക കടലാസ് നൽകാറില്ല. സ്വകാര്യ അച്ചടിശാലകൾക്ക് കടലാസ് നൽകുന്നതിന് കർശനമായ മാനദണ്ഡമുണ്ട്. സ്വകാര്യ അച്ചടിശാലകൾക്ക് കൊടുക്കേണ്ട സാമ്പത്തിക ബാധ്യതകൾ സർവ്വകലാശാലാ അച്ചടിശാലയുടെ സൂപ്രണ്ടിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീർക്കുന്നത്. നൽകപ്പെടുന്ന കടലാസിന്റെയും കവർ കാർഡിന്റെയും കാര്യത്തിലും സർവ്വകലാശാല അച്ചടിശാലയുടെ സൂപ്രണ്ടിന്റെ റിപ്പോർട്ടാണ് ആധികാരിക പ്രമാണമായി കാണക്കാക്കുന്നത്."

**ഓഡിറ്റ് ഖണ്ഡിക**

വിദൂരപഠന കേന്ദ്രം—അച്ചടി കടലാസ്സിന് അധിക വില നൽകി

"വിദൂര പഠനകേന്ദ്രത്തിന്റെ ആവശ്യാർത്ഥം പാഠഭാഗങ്ങൾ അച്ചടിക്കുന്നതിന് വിവിധ സ്വകാര്യ അച്ചടിശാലകൾക്ക് കടലാസ് നൽകിയത്, യഥാർത്ഥത്തിൽ ആവശ്യമായ കടലാസ്സിന്റെ അളവ് കണക്കാക്കാതെയാണ് എന്ന് പരിശോധനയിൽ വ്യക്തമാക്കുന്നു. 12 പ്രസ്സുകൾക്കായി 563 റീം കടലാസ്സ് വിതരണം ചെയ്തുവെങ്കിലും യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ 110.902 റീം പേപ്പർ അധികമാണ് പ്രസ്സുകൾക്ക് നൽകിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അധികം നൽകിയ പേപ്പറിന്റെ വില 50214.20 രൂപ ആയി വിലയിരുത്തുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(f)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

175. "ഏഴു സ്വകാര്യ പ്രസ്സുകൾക്കാണ് അച്ചടി ജോലികൾ നലകിയിരിക്കുന്നത്. അവയുടെ പേരുവിവരം 1. സജി പ്രിന്റേഴ്സ്, (2) ജി.എസ്. പ്രിന്റേഴ്സ്, (3) ത്രിഭൂവന ഓഫ് സെറ്റ് പ്രിന്റിംഗ് വർക്ക്സ് (4) പ്രശാന്ത് പ്രിന്റേഴ്സ്, (5) ശ്രീ. പ്രന്റേഴ്സ്, (6) കുമാർ പ്രിന്റേഴ്സ്, (7) കേരളാ യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് പ്രസ്സ്. ഈ അച്ചടിശാലകൾ ഇപ്പോഴും ഐ.ഡി.ഇയുടെ അച്ചടി ജോലികൾ ഏറ്റെടുത്ത് ചെയ്തുകൊണ്ടിരിക്കുന്നതിനാൽ മുൻകാലങ്ങളിൽ അധികവും ബാക്കിയുമായി വന്ന കടലാസ് നിലവിലുള്ള വർഷത്തെ അച്ചടി ജോലികളിലേക്ക് കണക്കിൽ കൊള്ളിച്ചുകൊണ്ടിരിക്കുകയാണ്

176. മെസ്സേഴ്സ് ശിവ പ്രിന്റേഴ്സ്, അശോക പ്രിന്റേഴ്സ്, നോബിൾ പ്രസ്സ്, സരൾ പ്രിന്റേഴ്സ്, യുവദീപ്തി പ്രസ്, ജയമാതാ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് പ്രസ്, ഇന്റഗ്രേറ്റഡ് സോഫ്ട് വെയർ മുതലായ സ്ഥാപനങ്ങൾ ആവശ്യം കഴിഞ്ഞുവന്ന കടലാസ് തിരികെ ഏൽപ്പിച്ചിട്ടുണ്ട്.

177. മെസ്സേഴ്സ് 999 പ്രിന്റേഴ്സ് അച്ചടി ജോലിക്കാവശ്യമുള്ളതു കഴിച്ച് ഒരു റീം 397 ഷീറ്റും പേപ്പർ തിരികെ തരാനുണ്ട്. ആയതുകൊണ്ട് അവരുടെ ഒടുവിലത്തെ ബിൽ തുകയായ 1,225 രൂപയും ജാമ്യത്തുകയും തിരികെ കൊടുത്തില്ല. നവധാരാ കളർ പ്രിന്റേഴ്സിൽ നിന്നും 4 റീമും 81 ഷീറ്റും പേപ്പർ തിരികെ കിട്ടാനുണ്ട്. അതിനാൽ അവരുടെ അവസാന ബില്ലിലെ 1210 (ആയിരത്തി ഇരുന്നൂറ്റി പത്തുരൂപ) രൂപയും ജാമ്യത്തുകയും വിടുതൽ ചെയ്തിട്ടില്ല. സംഗീത പ്രിന്റേഴ്സ് 432 ഷീറ്റ് പേപ്പർ തിരികെ നൽകാനുള്ളതിനാൽ അവരുടെയും ജാമ്യത്തുക തിരികെ കൊടുത്തിട്ടില്ല. അതുപോലെ ശ്രീദേവി പ്രിന്റേഴ്സ് രണ്ട് റീമും 349 ഷീറ്റ് പേപ്പറും തിരികെ നൽകാനുണ്ട്. അവരുടെ ജാമ്യ തുക തിരികെ കൊടുത്തിട്ടില്ല. ലക്ഷ്മി പ്രിന്റേഴ്സ് രണ്ട് റീമും 59 ഷീറ്റും പേപ്പറും തിരികെ നൽകാനുള്ളതിനാൽ അവരുടെയും ജാമ്യത്തുക തടഞ്ഞുവച്ചിരിക്കുകയാണ്.

178. 1997-98 വർഷം ജാമ്യത്തുകയായി ആയിരം രൂപയായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ജാമ്യത്തുക മൂവായിരം രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ജാമ്യത്തുക പ്രധാനമായും അച്ചടി ജോലികൾക്ക് നല്കുന്ന കടലാസിന്റെ ഈടായിട്ടാണ് ഉപയോഗിക്കുന്നത്."

179. പാഠഭാഗങ്ങൾ അച്ചടിക്കുന്നതിന് എത്ര പ്രസ്സുകൾക്കായിട്ടാണ് തുക നല്കിയതെന്ന് സമിതി ആരാഞ്ഞതിന് ഏഴ് പ്രസ്സുകൾക്കായിട്ടാണ് തുക നല്കിയതെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

സ്വകാര്യ പ്രസ്സുകൾക്ക് കടലാസ് നൽകുന്നതിൽ മാനദണ്ഡം പാലിക്കുന്നില്ലെന്നും പ്രിന്റിംഗ് കഴിഞ്ഞ് ബാക്കി വരുന്ന പേപ്പർ മടക്കി നൽകാത്ത സ്വകാര്യ പ്രസ്സുകളിൽ നിന്നും കേവലം 3,000 രൂപ മാത്രമായ ജാമ്യത്തുക പിടിച്ചുവച്ചിരിക്കുന്നു എന്നത് മതിയായ നടപടി അല്ലെന്നും സമിതി വിലയിരുത്തി.

180. സമിതിയുടെ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി. സമിതിക്ക് താഴെ പറയുംപ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്സുകൾക്ക് കൊടുക്കുന്ന കടലാസിൽ ബാക്കി വരുന്നത് അടുത്ത വർഷത്തേയ്ക്കുള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതായി കാണപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിൽ പ്രസ്സുകൾക്ക് കൊടുത്ത കടലാസ്സിന്റെ അളവ്, ഉപയോഗിച്ചത്, ബാക്കി, ആയതിന്റെ അടുത്തവർഷത്തെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ എന്നിവ എഴുതി സൂക്ഷിക്കാറില്ലായിരുന്നു. അശോകാ പ്രസ്സ് (3.134 റീം), ലക്ഷ്മി പ്രിന്റേഴ്സ് (2.059 റീം) എന്നീ സ്ഥാപനങ്ങൾക്ക് കൊടുത്തതിൽ 5.193 റീം കടലാസ് അധികമാണ്. ആയത് തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

181. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മേൽപ്പറഞ്ഞ മറുപടിയുടെ വെളിച്ചത്തിൽ സമിതി ഒരിക്കൽ കൂടി ഈ വിഷയത്തിന്മേൽ സർവ്വകലാശാല അധികൃതരിൽ നിന്നും തെളിവെടുത്തു.

182. സ്വകാര്യ പ്രസ്സുകൾക്ക് ആവശ്യത്തിൽകവിഞ്ഞ് പേപ്പർ നൽകുന്നതായുള്ള പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, അധികം പേപ്പർ കൊടുക്കാറില്ലെന്നും ഒരു സാമ്പത്തിക വർഷം അച്ചടിച്ചുകഴിഞ്ഞ് അധികം വരുന്ന പേപ്പർ അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യുകയാണ് പതിവെന്നും ഇതു സംബന്ധിച്ച വിശദാംശം

സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും സർവ്വകലാശാലാധികൃതർ സമിതിയെ അറിയിച്ചു. അച്ചടിജോലിയുടെ ഭൂരിപക്ഷവും സർവ്വകലാശാലയുടെ പ്രസ്സിൽ തന്നെ ഏൽപ്പിക്കാൻ തീരുമാനമായിട്ടുണ്ടെന്നും രജിസ്ട്രാർ തുടർന്നറിയിച്ചു.

183. യൂണിവേഴ്സിറ്റി സമർപ്പിച്ച നോട്ടിൽ സ്വകാര്യ പ്രസ്സുടമകളിൽ നിന്നും ലഭിക്കാനുള്ള പേപ്പറിന്റെ കണക്ക് അന്തിമമായി സെറ്റിൽ ചെയ്തതായി പറയുന്നില്ലെന്നും ആയത് സെറ്റിൽ ചെയ്ത് ലോക്കൽ ഫണ്ട് ഓഡിറ്റിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കണക്ക് സെറ്റിൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് രജിസ്ട്രാർ അറിയിച്ചു. അച്ചടിശാലയിൽ നിന്നും ഈടാക്കുന്ന നിരതദ്രവ്യം കാലോചിതമായി വർദ്ധിപ്പിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് നിരതദ്രവ്യം വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്ന് കേരള സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

184. അച്ചടി ആവശ്യങ്ങൾക്കായി സർവ്വകലാശാലയിൽ നിന്നും വിവിധ പ്രസ്സുകൾക്ക് ഓരോ വർഷവും നൽകുന്ന പേപ്പറിന്റെ അളവ് ഉപയോഗിച്ച പേപ്പറിന്റെ അളവ്, മിച്ചമുള്ള പേപ്പറിന്റെ കണക്ക് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

## നിഗമനങ്ങൾ/ശുപാർശകൾ

185. പാഠപുസ്തകം അച്ചടിക്കുന്നതിനായി സ്വകാര്യ പ്രസ്സുടമകൾക്ക് നൽകിയ പേപ്പറിൽ അശോകാ പ്രസ്സ് (3.134 റീം) ലക്ഷ്മി പ്രിന്റേഴ്സ് (2.059 റീം) എന്നീ സ്ഥാപനങ്ങൾക്ക് കൊടുത്തതിൽ 5.193 റീം അധികമാണെന്നും, അധികമായി നൽകിയ അച്ചടിക്കടലാസ് തിരികെ വാങ്ങുന്നതിനോ ആയതിന്റെ വില പ്രസ്സുടമകളിൽ നിന്നും ഈടാക്കുന്നതിനോ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും നടപടി ഉണ്ടായിട്ടില്ല എന്നു സമിതി ചൂണ്ടിക്കാട്ടുന്നു. അച്ചടിക്കടലാസ് നൽകുന്നതു സംബന്ധിച്ച വിവിധ ഓഡിറ്റ് ഖണ്ഡികകൾക്ക് സർവ്വകലാശാലാ സമിതിക്ക് സമർപ്പിച്ച വിശദീകരണത്തിൽ M/s പ്രിന്റേഴ്സ്, നവധാര കളർ പ്രിന്റേഴ്സ്, സംഗീത പ്രിന്റേഴ്സ്, ശ്രീദേവി പ്രിന്റേഴ്സ് എന്നിവർ പേപ്പർ തിരികെ നൽകാനുള്ളതിനാൽ, അവരുടെ ഒടുവിലത്തെ ബിൽ തുകയും, ജാമ്യത്തുകയും നൽകിയിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ യൂണിവേഴ്സിറ്റിക്ക് തിരികെ ലഭിക്കുവാനുള്ള പേപ്പറിന്റെ മൂല്യത്തിനു ആനുപാതികമായുള്ള തുക ഈ തുകകൾ ഈടാക്കിയാൽ ലഭിക്കുമോ എന്നതു സംബന്ധിച്ച് സമിതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ അച്ചടി സംബന്ധമായ കണക്കുകൾ അടിയന്തിരമായി സെറ്റിൽ ചെയ്ത് ഉത്തരവു പുറപ്പെടുവിക്കണമെന്നും അതിനുശേഷം സ്വകാര്യ പ്രസ്സുകൾക്ക് അച്ചടിയ്ക്കായി നൽകിയ പേപ്പറിന്റെ ഉപയോഗം സംബന്ധിച്ച രജിസ്റ്ററുകൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റിനു സമർപ്പിക്കണമെന്നും ഇതു സംബന്ധിച്ച ഓഡിറ്റു തടസ്സത്തിൽ തീർപ്പുകൽപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

186. അച്ചടിശാലകളിൽ നിന്നും ലഭിക്കുന്ന ബില്ലിൽ, സർവ്വകലാശാല നൽകിയ കടലാസ്സിന്റെ അളവും, ഉപയോഗിച്ച കടലാസ്സിന്റെയും, ബാക്കിയുള്ള കടലാസ്സിന്റെയും അളവും കൃത്യമായി രേഖപ്പെടുത്തിയിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ബില്ലുകൾ പാസ്സാക്കി നൽകുമ്പോൾ ബാക്കിയുള്ള കടലാസിന്റെ വില തട്ടിക്കഴിച്ചത് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ച ഇനങ്ങളിൽ ഗണ്യമായ കുറവ്

"പരീക്ഷാ വിഭാഗം സ്റ്റോറിലേയ്ക്കാവശ്യമായ ആൻസർ ബുക്കുകൾ, ഫാറങ്ങൾ, രജിസ്റ്ററുകൾ, സിലബസിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് എന്നിവ അച്ചടിക്കാനായി യൂണിവേഴ്സിറ്റി പ്രസ്സിന് ഉത്തരവ് നൽകുകയുണ്ടായി. അതോടൊപ്പം അച്ചടിക്കാവശ്യമായ പേപ്പർ ജോലികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ നൽകി എന്നാൽ അച്ചടിച്ചു ലഭിച്ച ഇനങ്ങളിൽ (പ്രത്യേകിച്ച് ആൻസർ ബുക്കുകളുടെ കാര്യത്തിൽ) വളരെയേറെ കുറവു കാണുകയുണ്ടായി. അച്ചടിച്ച ഇനങ്ങളിലെ കുറവു നിമിത്തം വലിയ തോതിൽ പേപ്പർ നഷ്ടപ്പെട്ടതായികാണുന്നു. ഏകദേശം 1,14,280 രൂപയുടെ നഷ്ടം ഈയിനത്തിൽ യൂണിവേഴ്സിറ്റിക്കുണ്ടായതായി കണക്കാക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് VI 1.(സി)(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്ത് പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

187. "സർവ്വകലാശാല പ്രസ്സിൽ അച്ചടി ആവശ്യത്തിനായി സാധാരണ 4 വിധത്തിലാണ് പേപ്പറുകളും മറ്റു സാമഗ്രികളും കിട്ടുന്നത്. അത് ഇവയൊക്കെയാണ്.

(1) ജനറൽ സ്റ്റോർ

(2) പരീക്ഷാ വിഭാഗം സ്റ്റോർ

(3) പ്രകാശനവിഭാഗം സ്റ്റോർ

(4) ലോക്കൽ പർച്ചേസ് (പ്രത്യേക ആവശ്യങ്ങൾക്ക്)

188. 1997-98, ആഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നതുവരെ പരീക്ഷാ വിഭാഗം സ്റ്റോറിൽ നിന്ന് വാങ്ങുന്ന പേപ്പറുകൾ ഉപയോഗിച്ചാണ് സർവകലാശാലയുടെ മറ്റ് അച്ചടി ജോലികളും ചെയ്ത് വന്നിരുന്നത്. (ഡെലിവറി നോട്ടും ജോബ് ടിക്കറ്റും പരിശോധിച്ചാൽ ഇത് വ്യക്തമാകും) ടി കാരണം കൊണ്ട് സർവകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല."

189. സർവ്വകലാശാല പരീക്ഷകൾ കൃത്യമായി നടത്തുന്നതിലേയ്ക്കായി ഉത്തരക്കടലാസ്സുകൾ തുടർച്ചയായി അച്ചടിക്കേണ്ടതുണ്ട്. ഇതിനിടയിൽ സർവ്വകലാശാലയുടെ മറ്റ് അച്ചടി ജോലികളും മുടക്കം കൂടാതെ ചെയ്ത് തീർക്കേണ്ടതായിട്ടുണ്ട്. ഇത് ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണ് പരീക്ഷാവിഭാഗം സ്റ്റോറിൽ നിന്നും കിട്ടുന്ന പേപ്പറുകൾ മറ്റ് അച്ചടി ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടി വന്നത്. ചില സമയങ്ങളിൽ ജനറൽ സ്റ്റോറിൽ ആവശ്യത്തിനുള്ള പേപ്പറുകൾ ലഭ്യമാകുകയില്ല.

190. ടി റിപ്പോർട്ടിലെ ഈ പരാമർശത്തിന് ശേഷം പ്രത്യേകം കണക്കുകൾ സൂക്ഷിക്കാറുണ്ട്. ഇത് ആഡിറ്റർ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

**ഓഡിറ്റ് ഖണ്ഡിക**

സർവ്വകലാശാല പ്രസ്സിലെ അച്ചടി ജോലികളിൽ അപൂർണ്ണത

സർവ്വകലാശാല പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ള ഓരോ അച്ചടി ജോലികളെയും സംബന്ധിച്ച വർക്ക് ടിക്കറ്റ്, ഡെലിവറി നോട്ട് എന്നിവ പരിശോധിച്ചപ്പോൾ ചില കേസ്സുകളിൽ സ്റ്റോറിലേയക്ക് നൽകിയതായി കാണിക്കുന്ന അച്ചടിച്ച സാധനങ്ങൾ മുഴുവൻ തന്നെ സ്റ്റോറിൽ ലഭിച്ചതായി രേഖകളില്ല. ഈ ക്രമക്കേടുകാരണത്താൽ പ്രിന്റിംഗിന് നൽകുന്ന പേപ്പറിൽ ഗണ്യമായ നഷ്ടം കാണപ്പെടുന്നു.

സാധാരണയായി പ്രസ്സിൽ നിന്നും എക്സാമിനേഷൻ സ്റ്റോറിലേയ്ക്ക് സാധനങ്ങൾ അയയ്ക്കുമ്പോൾ ഡെലിവറി നോട്ട് ട്രിപ്ളിക്കേറ്റിൽ തയ്യാറാക്കുകയും ട്രിപ്ളിക്കേറ്റ് കോപ്പി അവിടെ തന്നെ സൂക്ഷിക്കുകയും ഒറിജിനലും ഡ്യൂപ്ളിക്കേറ്റും സ്റ്റോറിലേയക്ക് അയച്ച് ഒറിജിനൽ സ്റ്റോറിൽ കിട്ടിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തി പ്രസ്സിന് മടക്കി നൽകുകയുമാണ് പതിവ്. ഇപ്രകാരമുള്ള ഡെലിവറി നോട്ടിന്റെ ഒറിജിനലിൽ (പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ള) ഡ്യൂപ്ളിക്കേറ്റ് കോപ്പിയേക്കാൾ (സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളത്) കൂടുതൽ എണ്ണങ്ങൾ രേഖപ്പെടുത്തിയതായി കാണാനിടയായിട്ടുണ്ട്. സൂക്ഷ്മ പരിശോധനയിൽ ഒറിജിനൽ ഡെലിവറി നോട്ടുകളിൽ യൂണിവേഴ്സിറ്റി പ്രസ്സിൽ വച്ച് മാറ്റങ്ങളും എഴുതിച്ചേർക്കലുകളും ഉണ്ടായതായി ബോധ്യപ്പെട്ടു. അതായത് ചില വർക്ക് ടിക്കറ്റ്/ഡെലിവറി നോട്ട് എന്നിവ പ്രകാരം ഓർഡർ അനുസരിച്ചുള്ള മുഴുവൻ സാധനങ്ങളും അച്ചടിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോറിൽ ലഭിച്ച സാധനങ്ങളിൽ കുറവുള്ളതായി കാണുകയുണ്ടായി. ഇത്തരത്തിലുള്ള ക്രമക്കേടുകൾ കൊണ്ട് യൂണിവേഴ്സിറ്റിക്ക് 68,606 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999–2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 1.(സി) iv]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

191. "അച്ചടിച്ച സാമഗ്രികൾ പ്രസ്സിൽ നിന്നും ഗേറ്റ് പാസ്, ഡെലിവറി നോട്ട് തുടങ്ങിയ മതിയായ രേഖകളില്ലാതെ പുറത്ത് വിടാറില്ല. ഈ സാഹചര്യത്തിൽ ടി സാധനങ്ങൾ സ്റ്റോക്കിൽ എടുക്കാൻ വിട്ടുപോയിരിക്കാനാണ് സാദ്ധ്യത. മതിയായ രേഖകൾ പ്രസ്സിൽ ആഡിറ്റിനായി സൂക്ഷിച്ചിട്ടുണ്ട്."

192. ഡെലിവറി നോട്ടിലെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള തെറ്റുകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓഡിറ്റ് ഖണ്ഡിക**

എക്സാമിനേഷൻ സ്റ്റോർ ആൻസർ ഷീറ്റുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്താത്തത്

"യൂണിവേഴ്സിറ്റി പ്രസ്സിന്റെ ഡെലിവറി നോട്ടുകൾ പ്രകാരം പ്രസ്സിൽ നിന്നും സ്വീകരിച്ചതായി എക്സാമിനേഷൻ സ്റ്റോറിൽ സ്റ്റോർ അധികൃതർ രേഖപ്പെടുത്തിയതും പ്രസ്സിൽ നിന്നും സ്റ്റോറിലേയക്ക് അയച്ചതുമായ ആൻസർ ഷീറ്റുകളുടെ പല കൺസൈൻമെന്റുകളും എക്സാമിനേഷൻ സ്റ്റോറിന്റെ സ്റ്റോക്കിൽ വരവു വച്ചിട്ടില്ല.

ഇപ്രകാരം ആകെ 69 റീം 345 ഷീറ്റ് പേപ്പർ ഉപയോഗിച്ച് അച്ചടിച്ച ആൻസർ ഷീറ്റുകളുടെ കണക്കാണ് സ്റ്റോക്കിൽ ഉൾപ്പെടുത്താതെ വന്നിരിക്കുന്നത്. തന്മൂലം ഇത്രയും പേപ്പറിന്റെ വിലയിനത്തിൽ മാത്രം ഏകദേശം 35,734 രൂപയും നഷ്ടം കണക്കാക്കുന്നു."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999–2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1. (സി). v]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

193. "യൂണിവേഴ്സിറ്റി പ്രസ്സിൽ നിന്നും അച്ചടിച്ച ഉത്തരക്കടലാസുകൾ പരീക്ഷാ വിഭാഗം സ്റ്റോറിലേയക്ക് കൊണ്ടുവരുന്നത് അംഗീകൃത ക്ളിയറിംഗ് ആന്റ് ഫോർവേർഡിംഗ് ഏജന്റാണ്. അതിനാൽ ഡെലിവറിനോട്ട് പ്രസിൽ നിന്നും കൊടുത്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നോട്ടിൽ പറഞ്ഞിട്ടുള്ള ഉത്തരക്കടലാസുകൾ മുഴുവനും സ്റ്റോറിൽ എത്തിയിരിക്കേണ്ടതാണ്. ഈ വിവരം സ്റ്റോക്കിൽ ഉൾപ്പെടുത്തിക്കാണാത്തത് അന്നത്തെ സ്റ്റോർക്കീപ്പറുടെ ഒരു കൈപ്പിഴയായിരിക്കാനാണ് സാധ്യത. ഇത്രയും വർഷങ്ങൾ കഴിഞ്ഞ സ്ഥിതിക്ക് ചുരുങ്ങിയ സമയപരിമിതിക്കുള്ളിൽ നിന്നും ഇക്കാര്യം രേഖകൾ പരിശോധിച്ച് കണ്ടുപിടിക്കാൻ പ്രയോഗികമായി ബുദ്ധിമുട്ടാണ്."

194. ഉത്തരക്കടലാസ് അച്ചടിയ്ക്കായി പ്രസ്സിൽ കൊടുത്ത പേപ്പറിന്റെ അളവും തിരികെ അച്ചടിച്ചു ലഭിച്ചതിലെ കുറവും നിമിത്തം 1,14,280 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും ആ തുക ഈടാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരായിരുന്നുവെന്നും ഇപ്പോഴത്തെ ചുമതല ആർക്കാണെന്നും സമിതി ആരാഞ്ഞതിന് ശ്രീ. എം. കെ. തമ്പാനാണ് പ്രിന്റിംഗ് പ്രസ്സിന്റെ ചുമതലയുണ്ടായിരുന്നതെന്നും, ടിയാൻ തന്നെയാണിപ്പോഴും സൂപ്രണ്ടെന്നും അന്നത്തെ സ്റ്റോർ കീപ്പർ ഓഡിറ്റ് കഴിഞ്ഞതിനുശേഷം സർവ്വീസിലിരിക്കെ മരിച്ചുപോയെന്നും ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

195. 35,734 രൂപയുടെ ഉത്തരക്കടലാസുകളാണ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതെന്നും ശ്രീ. തമ്പാൻ തന്നെയായിരുന്നു അന്നും സൂപ്രണ്ടെന്നും സർവ്വകലാശാല ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

196. 24-11-2005-ലെ ഒ.എ.ഡി.3/എൽ.എ.ഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി നിർദ്ദേശം സിൻഡിക്കറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെതന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നും ഉത്തരക്കടലാസുകളുടെ ലക്ഷക്കണക്കിന് ഷീറ്റുകൾ ഒന്നിച്ച് ഒരേ സമയം ഡെലിവറി ചെയ്യുക എന്നത് പ്രായോഗികമല്ലെന്നും സർവ്വകലാശാലയുടെ അടിയന്തിരാവശ്യം നിർവ്വഹിക്കുന്നതിന് അപ്പപ്പോൾ ആവശ്യമായ ആൻസർ ഷീറ്റുകൾ ഡെലിവറി ചെയ്യാറുണ്ടെന്നും ഉത്തരക്കടലാസിന്റെ കാര്യത്തിൽ വൗച്ചർ നമ്പരുകൾ 364/97–98 363/97–98, 379/97–98, 378/97–98 എന്നിവയിൽ കാലതാമസം നേരിട്ടെങ്കിലും പൂർത്തീകരിച്ച് ഡെലിവറി ചെയ്തിട്ടുണ്ടെന്നും 119/96–97, 137/96–97, 138/96–97 എന്നിവയും ഡെലിവറി ചെയ്തിട്ടുണ്ടെന്നും സർവ്വകലാശാലയ്ക്ക് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും ഉത്തരക്കടലാസ് സ്റ്റോക്ക്

രജിസ്റ്റർ ഒന്നാം വാല്യത്തിൽ (1994 മുതൽ 12-1-2001) 30, 135 എന്നീ പേജുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരക്കടലാസുകളുടെ കണക്ക് ഉൾപ്പെടുത്തി വരവുവച്ചിട്ടുണ്ടെന്നും പ്രസ്തുത സ്റ്റോക്ക് രജിസ്റ്ററും അച്ചടി വിഭാഗത്തിൽ നിന്നും നല്കിയിട്ടുള്ള ഡെലിവറി നോട്ടും (25-4-1998 നമ്പർ 17) ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് 5-5-2006-ലെ എൽ.എഫ്. 16359/സ്പെഷ്യൽ സെൽ (ജി1)/05 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാല പ്രസ്സിൽ അച്ചടിച്ച ഇനങ്ങളിലെ കുറവുമായി ബന്ധപ്പെട്ട് 1,14,280 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും സർവ്വകലാശാല പ്രസ്സിലെ അച്ചടി ജോലിക്കായി ഏല്പിച്ച പല കൺസൈൻമെന്റുകളും എക്സാമിനേഷൻ സ്റ്റോറിന്റെ സ്റ്റോക്കിൽ ഉൾപ്പെട്ടില്ലെന്നതു സംബന്ധിച്ചും 68,606 രൂപയുടെ നഷ്ടം നികത്താൻ എന്തു നടപടി സ്വീകരിച്ചെന്ന് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നല്കിയ മറുപടി അംഗീകരിക്കാവുന്നതല്ലെന്നും പ്രസ്സിൽ നിന്നും നല്കിയ പേപ്പർ യൂണിവേഴ്സിറ്റി സ്റ്റോറിൽ വരവു വയ്ക്കാതിരുന്നത് കൈപ്പിഴയാകാമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും സ്റ്റോക്കിലെടുക്കാത്തതും പ്രസ്സിൽ നിന്നും നല്കിയതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ പേപ്പറിന്റെ വിലയായ 35,734 രൂപ വീഴ്ചക്കാരനിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നല്കാവുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

197. സർവ്വകലാശാല രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഡെലിവറി നോട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തെറ്റുകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നാണറിയിച്ചിരുന്നത് എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 24-11-2005-ൽ ലഭ്യമാക്കിയ മറുപടിയിൽ അച്ചടി ജോലിയിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും അവ പൂർത്തിയാക്കി ഡെലിവറി ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുളളതും ഓഡിറ്റിനെ സംബന്ധിച്ച തെളിവെടുപ്പിനുശേഷം എഴുതി ചേർത്ത് തെറ്റുകൾ പരിഹരിച്ചതാണെന്നാണ് ഇതിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ തെളിവെടുപ്പുവേളയിൽ സമിതിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തെറ്റുകൾ വരുത്തിയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഡെലിവറി നോട്ടിൽ തിരുത്തലുകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖയിൽ കൃത്രിമം നടത്തിയതിന് നടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

198. സർവ്വകലാശാല പ്രസ്സുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ 1,14,280 രൂപയുടെ നഷ്ടം പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാന്റെ വ്യക്തിഗത ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും പിഴ പലിശയടക്കം മൂന്നുമാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമന്ന് സമിതി ശുപാർശ ചെയ്യുന്നു.

199. നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ് സർവ്വകലാശാലയിൽ നടന്നിരിക്കുന്നതെന്നും ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സാമ്പത്തിക ദുർവിനിയോഗത്തിനും ക്രമക്കേടിനുമെതിരെയുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

200. പ്രസ്സുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശിക്കപ്പെട്ട തെറ്റുകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ഇവ ആവർത്തിക്കുന്നില്ലെന്നുറപ്പു വരുത്തണമെന്നും ഇതിനായി സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

201. ആൻസർ ഷീറ്റുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട 35,734 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പിഴപ്പലിശയടക്കം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

202. പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാൻ റിട്ടയർ ചെയ്യുന്നതിനു മുമ്പായി ടിയാനെതിരെയുള്ള നടപടികൾ പൂർത്തിയാക്കിയിരിക്കണമെന്നും ഇതിനു വിരുദ്ധമായി ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിച്ചാൽ ടിയാന്റെ പേരിലുള്ള ബാദ്ധ്യതകൾ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പ്രസ്തുത ഉദ്യോസ്ഥനിൽ നിന്നും ഈടാക്കണമെന്നും ശ്രീ. എം. കെ. തമ്പാനെതിരെ നഷ്ടം ഈടാക്കുന്നതിനൊപ്പം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

യൂണിവേഴ്സിറ്റി പ്രസ്സ് അച്ചടി വസ്തുക്കളുടെ കണക്കിൽ കുറവ്

യൂണിവേഴ്സിറ്റി പ്രസ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1998-99 കാലയളവിൽ 10,573 രൂപ മൂല്യം വരുന്ന 24 റീം 176 ഷീറ്റ്, ആർഎ1 വെള്ള പ്രിന്റിംഗ് പേപ്പർ കുറവുള്ളതായി വ്യക്തമായി.

ഇതു കൂടാതെ 80 റീം ആർഎ1 കളർ പേപ്പർ ഉപയോഗശൂന്യമായി പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെക്കുറിച്ച് യുക്തമായ അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തേണ്ടതുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക [VI .1 j. (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒഎഡി3/കെയുഎ-എൽഎഫ്എസി/05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച മറുപടി:—

203. "ഒഴിവാക്കാവാത്ത ചില പ്രത്യേക സാഹചര്യങ്ങളിൽ വർക്ക് ഓർഡർ ലഭിക്കുന്നതിന് മുമ്പേയും സർവ്വകലാശാല പ്രസ്സിലെ സ്റ്റോറിൽ നിന്നും ആവശ്യമായ പേപ്പർ ലഭ്യമാകുന്നതിന് മുമ്പേയും അച്ചടി ജോലികൾ ഏറ്റെടുത്ത് ചെയ്യേണ്ടി വരാറുണ്ട്. ഈ സാഹചര്യത്തിൽ ഒരു പ്രത്യേക പോയിന്റ് ഓഫ് ടൈമിൽ ഇത് സംഭവിച്ചിരിക്കാമെങ്കിലും മൊത്തമായി നോക്കുമ്പോൾ പ്രസ്സിനോ സർവകലാശാലയ്ക്കോ യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല."

**ഓഡിറ്റ് ഖണ്ഡിക**

ആവശ്യത്തേക്കാൾ അധികരിച്ച പേപ്പർ നൽകിയതുമൂലമുണ്ടായ നഷ്ടം 67,830

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക [VI .1. j. (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒഎഡി3/കെയുഎ-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

204. പ്രീഡിഗ്രി പരീക്ഷ നടത്തുന്നത് സർവകലാശാല നിർത്തലാക്കിയതിന്റെ ഫലമായി പ്രിന്റു ചെയതിട്ടുള്ള രജിസ്റ്ററും ടാബുലേഷൻ ഷീറ്റും ഉപയോഗപ്രദമല്ലാതായി. ഈ സാഹചര്യത്തിലാണ് ടി പ്രിന്റു ചെയ്ത വസ്തുക്കൾ പരീക്ഷാ വിഭാഗം സ്റ്റോറിൽ സ്റ്റോക്കെടുക്കാതെ ഇപ്പോഴും പ്രസ്സിൽ തന്നെസൂക്ഷിക്കുന്നത്. ഇതുവഴി നഷ്ടം സംഭവിച്ചിട്ടില്ല.

205. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവുള്ള പേപ്പറിന്റെ വിലയായ 10,573 രൂപ പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോസ്ഥനിൽ നിന്നും തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ഫിനാൻസ് ഓഫീസർ മറുപടി നല്കിയിരുന്നു.

206. പ്രീഡിഗ്രി പരീക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയ ടാബുലേഷൻ ഷീറ്റുകളും രജിസ്റ്ററുകളും സ്റ്റോക്കിലെടുക്കാതെ ഇപ്പോഴും പ്രസ്സിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതിനാൽ സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടായിട്ടില്ലെന്ന മറുപടി സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

207. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ഭൗതിക പരിശോധന നടത്തി 28-11-2005-ലെ ലോക്കൽ ഫണ്ട് ഡയറക്ടറുടെ എൽഎഫ് 16539/spl. cell(A1)/05 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ അച്ചടി വസ്തുക്കളുടെ കുറവു പരിശോധിച്ചതിൽ ഓഡിറ്റ് പരാമർശം ശരിയാണെന്നും യഥാസമയം ഉത്തരവാദപ്പെട്ട മേലുദ്യോസ്ഥൻ സ്റ്റോക്കു പരിശോധന നടത്താത്തതു മൂലമാണ് യൂണിവേഴ്സിറ്റിക്ക് 10,573 രൂപയുടെ നഷ്ടമുണ്ടായതെന്നും ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിക്കുകയോ നഷ്ടമുണ്ടാകാനിടയായ സാഹചര്യം മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്യാതെയാണ് യൂണിവേഴ്സിറ്റി അധികൃതർ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. വർക്ക് ഓർഡർ ലഭിക്കുന്നതിനു മുമ്പ് അച്ചടി ജോലി ഏറ്റെടുക്കേണ്ടി വന്നതുകൊണ്ടല്ല യഥാർത്ഥത്തിൽ സ്റ്റോക്കിൽ കുറവുണ്ടായതെന്നും കൂടാത ഏതു പോയിന്റ് ഓഫ് ടൈമിലായാലും യഥാർത്ഥത്തിൽ കൈവശമുള്ള അളവും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പും തുല്യമായിരിക്കുമെന്നും കൂടാതെ പ്രീഡിഗ്രി പരീക്ഷാഫാറം അച്ചടിക്കുന്നതിനുവേണ്ടി വാങ്ങുകയും പ്രീഡിഗ്രി വേർപെടുത്തിയ ശേഷം സ്റ്റോക്കിൽ 80 റീം കളർപേപ്പർ അവശേഷിച്ചിരുന്ന കാര്യം യഥാസമയം പ്രസ്സ് മേധാവി യൂണിവേഴ്സിറ്റി അധികൃതരേയും സിൻഡിക്കേറ്റിനേയും അറിയിക്കാതിരുന്നതിനാൽ ഈ പേപ്പർ മറ്റൊന്നിനും ഉപയോഗിക്കുവാനാവാതെ പ്രസ്സിൽ കെട്ടിക്കിടക്കുന്നുണ്ടെന്നും ഓഡിറ്റ് പരാമർശമുണ്ടായശേഷവും ഇത് സംബന്ധിച്ച യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇത് കുറ്റകരമായ വീഴ്ചയാണെന്നും സർവ്വകലാശാലയിലെ വകുപ്പുകൾ തമ്മിൽ ആശയ വിനിമയവും ധാരണയുമില്ലെന്നുള്ളതിന് തെളിവാണിതെന്നും സമിതി അഭിപ്രായപ്പെട്ടു.

208. പ്രീഡിഗ്രി കോഴ്സ് 1996-ൽ വേർപെടുത്തുമ്പോൾ 3 ചാൻസുകൂടി പരീക്ഷ നടത്തുവാൻ തീരുമാനിക്കുകയും ഇതനുസരിച്ച് 8.175 റീം പേപ്പർ ആവശ്യമുള്ളിടത്ത് യാതൊരു അസ്സസ്സ്മെന്റുമില്ലാതെ ഡെപ്യൂട്ടി രജിസ്ട്രാർ 17-4-1998-ൽ 70.220 പേപ്പർ കൂടി അധികമായുപയോഗിച്ച് ഫോറം/രജിസ്റ്റർ അച്ചടിക്കാൻ നിർദ്ദേശം നൽകിയെന്നും കൂടാതെ രജിസ്റ്റർ ഓഫ് കാൻഡിഡേറ്റ്സ് എന്ന രജിസ്റ്റർ 150 എണ്ണം അച്ചടിച്ചതിൽ 93 രജിസ്റ്റർ മാത്രം സ്റ്റോറിൽ കൈപ്പറ്റിയശേഷം 984/99-00 എന്ന വർക്ക് ഓർഡർ പ്രകാരം 100 എണ്ണം കൂടി വീണ്ടും അച്ചടിക്കാൻ നിർദ്ദേശം നൽകിയെന്നും കൂടാതെ 119/1998-99 നമ്പർ വർക്ക് ഓർഡർ പ്രകാരം 50,000 സാലറിബിൽ അച്ചടിച്ചതിൽ 38,000 സ്റ്റോറിൽ നല്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ പ്രസ്സിൽ കെട്ടിക്കിടക്കുന്നത് സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും 354/1998-99,109/1998-99, 53/1998-99, 73/1998-99, 432/98-99 എന്നീ വർക്ക് ഓർഡറുകൾ പ്രകാരം അച്ചടിച്ച പുസ്തകങ്ങളും രജിസ്റ്ററുകളും കെട്ടിക്കിടക്കുന്നുണ്ടെന്നും പുസ്തകങ്ങൾ കെട്ടിക്കിടക്കുന്നതിന് പ്രധാന കാരണം ആയവ യഥാസമയം അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണ വിഭാഗത്തിൽ ഏൽപ്പിക്കുന്നതിൽ വന്ന വീഴ്ചമൂലമാണെന്നും ആയതിനാൽ പുസ്തകം അച്ചടിക്കാനുപയോഗിച്ച കടലാസിന്റെ വില പ്രസ്സ് മേധാവിയിൽ നിന്നും ഈടാക്കാവുന്നതാണെന്നും കൂടാതെ ഓഡിറ്റ് പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ അച്ചടിച്ച വസ്തുക്കൾ പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നത് ശരിയല്ലെന്നും അച്ചടി പേപ്പർ മറ്റൊരാവശ്യത്തിനും ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ അതിന് ചെലവായ പേപ്പറിന്റെ വില നഷ്ടം തന്നെയാണെന്നും ആവശ്യത്തിനുമാത്രം അച്ചടി നടത്തിയിരുന്നെങ്കിൽ ഈ നഷ്ടം പൂർണ്ണമായും ഒഴിവാക്കാനാകുമായിരുന്നെന്നുമാണ് അറിയിച്ചത്.

209. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാല രജിസ്ട്രാറുടെ 24-11-2005-ലെ ഒഎഡി3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടർ ഭൗതിക പരിശോധന നടത്തിയെന്നുമാത്രമാണറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

210. യൂണിവേഴ്സിറ്റി പ്രസ്സിലെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോസ്ഥർ ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ ഉത്തരവാദികളായ ഉദ്യോസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും കുറവു വന്ന പേപ്പറിന്റെ വില പിഴപ്പലിശ ഉൾപ്പെടെ പ്രസ്തുത ഉദ്യോസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

211. യൂണിവേഴ്സിറ്റി പ്രസ്സിലെ പ്രസ്സ് സൂപ്രണ്ട് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രസ്സിന്റെ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ഇവ പരിശോധിച്ച് തെറ്റുകൾ കണ്ടുപിടിക്കേണ്ടതുമായിരുന്നു. എന്നാൽ സർവ്വകലാശാല പ്രസ്സിൽ ഈ നടപടി കൃത്യമായി നടത്തിയിട്ടില്ലെന്നാണ് പുനഃപരിശോധനയിലും മനസ്സിലാകുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യേഗസ്ഥർക്കെതിരെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കൃത്യമായി ഇടവേളകളിൽ ഈ രജിസ്റ്റർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

212. സർവ്വകലാശാല അച്ചടിക്കാൻ ഏല്പിക്കുന്ന പുസ്തകങ്ങൾ കൃത്യ സമയത്തിനുള്ളിൽ അച്ചടിച്ചു നല്കുന്നതായി കാണുന്നില്ല. ആയതിനാൽ അച്ചടിക്കായി ഏൽപ്പിക്കുന്ന പുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ തീർത്ത് തിരികെ ഏല്പിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ പ്രസ്സിന്റെ ചുതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. സർവ്വകലാശാല പ്രസ്സിലെ വീഴ്ചമൂലം പുസ്തകങ്ങൾ കെട്ടിക്കിടക്കാനിടയായ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം പ്രസ്സ് സൂപ്രണ്ടിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അച്ചടിച്ച വസ്തുക്കൾ പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. ഒരു പ്രത്യേക ആവശ്യത്തിനായി അച്ചടിക്കുകയും ഉപയോഗശൂന്യമായി തീരുകയും ചെയ്ത പ്രസ്തുത ഷീറ്റുകളും രജിസ്റ്ററുകളും ഏതു രീതിയിൽ ഉപയോഗിക്കുമെന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

213. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെത്തിയ പേപ്പറിന്റെ വിലയായ 10,573 രൂപ പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ രജിസ്ട്രാർ ഉറപ്പു നൽകിയിരുന്നെങ്കിലും സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കിയതായി അറിയിച്ചിട്ടില്ലാത്തതിനാൽ പ്രസ്സ് സൂപ്രണ്ടിൽ നിന്നും തുക ഈടാക്കാതിരുന്നത് സംബന്ധിച്ച് രജിസ്ട്രാർ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശ പ്രകാരം തുക ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്രിന്റിംഗ് യന്ത്രങ്ങളുടെ ശേഷി ഉപയോഗപ്പെടുത്താത്തതുമൂലമുണ്ടാകുന്ന നഷ്ടം

"ഓഫ് സെറ്റ് പ്രസ്സ് ഉൾപ്പെടെയുള്ള അച്ചടിയന്ത്രങ്ങളുടെ ശേഷി പകുതിപോലും ഉപയോഗപ്പെടുത്താതിരിക്കുകയും ചില യന്ത്രങ്ങൾ ദിവസങ്ങളോളം പ്രവർത്തിപ്പിക്കാതെയും ഇരിക്കുന്ന സന്ദർഭത്തിലും സ്വകാര്യപ്രസ്സുകളെ അച്ചടി ജോലി ഏൽപ്പിക്കുക വഴി 1998–99 കാലയളവിൽ സർവ്വകലാശാലയ്ക്ക് വൻനഷ്ടം ഉണ്ടായി. വിദൂര പഠന കേന്ദ്രം 3,99,384 രൂപയ്ക്കും പബ്ളിക്കേഷൻ വിഭാഗം 24,49,962 രൂപയ്ക്കും പാഠഭാഗങ്ങൾ അച്ചടിയ്ക്കുന്നതിന് സ്വകാര്യ പ്രസ്സുകൾക്കും അനുമതി നൽകിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000–01–ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക [VI .1. j. (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12–9–2005–ലെ ഒഎഡി3/കെയുഎ–എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

214. "പ്രസ്സിന്റെ തുടക്കം മുതൽ തൊണ്ണൂറുകളുടെ ആദ്യം വരെ ലറ്റർ പ്രസ്സ് പ്രിന്റിംഗ് മെഷീൻ മാത്രമേ ഉപയോഗത്തിൽ ഉണ്ടായിരുന്നുള്ളു. ആദ്യമായി ഓഫ് സെറ്റ് മെഷീൻ സ്ഥാപിച്ചപ്പോൾ അത് പ്രവർത്തിപ്പിക്കാനാവശ്യമുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം യന്ത്രങ്ങളുടെ മുഴുവൻ പ്രവർത്തനശേഷി ഉപയോഗിക്കുന്നതിന്

തടസ്സമായിട്ടുണ്ട്. ഇതു കൂടാതെ സർവ്വകലാശാലയിലും പ്രത്യേകിച്ച് പ്രസ്സിലും അടിക്കടി ഉണ്ടാകുന്ന വിദ്യുച്ഛക്തി തകരാറുകൾ, വിദ്യുച്ഛക്തി ഇല്ലായ്മ, വോൾട്ടേജ് വ്യതിയാനം തുടങ്ങിയവ ഇത്തരം യന്ത്രങ്ങളെ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ല.

215. പ്രതിപാദിക്കപ്പെട്ട എച്ച്.എം.റ്റി. അറ്റീന 25 വർഷം പഴക്കമുള്ള ലറ്റർ പ്രസ് മെഷീനാണ്. 90-റോടുകൂടി എച്ച്.എം.റ്റി. ഇതിന്റെ ഉത്പാദനം നിർത്തിവച്ചിരിക്കുകയാണ്. തനതായ സ്പെയർ പാർട്ട്സുകളുടെ അഭാവം ഈ മെഷീന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിലും ഈ മെഷീൻ പ്രവർത്തിപ്പിക്കുന്നുണ്ട്.

216. പ്രസ്സ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്സ് പ്രവർത്തിക്കുന്നുണ്ടെന്ന് സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

217. യന്ത്രങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് ലാഭകരമായി പ്രയോജനപ്പെടുത്താനാവുമോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 24-11-2005-ലെ ഒഎഡി3/എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കേരള സർക്കാർ അംഗീകരിച്ചതും സർക്കാർ അച്ചടിശാലകളിൽ നടപ്പിലാക്കിയതുമായ out turn schedule ആണ് സർവ്വകലാശാല പിന്തുടരുന്നതെന്നും മെഷീന്റെ out turn ന്റെ കാര്യത്തിൽ production hour ഉം non production hour ഉം ഉണ്ടെന്നും ഓഡിറ്റ് non production hour മൊത്തം സമയത്തിൽ നിന്ന് കുറയ്ക്കാത്തതിനാലാണ് ഇങ്ങനെയൊരു പരാമർശം ഉന്നയിച്ചതെന്നും മെഷീൻ correct ചെയ്യാൻ എത്ര സമയം എടുക്കുന്നുവോ അതിന്റെ മിനിമം സമയവും വൈദ്യുതി വിച്ഛേദിക്കപ്പെട്ട് പുനഃസ്ഥാപിക്കപ്പെടാൻ എടുക്കുന്ന സമയവും യന്ത്രത്തകരാർ സംഭവിച്ചാൽ അത് നന്നാക്കാൻ എടുക്കുന്ന സമയവും നൽകുന്നതിന് Out Turn Schedule-ൽ വ്യവസ്ഥയുണ്ടെന്നും ഇതിനുള്ള പ്രത്യേക രജിസ്റ്റർ അച്ചടിശാലയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പരാമർശിച്ചിരുന്ന എസ് ഒ എം136 ഓഫ് സെറ്റ് മെഷീൻ പ്രവർത്തിപ്പിക്കുന്നത് Out Turn Schedule അനുസരിച്ചാണെന്നും സാങ്കേതികമായ തിരുത്തൽ നടപടികൾക്കും യന്ത്രഭാഗങ്ങൾ വൃത്തിയാക്കുന്നതിനും മറ്റുമായി ഒരു മണിക്കൂർ അനുവദിച്ചിട്ടുള്ളതിനാൽ യഥാർത്ഥ പ്രവർത്തന സമയം 6 ¼ മണിക്കൂർ മാത്രമേ വരികയുള്ളൂവെന്നും ഇതനുസരിച്ച് ഒരു ദിവസം 18750 പ്രതി അച്ചടിച്ചാൽ മതിയാകുമെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ശരിയല്ലെന്നും കൂടാതെ non production hour കുറയ്ക്കാതെയാണ് Out Turn കണക്കാക്കിയിരിക്കുന്നതെന്നും എച്ച്.എം.ടി. അറ്റീന, എച്ച്.എം.ടി. ഓൾഡ് എന്നിവ ഇരുപത്തിയഞ്ചോളം വർഷം പഴക്കമുള്ള ലറ്റർ പ്രസ്സ് മെഷീനുകളാണ് എന്നും ഇതിന്റെ ഉത്പാദനം കമ്പനി വർഷങ്ങൾക്കുമുമ്പ് നിർത്തിയതുമാണെന്നും യഥാർത്ഥ സ്പെയർ പാർട്ട്സുകളുടെ അഭാവം ഇവയുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിക്കുന്നുണ്ടെന്നും ഈ സാഹചര്യത്തിലും ഇവ പ്രവർത്തിപ്പിക്കുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

218. സമിതി നിർദ്ദേശപ്രകാരം പുനഃപരിശോധന നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (5-5-2006-ലെ എൽഎഫ് 16359/Spl. Cell (G1)05നമ്പർ കത്തുപ്രകാരം) ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രിന്റിംഗ് യന്ത്രങ്ങളുടെ ശേഷി പരമാവധി ഉപയോഗപ്പെടുത്താൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം വന്നതിനുശേഷം നാളിതു

വരെയും ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സർവ്വകലാശാല സമർപ്പിച്ച മറുപടി പര്യാപ്തമല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

219. പ്രിന്റിംഗ് യന്ത്രങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്താൻ അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ച രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ ഉപയോഗിക്കാതിരുന്നതു സംബന്ധിച്ച്

" ഒരിക്കൽ ഉപയോഗിച്ച പ്ലേറ്റുകൾ വീണ്ടും ഉപയോഗിക്കുന്നതിനായി പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പുതിയ പ്ലേറ്റുകളാണ് വാങ്ങി ഉപയോഗിക്കുന്നത്. ഈ ഇനത്തിൽ 1998-99 വർഷം 62,574.90 രൂപ ചെലവായിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1. j (iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

220. "പ്രീഡിഗ്രി വേർപെടുത്തുന്നതുമായി ബന്ധപ്പെട്ട നിയമന നിരോധനം സർവ്വകലാശാലയിൽ നിലവിലുള്ളതിനാൽ പുതിയ നിയമനങ്ങൾ നടത്താൻ സാധിക്കുന്നില്ല. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമാണ് ഈ മെഷീൻ ഉപയോഗിക്കുന്നതിനുള്ള തടസ്സം."

221. പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രവർത്തിക്കുന്നില്ലായെന്ന് ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു. പ്രസ്തുത മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിശീലനം ലഭിച്ച തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

222. സമിതി നിർദ്ദേശപ്രകാരം 24-11-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടൻ തന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ്.

223. തുടർന്ന് 25-5-2006-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 26430/ബി3/2005/ഉവിവ നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ പ്രവർത്തിക്കുന്നതിന് ഒരു ഓപ്പറേറ്ററെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

224. ഓഡിറ്റ് പരാമർശം സംബന്ധിച്ച് 5-5-2006-ലെ LF 163659/Spl. Cell (G1)05 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കരാറടിസ്ഥാനത്തിൽ ഓപ്പറേറ്ററെ നിയമിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തീരുമാനം നടപ്പാക്കിയതു സംബന്ധിച്ച് അറിയിപ്പൊന്നും നാളിതുവരെ ലഭിച്ചിട്ടില്ലെന്നാണറിയിച്ചിരിക്കുന്നത്.

## നിഗമനങ്ങൾ/ശുപാർശകൾ

225. പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതനായി കരാറിസ്ഥാനത്തിൽ ഓപ്പറേറ്ററെ നിയമിച്ചുവോയെന്നും ടിയാനെ എത്ര കാലത്തേക്കാണ് നിയമിച്ചതെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ് പുസ്തകങ്ങളുടെ ഡെഡ് സ്റ്റോക്ക്

"യൂണിവേഴ്സിറ്റി പ്രസിദ്ധീകരണ വിഭാഗത്തിന്റെ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം അച്ചടിച്ച ധാരാളം പുസ്തകങ്ങൾ വിറ്റഴിക്കാതെ "ഡെഡ് സ്റ്റോക്ക്"ആയി നിലനിൽക്കുന്നതായി വെളിപ്പെട്ടു. ഈ പുസ്തകങ്ങൾ പാഠപുസ്തകമാക്കിയിട്ടുള്ള കോഴ്സുകളുടെ സിലബസ് മാറിയതിനാൽ ഇവ ഇനിയും വിറ്റഴിക്കാനുള്ള സാധ്യതയില്ല. പുസ്തകങ്ങളുടെ അച്ചടിയിലും പ്രസിദ്ധീകരണത്തിലും ഓരോ അക്കാഡമിക് വർഷത്തിലും ഉണ്ടാകുന്ന കാലതാമസം, പുസ്തകങ്ങളുടെ ആവശ്യകത സംബന്ധമായ വ്യക്തമായ നിർണ്ണയം ഇല്ലായ്മ എന്നീ കാരണങ്ങളാണ് ഇപ്രകാരം വളരെയധികം പുസ്തകങ്ങളുടെ "ഡെഡ് സ്റ്റോക്കി"നിടയാക്കിയത്. ഈ പ്രശ്നത്തിന്റെ ഗൗരവം കാണിക്കുന്ന ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അച്ചടിച്ച പുസ്തകത്തിന്റെ പേര് | എണ്ണം | ഒരു കോപ്പിയുടെ വില | സ്റ്റോക്കിൽ ബാക്കിയുള്ള കോപ്പികൾ | സ്റ്റോക്കിലുള്ള കോപ്പികളുടെ വില |
|---|---|---|---|---|
| കാവ്യസൗരഭ്യം | 5000 | 15 | 3012 | 45,180 |
| മഗ്ദലനമറിയം | 15000 | 7 | 3557 | 24,899 |
| കൊഴിഞ്ഞ ഇലകൾ | 30000 | 20 | 10312 | 2,06,240 |

ഇപ്രകാരം നിരവധി പുസ്തകങ്ങൾ വിറ്റഴിക്കാതെ നിലനിൽക്കുന്നുണ്ട്. ഇപ്രകാരമുള്ള "ഡെഡ് സ്റ്റോക്കുകൾ "സൂക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾക്കും ഇവ നഷ്ടപ്പെടുന്നതിനാലുള്ള സാമ്പത്തിക കാര്യങ്ങളിലും വളരെയേറെ അസ്വാസ്ഥ്യകരമായ അവസ്ഥ യൂണിവേഴ്സിറ്റിയിൽ സംജാതമാകുന്നുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI. 1. (സി) ii]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

226. "പബ്ലിക്കേഷൻ വിഭാഗത്തിൽ 14 തലക്കെട്ടുകളിലുള്ള പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യപ്പെടാതെ കെട്ടിക്കിടക്കുന്നത് വസ്തുതയാണ്. ഈ പുസ്തകങ്ങൾ പരീക്ഷാ വിഭാഗത്തിൽ നിന്ന് ലഭ്യമായ മാർച്ച്-സെപ്തംബർ സെക്ഷനുകളിൽ പരീക്ഷയെഴുതാൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടിപ്പിച്ചതാണ്. ഇപ്രകാരം വിറ്റഴിയ്ക്കാതെ കിടന്നുപോയ പുസ്തകങ്ങളുടെ വിലയായി 26,45,651 രൂപ (ഇരുപത്തിയാറ് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി അറുന്നൂറ്റി അൻപത്തൊന്ന് രൂപ) വരും. ഇതിൽ 16,05,165 രൂപ (പതിനാറു ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി അൻപത്തഞ്ച് രൂപ) വിലവരുന്ന പുസ്തകങ്ങൾ പ്രീഡിഗ്രി പാഠപുസ്തകങ്ങളാണ്. പ്രീഡിഗ്രി സർവ്വകലാശാലയിൽ നിന്ന് വേർപ്പെടുത്തപ്പെട്ടപ്പോഴാണ് വിദ്യാർത്ഥികളുടെ എണ്ണത്തിൽ സാരമായ കുറവുണ്ടായതും പുസ്തകങ്ങൾ ബാക്കിയായതും. ബാക്കി 10,40,475 (പത്ത് ലക്ഷത്തി നാല്പതിനായിരത്തി നാന്നൂറ്റി എഴുപത്തിയഞ്ച് രൂപ) രൂപയുടെ ബിരുദ പാഠപുസ്തകങ്ങളാണ്. പുസ്തകങ്ങളുടെ ആകെ വിറ്റുവരവായ 1,29,22,960 (ഒരു കോടി ഇരുപത്തൊൻപതു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) സർവ്വകലാശാല ഫണ്ടിലടച്ചിട്ടുണ്ട്. ചെലവും വിറ്റുവരവും കണക്കാക്കുമ്പോൾ സർവ്വകലാശാലയ്ക്ക് ലാഭമല്ലാതെ നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. കെട്ടിക്കിടക്കുന്ന പുസ്തകങ്ങൾ കൂടി വിറ്റു തീർന്നിരുന്നെങ്കിൽ ലാഭം വർദ്ധിക്കുമായിരുന്നു. മാത്രമല്ല എല്ലാ പ്രസിദ്ധീകരണ കമ്പനികളിലും അച്ചടിക്കുന്ന പുസ്തകങ്ങളുടെ ഒരു നിശ്ചിത ശതമാനം കെട്ടിക്കിടക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

227. സാധാരണയായി പഠന ബോർഡ് നിർദ്ദേശപ്രകാരം ഒരു പുസ്തകം മൂന്ന് വർഷത്തേയ്ക്കാണ് പാഠ്യപുസ്തകമായി നിശ്ചയിക്കുന്നത്. എന്നാൽ മിക്ക അവസരങ്ങളിലും ഈ മുന്നു വർഷ കാലാവധി തീരുന്നതിനു മുമ്പ് പുതിയ പുസ്തകങ്ങൾ പഠന ബോർഡ് മാറിവരുന്നതനുസരിച്ച് നിശ്ചയിക്കാറുണ്ട്. അതിനാലാണ് വിറ്റഴിക്കാനാവാത്ത പുസ്തകശേഖരം വകുപ്പിൽ നിലനില്ക്കുന്നത്. ഈ ബുദ്ധിമുട്ട് പരിഹരിക്കാനായി കഴിഞ്ഞ ഏതാനും വർഷങ്ങളായി വാർഷിക ആവശ്യമനുസരിച്ചു മാത്രമേ പുസ്തകങ്ങൾ അച്ചടിക്കപ്പെടാറുള്ളു. കൂടാതെ, മിക്കവാറും പുസ്തകങ്ങൾ സമാഹാരങ്ങളായതിനാൽ പൊതു വിഭാഗത്തിൽ വരുന്ന പുസ്തകങ്ങളായി തുടർന്നും വിൽക്കപ്പെടുന്നു."

**ഓഡിറ്റ് ഖണ്ഡിക**

പാഠ്യേതര പുസ്തകം—"സാഹിത്യനായകന്മാർ" അച്ചടിച്ചത്—യൂണിവേഴ്സിറ്റി ഫണ്ട് ദുർവ്യയം.

"സാഹിത്യ നായകൻമാർ" എന്ന പുസ്തകം 3000 പ്രതി അച്ചടിച്ചതിന് 637,49 രൂപ ചെലവായി. ഇതിൽ 25 എണ്ണം സൗജന്യമായും ബാക്കി 10% മുതൽ 50% വരെ കിഴിവും അനുവദിച്ച് 82 പ്രതി വിറ്റ വകയിൽ ആകെ 1795.50 രൂപയാണ് ലഭിച്ചത്. "കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ" എന്ന പുസ്തകം 64,189 രൂപ ചെലവഴിച്ച് 3000 പ്രതികൾ അച്ചടിച്ചതിൽ 129 പ്രതികൾ വിറ്റു പോയതിന്റെ വരവ് 2740.50 രൂപ

മാത്രവും. മറ്റു പല പാഠ്യേതര പുസ്തകങ്ങളുടെയും അച്ചടി ഇത്തരത്തിൽ സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.K.(ii) ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

**ഓഡിറ്റ് ഖണ്ഡിക**

ആവശ്യത്തിലധികം പുസ്തകങ്ങൾ അച്ചടിച്ചതുമൂലമുണ്ടായ നഷ്ടം.

1997-98 വർഷം ഒന്നാം വർഷ പ്രീഡിഗ്രിക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട കൊഴിഞ്ഞ ഇലകൾ എന്ന പുസ്തകം രണ്ടുതവണകളായി 30,000 കോപ്പികൾ അച്ചടിച്ചതിൽ രണ്ടാം തവണത്തേത് 15000ത്തിൽ 5000 കോപ്പികൾ മാത്രമാണ് വിറ്റഴിഞ്ഞത്. തൊട്ടടുത്തവർഷം ഈ പുസ്തകം സിലബസിൽ നിന്നു ഒഴിവാക്കിയതുമൂലം 10000 പ്രതികൾ ഉപയോഗശൂന്യമായി 1998-99-ൽ ഈ പുസ്തകം തുടരുന്നോ എന്നന്വേഷിക്കാതെ കൂടുതൽ പ്രതികൾ അച്ചടിച്ചതുമൂലം 1,70,000 രൂപ നഷ്ടമുണ്ടായി."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.K (iii)]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

228. സാധാരണയായി പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത് മുൻ വർഷങ്ങളിൽ ഓരോ പരീക്ഷാ വിഭാഗത്തിലും പരീക്ഷയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം പരീക്ഷാ വിഭാഗത്തിൽ നിന്ന് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. സാധാരണയായി മൂന്നു വർഷത്തേയ്ക്കാണ് ഒരു പുസ്തകം നിശ്ചയിക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ അതാത് സമയത്ത് മാറിവരുന്ന പഠന ബോർഡിന്റെ നിശ്ചയ പ്രകാരം സ്കീമും സിലബസും എല്ലാം മാറ്റുകയും അതിനെത്തുടർന്ന് ഒരു വർഷം കഴിയുമ്പോൾ തന്നെ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ കൊണ്ടുവരികയും ചെയ്യുന്നു.

229. തികച്ചും അക്കാഡമിക്കായ ഇത്തരം തീരുമാനങ്ങളുടെ മേൽ പ്രസിദ്ധീകരണ വിഭാഗത്തിന് ഒന്നും ചെയ്യാനാവില്ല. അതിന്റെ ഫലമായിട്ടാണ് പുസ്തകങ്ങൾ പൂർണ്ണമായി വിറ്റഴിക്കപ്പെടാതെ കുന്നുകൂടുന്നത്. എന്നാലും ഇപ്രകാരമുളള പുസ്തകങ്ങൾ 50% മുതൽ 60% വരെ കിഴിവ് അനുവദിച്ച് വിറ്റ് തീർക്കുന്നതിനുളള ഒരു നിർദ്ദേശം സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്.

**ഓഡിറ്റ് ഖണ്ഡിക**

സ്റ്റോക്കിലുളള പുസ്തകങ്ങൾ 73,46,425 രൂപ

"ഇനിയും വിൽക്കുമെന്ന് പ്രതീക്ഷയില്ലാത്ത 73,46,425 രൂപയ്ക്കുളള പാഠ്യ-പാഠ്യേതര പുസ്തകങ്ങൾ സ്റ്റോക്കിൽ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.K (iv) ]

**ഓഡിറ്റ് ഖണ്ഡിക**

വിൽക്കപ്പെടാത്ത സിലബസ്/നോൺ സിലബസ് ഗ്രന്ഥശേഖരം

"പ്രസിദ്ധീകരണ വിഭാഗത്തിന്റെ സറ്റോക്കു രജിസ്റ്റർ പ്രകാരം ഏതാനും വർഷങ്ങളായി വിൽക്കപ്പെടാതെയവശേഷിക്കുന്ന പുസ്തകങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ഓഡിറ്റ് തീയതി വരെ ഇപ്രകാരം വിൽക്കപ്പെടാത്ത പുസ്തകങ്ങളുടെ വില്പന വില 73,61,166 രൂപയാണ്. ടി പുസ്തകങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1(1) (ii) ]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

230. "സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം മറ്റു ഏജൻസികളോടൊപ്പം പുസ്തക പ്രദർശനവും വില്പനയും സംഘടിപ്പിക്കാറുണ്ട്. പ്രധാനമായും കേരള സർവ്വകലാശാല യൂണിയൻ, നാഷണൽ ബുക്ക് ട്രസ്റ്റ്, സംസ്ഥാന ഗവൺമെന്റിന്റെ വിവിധവകുപ്പുകൾ എന്നിവയോടൊപ്പവും പ്രസിദ്ധീകരണവിഭാഗം സ്വന്തമായും പുസ്തക പ്രദർശന വില്പനമേളകൾ നടത്തുന്നുണ്ട്. കൂടാതെ സർവ്വകലാശാലയുടെ വിൽപ്പന കൗണ്ടറിലൂടെയും പുസ്തകങ്ങൾ വില്ക്കപ്പെടുന്നു. ഇത്തരത്തിൽ സ്റ്റോക്കിലുള്ള പുസത്കങ്ങൾ വിറ്റഴിക്കാൻ ഊർജ്ജിതമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്."

231. പ്രസിദ്ധീകരണ വിഭാഗത്തിൽ ഇത്രയും പുസ്തകങ്ങൾ കെട്ടിക്കിടക്കാനിട യാക്കിയ സാഹചര്യമെന്തെന്നും ഇതിന്റെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആരായിരുന്നെന്നും ടിയാൻ ഇപ്പോഴും സർവ്വീസിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ശ്രീ. റസാലുദ്ദീനാണ് അന്ന് ചുമതല ഉണ്ടായിരുന്നതെന്നും ടിയാൻ ഇപ്പോഴും സർവ്വീസിൽ ഉണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

232. അച്ചടിച്ച പുസ്തകങ്ങൾ വിറ്റഴിക്കാതെ കിടക്കുന്നതുമൂലം സർവ്വകലാശാല യ്ക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും ഇപ്പോഴും ഇത്തരം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഇപ്പോൾ പുസ്തകങ്ങൾ അച്ചടിക്കുന്നില്ലെന്ന് സർവ്വകലാശാല ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

233. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട തുക ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കി പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരി ക്കണമെന്നും വിറ്റഴിയാത്ത പുസ്തകങ്ങൾ വിറ്റഴിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. ആയതിനു മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.3/ എൽ.എഫ്.എ.സി./05 നമ്പർ കത്തു പ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആദ്യത്തെ രണ്ടെണ്ണം

അക്കാഡമിക് വിഭാഗം പ്രസിദ്ധീകരിച്ച് വില്പന നടത്തുന്നതിനുവേണ്ടി മാത്രം ഈ വിഭാഗത്തിൽ ഏല്പിച്ചിട്ടുള്ളവയാണെന്നും ബോർഡ് ഓഫ് സ്റ്റഡീസ് പാഠപുസ്തകമായി അംഗീകരിച്ച നാലു പുസ്തകങ്ങളും വിപണിയിൽ ലഭ്യമായിരുന്നെന്നും അതു കൊണ്ടുതന്നെ ഇവ വേണ്ട പോലെ വിറ്റു പോയില്ലെന്നും പിന്നീട് വന്ന ബോർഡ് ഓഫ് സ്റ്റഡീസ് മുന്നു വർഷ കാലാവധി തീരും മുൻപേ ഈ പുസ്തകങ്ങൾ മാറ്റി പകരം വിപണിയിൽ ഇറങ്ങിയിട്ടില്ലാത്ത പുതിയ പുസ്തകങ്ങൾ സർവ്വകലാശാല നേരിട്ട് പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചെന്നും ഇതും പുസ്തക വില്പനയെ സാരമായി ബാധിച്ചെന്നും, മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും വികാസത്തിനുവേണ്ടി സ്ഥാപിതമായ തിരുവിതാംകൂർ സർവ്വകലാശാല ആ പ്രഖ്യാപിത ലക്ഷ്യത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിയ സാഹിത്യപ്രകാശന പദ്ധതികളുടെ തുടർച്ചയാണ് 'മലയാള സാഹിത്യ നായകന്മാർ' എന്ന ഗ്രന്ഥപരമ്പരയെന്നും സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാന പ്രകാരമാണ് ഈ ഗ്രന്ഥപരമ്പര പ്രസിദ്ധീകരിച്ചതെന്നും ഇവ പെട്ടെന്ന് വിറ്റഴിയുന്നവയല്ലെന്നും റഫറൻസ് ഗ്രന്ഥങ്ങളാണെന്നും പാഠ്യേതര പുസ്തകങ്ങൾ (പൊതുവിഭാഗം) പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി മാത്രമാണീ വകുപ്പ് 1938-ൽ സ്ഥാപിതമായതെന്നും പിൽക്കാലത്ത് സാമ്പത്തിക നേട്ടം കൂടി കണക്കിലെടുത്താണ് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ തുടങ്ങിയതെന്നും സർവ്വകലാശാലയുടെ നയവും തീരുമാനവും അനുസരിച്ചാണ് ഈ രണ്ടു വിഭാഗത്തിലുംപെട്ട പുസ്തകങ്ങൾ അച്ചടിക്കുന്നതെന്നും കൊഴിഞ്ഞ ഇലകളെന്ന പാഠപുസ്തകം ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ സംക്ഷിപ്ത രൂപമാണെന്നും പുസ്തകം പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ ഭൂരിപക്ഷം വിറ്റുതീർന്നതിനാലും സാധാരണ പാഠ പുസ്തകത്തിന്റെ കാലയളവ് 3 വർഷമായതുകൊണ്ടും അടുത്ത അദ്ധ്യയന വർഷത്തേക്കും കൂടി കണക്കാക്കിയാണ് 20-9-1997-ലെ U. O. No. AC A11.1.3525/96 നമ്പർ കത്തുപ്രകാരം പുസ്തകം വീണ്ടും അച്ചടിച്ചതെന്നും എന്നാൽ പിന്നീട് അധികാരത്തിൽ വന്ന ബോർഡ് ഓഫ് സ്റ്റഡീസ് പാഠപുസ്തകം ഒഴിവാക്കിയതിനാലാണ് പുസ്തകം വിൽക്കാൻ സാധിക്കാതെ വന്നതെന്നും ഭാഷ സാഹിത്യം തുടങ്ങിയ വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് സാധാരണയായി പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളെന്നും ഇവ പെട്ടെന്ന് വിറ്റുപോകുന്നവയല്ലെന്നും സ്റ്റോക്ക് പ്രസിദ്ധീകരണ വിഭാഗം തുടങ്ങിയ 1938 മുതൽ ഇന്നോളം 67 വർഷം കൊണ്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ വിറ്റഴിയാതെ ശേഷിക്കുന്നവയാണെന്നും ഇപ്പോൾ സർവ്വകലാശാലയിലും ഡി. സി. ബുക്സ് വഴിയും പുസ്തകങ്ങൾ വിറ്റഴിക്കുന്നതിന് ശ്രമം നടന്നു വരികയാണെന്നും ഈ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും വിറ്റഴിക്കാൻ കഴിയാത്ത പുസ്തകങ്ങൾ അടിയന്തിരമായി ലേലം മുഖേനയോ അല്ലെങ്കിൽ വിലകുറച്ച് വിറ്റോ പരിഹാരം കാണുന്നതിന് നടപടി കൈക്കൊള്ളുന്നതാണെന്നുമാണെന്നാണ് അറിയിച്ചിട്ടുള്ളത്.

234. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ഭൗതിക പരിശോധന നടത്തി 28-11-2005-ലെ എൽ. എഫ്. 16359/സ്പെ. സെൽ (ജി1)/05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ സമിതി നിർദ്ദേശാനുസരണം കേരള സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗത്തിന്റെ അധീനതയിലുള്ള രണ്ടു സ്റ്റോറുകളിലും പരിശോധന നടത്താൻ സൗകര്യമൊരുക്കിത്തരണമെന്ന് പ്രസിദ്ധീകരണ വിഭാഗത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അവർക്കതിന് സാധിച്ചിട്ടില്ലെന്നും സ്ഥല

പരിമിതിയും ജീവനക്കാരുടെ കുറവുമാണ് പ്രധാന പ്രതിബന്ധങ്ങളായി പറയുന്നതെന്നും 73,61,166 രൂപ മൂല്യമുള്ള 78 തരം പുസ്തകങ്ങൾ പ്രധാന കെട്ടിടത്തിന്റെ ഭൂഗർഭ അറയിൽ വാരിവലിച്ചിട്ടിരിക്കുകയാണെന്നും ഓരോ ഇനം പുസ്തകവും തരംതിരിച്ച് എണ്ണികെട്ടി വച്ചിട്ടില്ലെന്നും പൊടിയും മാറാലയും നിറഞ്ഞ വളരെക്കുറച്ച് സ്ഥലത്ത് അലക്ഷ്യമായി കുത്തിനിറച്ചിരിക്കുകയാണെന്നും 1937 മുതലുള്ള പുസ്തകങ്ങളിൽ വിലപിടിപ്പുള്ളവയുൾപ്പെടെ പലതും ഈർപ്പം പിടിച്ചും കാലപ്പഴക്കം കൊണ്ടും വില്പന സാദ്ധ്യമല്ലാത്തവിധം നശിച്ചു കഴിഞ്ഞെന്നും പ്രസിദ്ധീകരണ വിഭാഗം ഇതുവരെയും ഇവയുടെ സ്റ്റോക്കു പരിശോധന നടത്തിയിട്ടില്ലെന്നും പുസ്തകങ്ങൾ വിറ്റഴിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുവാനും കാലഹരണപ്പെട്ടതും വിറ്റഴിക്കുവാൻ പ്രയാസമുള്ളതുമായ പുസ്തകങ്ങൾ സ്റ്റോക്കു തിട്ടപ്പെടുത്തിയശേഷം ഡിസ്കൗണ്ട് നല്കി വില്പന നടത്തുവാനും നിലവിലുള്ള പുസ്തകങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനുവേണ്ട ഭൗതിക സൗകര്യം ഒരുക്കണമെന്നും പുസ്തകത്തിന്റെ വിപണന സാദ്ധ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തിയശേഷമേ അച്ചടിക്കാവു എന്നും അച്ചടിക്കുന്ന പുസ്തകങ്ങൾ യഥാസമയം വിറ്റഴിക്കുവാനും പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന ഓരോ സാമ്പത്തികവർഷാവസാനവും നടത്തേണ്ടതും അതു സംബന്ധമായ സാക്ഷ്യപത്രം ഡയറക്ടർ സ്റ്റോക്കു രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

235. പുസ്തകങ്ങളുടെ വിപണനസാദ്ധ്യത മനസ്സിലാക്കി അതനുസരിച്ച് വിപണനതന്ത്രം രൂപപ്പെടുത്തിയതിനുശേഷമേ പുസ്തകങ്ങൾ അച്ചടിക്കാൻ ഉത്തരവു നല്കാവു എന്ന് സമിതി ശുപാർശ ചെയ്യുന്നു.

236. പുസ്തകങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന രീതി തികച്ചും അശാസ്ത്രീയ മാണെന്നു റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ സ്ഥലസൗകര്യമുള്ള സ്ഥലത്തേക്ക് ഇവ മാറ്റി ഈർപ്പം കടക്കാത്ത രീതിയിൽ ഓരോ വിഭാഗമായി തരം തിരിച്ച് അടുക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അമൂല്യങ്ങളായ പുസ്തകങ്ങൾ സിഡിയിലാക്കി സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

237. വില്പനയ്ക്ക് യോഗ്യമായ പുസ്തകങ്ങൾ അടിയന്തിരമായി വിറ്റഴിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പുസ്തകമേളകളോടനുബന്ധിച്ച് ആയത് വിലകുറച്ച് വിൽക്കുന്നതിനുള്ള സാദ്ധ്യതയും ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

238. പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന ഓരോ സാമ്പത്തികവർഷാ വസാനവും നടത്തേണ്ടതും അതു സംബന്ധമായ സാക്ഷ്യപത്രം ഡയറക്ടർ സ്റ്റോക്ക് രജിസ്റ്ററിനുള്ളിൽ രേഖപ്പെടുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഇപ്രകാരം രേഖപ്പെടുത്താത്ത പക്ഷം ഡയറക്ടർക്കും ഇതിൽ ഉത്തരവാദിത്വം ചുമത്തി ഇതു സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിനുത്തരവാദിയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

239. നിശ്ചിത കാലയളവിലേയ്ക്ക് ഒരു പാഠ്യപുസ്തകം ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ആ കാലാവധിയിലേയ്ക്കുള്ള മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചു സൂക്ഷിക്കുകയും ബോർഡ് ഓഫ് സ്റ്റഡീസ് പുനഃ സംഘടിപ്പിക്കുമ്പോൾ മുമ്പ് നിശ്ചയിച്ചിരുന്ന പുസ്തകങ്ങൾ കാലാവധി തീരുന്നതിനു മുമ്പ് തന്നെ മാറ്റി വേറെ പാഠ്യപുസ്തകം നിശ്ചയിക്കുക വഴി സർവ്വകലാശാലയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതായി സമിതി മനസിലാക്കുന്നു. ആയതിനാൽ പാഠപുസ്തകങ്ങൾ അച്ചടിക്കുമ്പോൾ അതതു വർഷത്തേക്കാവശ്യമുള്ളതുമാത്രം അച്ചടിക്കു*വാനും* അല്ലാത്തപക്ഷം വിറ്റഴിച്ചതിൽ ബാക്കി വന്ന പുസ്തകത്തിന്റെ എണ്ണം ബോർഡ് ഓഫ് സ്റ്റഡീസിനെ അറിയിച്ചതിനുശേഷമേ പുസ്തകം മാറ്റം സംബന്ധിച്ച് തീരുമാനിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പുസ്തകങ്ങൾ മുഴുവൻ അച്ചടിച്ചു നൽകാതിരുന്നതുമൂലം നഷ്ടം 12,008 രൂപ

പബ്ലിക്കേഷൻ വകുപ്പിൽ നിന്നും യൂണിവേഴ്സിറ്റി പ്രസ്സിലേക്ക് അച്ചടിക്ക് നൽകിയിരുന്നതിൽ 26 റീം 260 പേപ്പറിന്റെ പുസ്തകങ്ങൾ അച്ചടിച്ചു നൽകാതിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം 12,008 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.k (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-9-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

240. "ഖണ്ഡികയിൽ കൊടുത്തിട്ടുള്ള പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചു വരുന്നു."

241. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയാരാഞ്ഞതിന് പരിശോധിച്ചു വരുന്നതേയുള്ളൂവെന്നാണ് മറുപടി നല്കിയത്. പരിശോധന പൂർത്തിയാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചതിന് 24-11-2005-ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ നിയമസഭാ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും സിൻഡിക്കേറ്റിന്റെ തീരുമാനം ഉടനെ തന്നെ ഗവൺമെന്റ് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

242. 5-5-2006-ലെ എൽ. എഫ്. 16359/സ്പെഷ്യൽ സെൽ (ജി1)/05 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നഷ്ടം ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

243. 2000-2001-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് ഇപ്പോഴും പരിശോധിച്ചു വരുന്നതേയുള്ളു എന്ന ഒഴുക്കൻ രീതിയിൽ നൽകിയ മറുപടി തികച്ചും ആക്ഷേപാർഹമാണെന്നും ഒരു നിയമസഭാ സമിതിയോട് അവലംബിക്കേണ്ട

പെരുമാറ്റച്ചട്ടം പല ഓഡിറ്റ് ഖണ്ഡികകൾക്കും മറുപടി നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ പാലിച്ചു കാണുന്നില്ല എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ഭരണഘടനാപരമായി നിയമസഭയിൽ നിക്ഷിപ്തമായിരിക്കുന്ന അവകാശങ്ങളും, ചുമതലകളും നിറവേറ്റുന്നതിൽ നിയമസഭയുടെ തന്നെ ഒരു മിനിയേച്ചറായ സഭാ സമിതി പ്രവർത്തിക്കുമ്പോൾ അതിന്റെ പ്രവർത്തനത്തെത്തന്നെ നിസാരവൽക്കരിക്കുന്ന തരത്തിലുള്ള സമീപനമാണ് യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നുമുണ്ടാകുന്നത്. വ്യക്തമായ മറുപടികൾ നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ വീഴ്ചവരുത്തുന്നു. ആയതിനാൽ ഒരു നിയമസഭാ സമിതിയോട് കാണിക്കേണ്ട ബഹുമാനവും, പെരുമാറ്റരീതിയും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് തലത്തിൽ യൂണിവേഴ്സിറ്റികൾക്ക് സർക്കുലർ മുഖേന നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

244. സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട 12,008 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പ്രസിദ്ധീകരണ വിഭാഗം—കവർ കാർഡുകൾ അധികം അനുവദിക്കുന്നത് സംബന്ധിച്ച്

1999–2000–ൽ പ്രസിദ്ധീകരിച്ച 8 പുസ്തകങ്ങളുടെ ആവശ്യത്തിലേക്കായി മൊത്തം, 35,800 ഷീറ്റ് കവർ കാർഡുകൾ യൂണിവേഴ്സിറ്റിയുടെ പ്രസ്സിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും കേവലം 28764 ഷീറ്റ് കവർ കാർഡുകൾ മാത്രമേ വിനിയോഗിച്ചു കാണുന്നുള്ളൂ. അധികം അനുവദിച്ച 7036 ഷീറ്റ് കവർ കാർഡ് പ്രസ്സിൽ നിന്നും തിരിച്ച് ലഭ്യമാക്കുകയോ ആയതിന്റെ യഥാർത്ഥ വിലയായ 1576060 രൂപ (ഒരു കാർഡിന് 224 രൂപ നിരക്കിൽ) ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ഫണ്ടിലടക്കുകയോ ചെയ്യേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000–02–ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.1.(1).( i )]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് 12–9–2005–ലെ ഒ.എ.ഡി.3/കെ.യു.എ.-എൽ.എഫ്.എ.സി./05 നമ്പർ കത്തുപ്രകാരം കേരള സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ മറുപടി:—

245. "കവർകാർഡുകൾ ആവശ്യാനുസരണം മാത്രമേ നല്കാറുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളിൽ നിലനില്ക്കുന്ന നിയമ മാനദണ്ഡങ്ങളാണ് പ്രസിദ്ധീകരണ വിഭാഗം പിൻതുടരുന്നത്."

246. പ്രസ്തുത ഓഡിറ്റ് പരാമർശമനുസരിച്ച് പ്രസിദ്ധീകരണ വിഭാഗം മേധാവിയുടെ വീഴ്ച കൊണ്ടുണ്ടായ നഷ്ടമാണിതെന്നും ആയതിനാൽ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് നഷ്ടം വന്ന തുക പ്രസ്തുത ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി ജോയിന്റ് രജിസ്ട്രാറെ സമിതി ചുമതലപ്പെടുത്തിയിരുന്നു. ആയതിനു മറുപടിയായി 24-11-2005-ലെ ഒ.എ.ഡി.3/എൽ.എഫ്.എ.സി./05-ന്

സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച മറുപടിയിൽ സമിതിയുടെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിന്മേൽ സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന തീരുമാനം ഉടനെതന്നെ ഗവൺമെന്റ് ഓഡിറ്ററെ അറിയിക്കുന്നതാണെന്നുമാണ് തുടർന്ന് 25-5-2006-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 26430/B3/05/ഉവിവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുളള നഷ്ടം സർവ്വകലാശാല പ്രകാശന വിഭാഗം ഡയറക്ടറുടെ വ്യക്തിഗത ബാദ്ധ്യതയായി നിജപ്പെടുത്തി അദ്ദേഹത്തിൽ നിന്നും വസൂലാക്കാൻ തീരുമാനിച്ചെന്നാണ് അറിയിച്ചിരിക്കുന്നത്.

247. 5-5-2006-ലെ 16359/Spl. Cell (G1)/05 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സർവ്വകലാശാലയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് ഖണ്ഡിക തീർപ്പാക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുളളത്.

## നിഗമനങ്ങൾ/ശുപാർശകൾ

248. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുളള നഷ്ടം സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം ഡയറക്ടറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തുക പലിശ സഹിതം ടിയാനിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## പൊതു ശുപാർശകളും/നിഗമനങ്ങളും

249. കേരളത്തിലെ പ്രഥമ സർവ്വകലാശാലയായ കേരള സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച സമിതിയ്ക്ക് സർവ്വകലാശാലകളിൽ സ്വയംഭരണവകാശങ്ങളുടെ മറവിൽ സാമ്പത്തിക ദുർവ്യയം നടക്കുന്നതായി മനസ്സിലായി. സർവ്വകലാശാലകൾക്ക് ലഭിക്കേണ്ടുന്ന തുക കൃത്യമായി ഈടാക്കുവാനോ നഷ്ടം സംഭവിക്കുന്ന തുക ഉത്തരവാദികളിൽ നിന്നീടാക്കുവാനോ സർവ്വകലാശാലാധികൃതർ ശ്രമിക്കുന്നതായി കാണുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുന്ന സർവ്വകലാശാല അനാവശ്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതായും സമിതിക്കു മനസിലാക്കുവാൻ കഴിഞ്ഞു.

250. സർവ്വകലാശാലകൾക്ക് സ്വയം ഭരണവകാശം നല്കിയിരിക്കുന്നത് വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്നതിനുവേണ്ടിയാണ് ആ സ്വാതന്ത്ര്യം ധനദുർവിനിയോഗത്തിനും സാമ്പത്തിക അച്ചടക്കമില്ലായ്മയ്ക്കു മുളള മറയാക്കാൻ പാടില്ലാത്തതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

251. സർവ്വകലാശാലയിലെ ഭരണ സംവിധാനത്തിൽ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണ് നിഴലിച്ചു കാണുന്നത്. ഓഡിറ്റിന് യഥാസമയം മറുപടി നല്കുവാനോ ചൂണ്ടിക്കാണിയ്ക്കുന്ന പിഴവുകൾ ആവർത്തിക്കാതിരിക്കുവാനോ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ചൂണ്ടിക്കാട്ടിയിട്ടും ഉത്തരവാദികളായവർക്കെതിരെ നടപടി

സ്വീകരിക്കാതിരിക്കുന്നത് തെറ്റുകൾ ആവർത്തിക്കുവാൻ ഇടയാക്കുന്നുണ്ട്. ഏതെല്ലാം മാർഗ്ഗത്തിലാണ് സാമ്പത്തിക ചോർച്ച ഉണ്ടാകുന്നത് എന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും ഓഡിറ്റ് റിപ്പോർട്ടുകൾ അവഗണിക്കുകയും, അവ ഗൗരവമായി എടുക്കാതെ നിഷ്ക്രിയത്വം പുലർത്തുകയും ചെയ്യുന്ന പ്രവണതയാണ് യൂണിവേഴ്സിറ്റി അധികൃതരുടെ ഭാഗത്തുള്ളത്.

252. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണെന്ന ന്യായത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലയുടെ ഭരണ കാര്യങ്ങളിൽ ഇടപെടുവാനോ നിർദ്ദേശങ്ങൾ നല്കുവാനോ തയ്യാറാകുന്നില്ല. കൂടാതെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമിതി നിർദ്ദേശിച്ച തുടർ നടപടി റിപ്പോർട്ട് സമിതി നിർദ്ദേശ പ്രകാരം സർവ്വകലാശാല ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചെങ്കിലും അതിന്മേൽ യാതൊരു വിശദീകരണവും തേടാതെ സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ട് അതേപടി സമിതിയ്ക്ക് അയച്ചു തരുകമാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വമില്ലായ്മയാണ് കാണിക്കുന്നതെന്നു സമിതി അഭിപ്രായപ്പെടുന്നു.

253. സർവ്വകലാശാലയുടെ അക്കാഡമിക് സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും നിലനിർത്തുന്നതോടൊപ്പം തന്നെ സംസ്ഥാന നിയമസഭ പാസ്സാക്കി അനുവദിക്കുന്ന തുക തികഞ്ഞ ഉത്തരവാദിത്വത്തോടെയും വിവേക പൂർണ്ണമായും ചെലവഴിക്കാനും നിയമം അനുശാസിക്കുന്ന സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും സർവ്വകലാശാലയ്ക്ക് ബാദ്ധ്യതയുണ്ട്. സർവ്വകലാശാലയെക്കുറിച്ച് ഓഡിറ്റ് റിപ്പോർട്ടിലുള്ള എല്ലാ പരാമർശങ്ങൾക്കും മറുപടി ലഭിക്കുന്നുണ്ടോയെന്ന് ഉന്നതോദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കുന്ന ഒരു സംവിധാനം ഗവൺമെന്റ് തലത്തിൽ ഉണ്ടാകേണ്ടതുണ്ടെന്ന് യോഗത്തിൽ ഹാജരായിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

254. അത്തരത്തിലൊരു സംവിധാനത്തെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയും ധനകാര്യ വകുപ്പു സെക്രട്ടറിയും കൂടി ആലോചിച്ച് തീരുമാനിക്കേണ്ടതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടികളും സർചാർജ്ജ് നടപടി ആവശ്യമായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ആയതും സ്വീകരിക്കേണ്ടതായിരുന്നെന്നും സമിതി അഭിപ്രായപ്പെട്ടു.

255. <u>സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സർവ്വകലാശാലയ്ക്കു നല്കുമ്പോൾ തന്നെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്കും അതിന്റെ പകർപ്പ് നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

256. <u>സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾക്ക് സമയബന്ധിതമായി മറുപടി നല്കി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനായുള്ള ഒരു സംവിധാനത്തിന്റെ അപര്യപ്തത സമിതിയ്ക്ക് ബോദ്ധ്യമാവുകയുണ്ടായി. ആയതിനാൽ ഇതിലേയ്ക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന ഉന്നതതല സമിതി രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

257. സര്‍വ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമര്‍ശങ്ങളിന്മേല്‍ ലോക്കല്‍ ഫണ്ട് ഓഡിറ്റ് വകുപ്പ് കൃത്യമായി തുടര്‍ നടപടികള്‍ സ്വീകരിക്കണമെന്നും സര്‍ചാര്‍ജ്ജ് നടപടികള്‍ ആവശ്യമായ ഓഡിറ്റ് പരാമര്‍ശങ്ങളിന്മേല്‍ സര്‍ചാര്‍ജ്ജ് നടപടികള്‍ സ്വീകരിക്കണമെന്നും സമിതി ശുപാര്‍ശ ചെയ്യുന്നു. സര്‍വ്വകലാശാലകള്‍ക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോള്‍ മുന്‍ വര്‍ഷങ്ങളിലെ ധനവിനിയോഗത്തിന്റെ വിശദാംശങ്ങള്‍ ലോക്കല്‍ ഫണ്ട് ഓഡിറ്റ് ഡയറക്ടര്‍ സാക്ഷ്യപ്പെടുത്തി ധനകാര്യ വകുപ്പിന് നല്കാന്‍ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശുപാര്‍ശ ചെയ്യുന്നു.

എന്‍. അനിരുദ്ധന്‍,
ചെയര്‍മാന്‍,
ലോക്കല്‍ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 ജൂലൈ 26.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കേരള സർവ്വകലാശാല | 4 | യു.ജി.സി. അദ്ധ്യാപകർക്ക് അനർഹമായി ഇടക്കാലാശ്വാസം നല്കിയ സർവ്വകലാശാല യുടെ നടപടി നിലവിലുളള സർവ്വീസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. സർവ്വകലാശാലയുടെ ഓഫീസ് ഭരണത്തിലെ കെടുകാര്യസ്ഥതയാണ് ഇത് വെളിവാക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ വിവരം ഓഡിറ്റിൽ കണ്ടുപിടിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ സർവ്വകലാശാലയ്ക്ക് വൻ നഷ്ടം ഉണ്ടാകു മായിരുന്നുവെന്നും, എന്നാൽ അനർഹമായ തുക തിരിച്ചുപിടിച്ച വിവരം ഓഡിറ്റിനെ യഥാസമയം അറിയിക്കുന്നതിനോ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനോ സർവ്വകലാശാല അധികൃതരുടെ ഭാഗത്തു നിന്നും യാതൊരുവിധ നടപടിയും ഉണ്ടാകാതിരുന്നത് തികച്ചും ആക്ഷേപാർഹമാണ് എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. അനർഹമായി ആനുകൂല്യ ങ്ങൾ നല്കുകയും പിന്നീട് തിരിച്ചുപിടിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യം മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. അദ്ധ്യാപകർക്ക് അനർഹമായി നല്കിയ തുക തിരിച്ചു പിടിച്ചുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധനയിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാ വുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ,, | 10 | സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് 2,33,130 രൂപ ചെലവഴിച്ച് 2/97-ലും 1/98-ലുമായി ഫൈബർ ബോട്ടും, എഞ്ചിനും വാങ്ങിയെങ്കിലും പ്രസ്തുത ബോട്ട് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളോ, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബോട്ട്യാർഡിനുള്ള സ്ഥലമോ നാളിതുവരെ കണ്ടെത്തിയിരുന്നില്ല. വേണ്ടത്ര ക്രമീകരണങ്ങൾ ഒരുക്കുന്നതിന് മുമ്പ് ബോട്ട് വാങ്ങി സർവ്വകലാശാലാ ഫണ്ട് ദുരുപയോഗം ചെയ്ത നടപടി നിരുത്തരവാദപരവും ക്രമരഹിതവുമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. |
| | | 11 | 1997 ഫെബ്രുവരി മാസത്തിൽ വാങ്ങിയ എഞ്ചിൻ പരിശോധിച്ചതിൽ അത് പ്രവർത്തനയോഗ്യമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും, വാട്ടർപ്രൂഫ് പെയിന്റ് ചെയ്തുകഴിഞ്ഞാൽ ബോട്ട് പ്രവർത്തനക്ഷമമാവുമെന്നും ആണ് രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ 9 വർഷമായി പ്രവർത്തനരഹിതമായി ഇരിക്കുന്ന എഞ്ചിൻ പ്രവർത്തനക്ഷമമാണെന്ന് മനസ്സിലാക്കുന്നതിന് എന്തു പരിശോധനയാണ് നടത്തിയത്, ആരാണ് നടത്തിയത്, എങ്ങനെയാണ് നടത്തിയത് എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. അതുപോലെ തന്നെ നീറ്റിലിറക്കാതെ കഴിഞ്ഞ 8 വർഷമായി കരയിൽ ഇരിക്കുന്ന ഇതിന്റെ ഹൾ ദ്രവിച്ചുപോയിട്ടുണ്ടോയെന്നും ഇതിന് ഇനി അറ്റകുറ്റപ്പണികൾ ആവശ്യമാണോയെന്നും വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 12 | 1997-ൽ എഞ്ചിൻ വാങ്ങുകയും പിന്നീട് ബോട്ട് വാങ്ങുകയും നാളിതുവരെ പ്രവർത്തനസജ്ജമാകാത്ത സാഹചര്യത്തിലും ഇതിനായി തുക ചെലവഴിച്ചത് ധനദുർവിനിയോഗമാണെന്നും ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും ദീർഘവീക്ഷണമില്ലാതെ ധൃതിപിടിച്ച് ബോട്ടും എഞ്ചിനും വാങ്ങിയതിനുത്തരവാദികളായവരെ കണ്ടെത്തി തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കേരള സർവ്വകലാശാല | 16 | കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നല്കുന്ന തോടൊപ്പം പരാമർശ വിഷയമായ കെട്ടിടത്തിന് മുമ്പ് അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| | | 17 | സർവ്വകലാശാലയുടെ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിൽ അനുവർത്തിച്ചു വരുന്ന നടപടിക്രമം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | ,, | 22 | ട്രഷറി പബ്ലിക് അക്കൗണ്ടിൽ (TPA) വർഷങ്ങളായി വിനിമയം നടത്താത്തതുമൂലം പ്രതിവർഷം നല്ലൊരു തുക പലിശയിനത്തിൽ നഷ്ടപ്പെടുന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും ഇക്കാര്യത്തിൽ യാതൊരുവിധ തുടർനടപടിയും സ്വീകരിച്ച തായി കാണുന്നില്ല. സർവ്വകലാശാലാധികൃതരുടെ സാമ്പത്തിക കെടുകാര്യസ്ഥതയാണിതിനു കാരണമെന്നും ആയതിനാൽ സർവ്വകലാശാല യിൽ സാമ്പത്തിക അച്ചടക്കം കർശനമായി നടപ്പാക്കേണ്ടതാണെന്നും പലിശയിനത്തിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 23 | ഓഡിറ്റിൽ പരാമർശിക്കപ്പെട്ട രീതിയിൽ സജീവമല്ലാത്ത അക്കൗണ്ടുകൾ ഉണ്ടെങ്കിൽ അടിയന്തിരമായി അവസാനിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5 | ,, | 29 | സർവകലാശാലയ്ക്ക് നഷ്ടമായ തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേൽ തുടർ നടപടികൾ ആവശ്യമില്ല എന്നു സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | കേരള സർവ്വകലാശാല | 37 | ജേർണലിസം ഡിപ്പാർട്ടുമെന്റിലെ റീഡറായിരുന്ന ശ്രീ. തങ്കദുരൈ പെൻഷനായി 10 വർഷത്തിലേറെയായതിനാൽ ടിയാന് അധികമായി നൽകിയ ചാർജ് അലവൻസ് തിരിച്ചു പിടിക്കാനാവില്ല എന്ന മറുപടിയാണ് സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുകയും പിന്നീട് സമയപരിധി കഴിഞ്ഞതിനാൽ തിരിച്ചു പിടിക്കാൻ കഴിയില്ലെന്ന ന്യായീകരണം നൽകുകയും ചെയ്ത സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാനാവില്ല. സർവ്വകലാശാലയിലെ ഭരണതലത്തിലെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണിതിൽ പ്രകടമാകുന്നതെന്നും ആയതിനാൽ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കുകയും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ അടിയന്തിര നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 38 | നിലവിലുള്ള ചട്ടങ്ങൾക്കു വിരുദ്ധമായി അധികം തുക അനുവദിക്കുകയും ആയത് തിരിച്ചു പിടിക്കാതെ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഉത്തരവാദിയെന്നും ആയതിനാൽ പ്രസ്തുത തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 39 | എഞ്ചിനിയറിംഗ് സബ് ഡിവിഷനിൽ അധികം നൽകിയ ചാർജ്ജ് അലവൻസ് തിരിച്ചുപിടിച്ചിട്ടുണ്ടെന്ന മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടികൾ ആവശ്യമില്ല എന്നും ശുപാർശ ചെയ്യുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാവിധ പരിശോധനയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | കേരള സർവ്വകലാശാല | 47 | ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുന്നതിനോ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ തിരുത്തുന്നതിനോ സർവ്വകലാശാല അധികൃതർ യാതൊരുവിധത്തിലുള്ള ഉത്തരവാദിത്വവും കാണിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. |
| | | 48 | നിയമസഭാ സമിതി തെളിവെടുപ്പിനുശേഷമാണ് പ്രസ്തുത സംഭവം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ വരുന്നത്. 26-10-2005-ലെ തെളിവെടുപ്പിൽ ഇതു സംബന്ധിച്ച സമിതി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കാതെ അലംഭാവം തുടരുന്നതായാണ് റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. |
| | | 49 | സമിതിക്ക് തെളിവെടുപ്പുയോഗത്തിൽ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഉത്തരവാദിയായ ശ്രീ. സി. ജയിംസ് സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട തുക അടച്ചിട്ടുണ്ടെന്നും പലിശ അടച്ചിട്ടില്ലാത്തതിനാൽ 28-2-2002-ൽ റിട്ടയർ ചെയ്ത ടിയാന് പിഴപ്പലിശയിനത്തിലുള്ള 59,886 രൂപ ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നീടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നാണറിയിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് ലഭ്യമാക്കിയ റിപ്പോർട്ടിൽ പിഴപ്പലിശ ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് ഈടാക്കണമെന്ന സമിതി നിർദ്ദേശം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്നാണ് അറിയിച്ചിട്ടുളളത്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത് 4 വർഷമായിട്ടും പ്രസ്തുത തുക ഈടാക്കിയിട്ടില്ലെന്ന മറുപടി സർവ്വകലാശാല അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും ആയതിനാൽ തുക 3 മാസത്തിനുളളിൽ ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 50 | തുക ഈടാക്കാൻ ഇതുവരെയും നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 51 | ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന സർവ്വകലാശാല യിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര മായ വീഴ്ച വരുത്തിയതിനാലാണ് ഇത് കൃത്യസമയത്ത് കണ്ടുപിടിക്കാതിരുന്നതെന്നതി നാൽ പ്രസ്തുത ഉന്നത ഉദ്യോഗസ്ഥനെതി രെയും ശിക്ഷാ നടപടികൾ കൈക്കൊള്ളണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | കേരള സർവ്വകലാശാല | 58 | യാത്രാബത്ത അനുവദിക്കുന്നതിന് നിയന്ത്രണം അത്യന്താപേക്ഷിതമാണെന്നും സിൻഡിക്കേറ്റം ഗങ്ങൾക്ക് ദിനംപ്രതി യാത്രാബത്ത നൽകിയ ത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രാ യപ്പെടുന്നു. |
| | | 59 | യാത്രാബത്ത നൽകുന്നതിന് നിലവിലുള്ള രീതി തുടരേണ്ടതില്ലെന്ന സർവ്വകലാശാലയുടെ തീരുമാനം അംഗീകരിക്കുന്നതോടൊപ്പം തുടർച്ചയായ സിൻഡിക്കേറ്റ് യോഗങ്ങൾക്ക് ഹാജരാകുന്ന അംഗങ്ങൾക്ക് യോഗങ്ങളുടെ ആദ്യ ദിവസവും അവസാനിക്കുന്ന ദിവസവും മാത്രമേ യാത്രാബത്തയ്ക്ക് അർഹതയുണ്ടായി രിക്കുകയുള്ളൂവെന്നും രണ്ടു യോഗങ്ങൾ തമ്മിൽ നിശ്ചിത ദിവസത്തിന്റെ അന്തരമുണ്ടെ ങ്കിൽ മാത്രമേ യാത്രാബത്ത അനുവദിക്കുക യുള്ളൂവെന്നും വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് തലത്തിൽ നിർദ്ദേശമുണ്ടാകണ മെന്നും അതനുസരിച്ച് സർവ്വകലാശാല ഉത്തര വിറക്കണമെന്നും ആയതിന്റെ പകർപ്പു സമിതിയ്ക്കും ലോക്കൽ ഫണ്ട് ഓഡിറ്റിനും ലഭ്യ മാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | ,, | 62 | വാഹനങ്ങളുടെ ലോഗ്ബുക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും ഓഡിറ്റിന് അവ കൃത്യമായി ഹാജരാക്കണമെന്നുമുള്ള നിർദ്ദേശ ത്തോടെ സർവ്വകലാശാല നൽകിയ മറുപടി സമിതി അംഗീകരിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | കേരള സർവ്വകലാശാല | 66 | ഓഡിറ്റ് തടസം ഒഴിവാക്കിയ സാഹചര്യത്തിൽ സമിതി ഈ ഖണ്ഡികയിന്മേൽ പരാമർശം നടത്തുന്നില്ല. |
| 11 | ,, | 84 | ലോക്കൽ ഫണ്ട് ഓഡിറ്റ് പുനഃപരിശോധന യിലും ചൂണ്ടിക്കാട്ടിയ നഷ്ടം ഒഴിവാക്കുവാൻ സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 12 | ,, | 90 | ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നൽകിയ മുൻകൂർ തുകയിൽ 1990-91 മുതൽ 1995-96 വരെയും 1998-99-ലും അനുവദിച്ച 38,69,732 രൂപ അടിയന്തിരമായി ക്രമീകരിച്ചതിനു ശേഷം തുക എത്രയാണെന്നുമുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ,, | 95 | പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുകയും ചെയ്യണമെന്നും ഇതിന്മേൽ എടുത്ത തീർപ്പിനെ സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | ,, | 98 | 2000-2001-ലെ സമാഹൃത റിപ്പോർട്ടിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണി ച്ചിരിക്കുന്ന സാമ്പത്തിക ക്രമക്കേട് പരിഹരി ക്കുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും ഇതു സംബന്ധിച്ച് സമിതിക്കു സമർപ്പിച്ച മറുപടി വെറും ഒരു പ്രസ്താവന മാത്രമാണെന്നും, ഓഡിറ്റിന്റെ പുനഃപരിശോധന യ്ക്ക് വിധേയമാക്കിയിട്ടുപോലും കണക്കുകൾ ഹാജരാക്കുവാൻ സർവ്വകലാശാല കൂട്ടാക്കി യിട്ടില്ല എന്നതും വളരെ ഗുരുതരമായ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വകുപ്പിനോട് ആവശ്യപ്പെടുന്നതോടൊപ്പം പി.ഡി. അക്കൗണ്ടിൽ നിന്നും പണം വിനിയോഗിക്കുന്ന കാരണങ്ങൾ വിവരിച്ചു കൊണ്ടുള്ള പ്രസ്തുത ഓഡിറ്റ് പരാമർശ വുമായി ബന്ധപ്പെട്ട് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 15 | കേരള സർവ്വകലാശാല | 101 | പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവു ന്നതാണെന്ന ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ സമിതി അംഗീകരി ക്കുന്നു. |
| 16 | ,, | 105 | മുൻകൂറായി അനുവദിച്ച തുകയിൽ ഇനിയും ക്രമീകരിക്കാനുള്ളവ അടിയന്തിരമായി ക്രമീകരിച്ച് ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുവാനും സമിതിക്ക് റിപ്പോർട്ട് ലഭ്യ മാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 17 | ,, | 111 | സർവ്വകലാശാലയ്ക്ക് സർക്കാർ നൽകു മായിരുന്ന ഇളവ് യഥാവിധി വിനിയോഗി ക്കാതിരുന്നതിനാലാണ് കോമ്പൗണ്ടിംഗ് ഫീസ് ആയി 26,708 രൂപ നഗരസഭയിലേയ്ക്ക് അടയ്ക്കേണ്ടിവന്നത്. നഗരസഭയുടെ അനുമതി വാങ്ങുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണിതിനു കാരണമെന്നതിനാൽ ഈയിനത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം (26708 രൂപ) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | ,, | 119 | സർവ്വകലാശാലയ്ക്ക് ഫീസിനത്തിൽ ലഭി ക്കേണ്ടിയിരുന്ന തുക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ നടപടി സർവ്വകലാശാലയിലെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കെടുകാര്യസ്ഥതയും, ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| | | 120 | സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്ന സർവ്വകലാശാല കുടിശ്ശിക പിരിച്ചെടുക്കുവാനോ ഫീസിനത്തിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ തുക സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുവാനോ തയ്യാറാകാതെ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചാലും കർമ്മനിരതമല്ലാത്ത ഭരണസംവിധാനം കൊണ്ട് സർവ്വകലാശാലയ്ക്ക് സാമ്പത്തികനില മെച്ചപ്പെടുമെന്ന് കരുതാനാവില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 121 | സർവ്വകലാശാലയിലെ ധനകാര്യ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയതായും ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മ പരിശോധന നടത്തി മേൽനോട്ടം വഹിക്കുകയും തെറ്റുകൾ ചൂണ്ടിക്കാട്ടി നിർദ്ദേശം നൽകുകയും ചെയ്യേണ്ട ഉന്നത ഉദ്യോഗസ്ഥരും തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായും സമിതി കണ്ടെത്തി. |
| | | 122 | സമിതി നിർദ്ദേശ പ്രകാരം ഓഡിറ്റിന് ലഭ്യമാക്കിയ 2000–2001 മുതൽ 2004–2005 വരെയുള്ള ഡി.സി.ബി പത്രികകൾ അപൂർണ്ണമാണെന്നും സർവ്വകലാശാല ആവശ്യപ്പെട്ടിട്ടും കണക്കുകൾ ഹാജരാക്കാത്ത കോളേജുകൾ ഉണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡി.സി.ബി. പത്രികകൾ സംബന്ധിച്ച ചൂണ്ടിക്കാട്ടിയിട്ടുള്ള ന്യൂനതകൾ അടിയന്തിരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും , കണക്കുകൾ ഹാജരാകാത്ത കോളേജുകളിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ടു ലഭ്യമാക്കുവാനും സമിതി ശുപാർശചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 123 | ഓരോ അദ്ധ്യയന വർഷത്തേയും ഫീസുകൾ അതാത് വർഷം നിശ്ചിത തീയതിയ്ക്കു മുൻപ് സർവ്വകലാശാലയിൽ അടച്ചിരിക്കണമെന്നു നിഷ്ക്കർഷിച്ചുകൊണ്ട് എല്ലാ കോളേജധികൃതർക്കും അറിയിപ്പ് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നിശ്ചിത സമയത്തിനുള്ളിൽ തുക സർവ്വകലാശാലയിൽ അടയ്ക്കാത്ത കോളേജധികൃതർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും തുക പലിശസഹിതം ഈടാക്കി സർവ്വകലാശാലാ ഫണ്ടിലേയ്ക്ക് വരവുവയ്പിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. തുടർച്ചയായി 2 വർഷം ഫീസ് കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ പരീക്ഷാകേന്ദ്രം താത്ക്കാലികമായി റദ്ദു ചെയ്യുന്നതിനും കുടിശ്ശിക അടച്ചതിനുശേഷം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന രീതി പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 124 | ഫീസിനത്തിൽ ഓരോ അദ്ധ്യയനവർഷവും ലഭിക്കേണ്ട ഫീസ് സംബന്ധിച്ച രേഖകൾ സർവ്വകലാശാലയിലെ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി സൂക്ഷിക്കണമെന്നും സർവ്വകലാശാലാ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ട തുകയിൽ കുറവു വരുന്ന തുക പലിശസഹിതം ബന്ധപ്പെട്ട കോളേജധികൃതരിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 125 | സർവ്വകലാശാലയിലേയ്ക്ക് വിവിധ കോളേജുകളിൽ നിന്നും ലഭിക്കേണ്ട ഫീസ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി നിലവിൽ സർവ്വകലാശാലയിൽ സംവിധാനമുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ലെന്നാണ് സമിതിക്ക് മനസിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ പ്രസ്തുത സംവിധാനം ശക്തമാക്കണമെന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ ബാദ്ധ്യസ്ഥരായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ ഇതിൽ വീഴ്ചവരുത്തുന്നപക്ഷം ആയത് അവരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് പിഴപ്പലിശസഹിതം നഷ്ടമായ തുക ഈടാക്കണമെന്നും സമയബന്ധിതമായി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശുപാർശചെയ്യുന്നു. |
| 19 | കേരള സർവ്വകലാശാല | 135 | പരീക്ഷാ ഫീസ് പിരിവിൽ ഓഡിറ്റ് ചൂണ്ടി ക്കാണിച്ചിട്ടുള്ള കുറവ് ഒരു നഷ്ടമായി കണക്കാക്കുവാൻ സാധിക്കുകയില്ല എന്നും രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത വരുടേയും എസ്.സി/എസ്.ടി. വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് ഗവൺമെന്റിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്തു ലഭിക്കുന്നതിൽ കാലതാമസമുള്ളതിനാൽ ആയിനത്തിൽ ഉണ്ടാകുന്ന കുടിശ്ശികയുമാണ് ഫീസിനത്തിൽ കുറവു വരുവാൻ കാരണമെന്നുമുള്ള സർവ്വകലാശാലാ അധികൃതരുടെ വാദത്തോട് സമിതി യോജിക്കുന്നില്ല. പരീക്ഷയ്ക്ക് ഇരിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് റീ-ഇമ്പേഴ്സ് ചെയ്തു ലഭിക്കേണ്ടതാകയാൽ ഇതു സംബന്ധിച്ച കണക്കുകൾ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകേണ്ടതാണെന്നും ആയതിനാൽ ഇപ്രകാരമൊരു വാദഗതി വെയ്ക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിയ ഇളവുകൾ സംബന്ധിച്ച കണക്കു സമിതിക്ക് സമർപ്പിക്കുകയാണ് വേണ്ടിയിരുന്ന തെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. കൂടാതെ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ ഏതെല്ലാം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. എത്രപേർ ഏതെല്ലാം പരീക്ഷയെഴുതി, എത്രപേർ മാർക്ക്ലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും വാങ്ങി എന്നതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ എത്ര രൂപാ പരീക്ഷാ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് പിരിഞ്ഞു കിട്ടേണ്ടതുണ്ട് അതിൽ എത്ര പിരിഞ്ഞുകിട്ടി, ഇനി എത്ര പിരിഞ്ഞു കിട്ടാനുണ്ട് എന്നീ കണക്കുകൾ തയ്യാറാക്കുന്നതിന് വലിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബുദ്ധിമുട്ട് ഉണ്ടാകാനിടയില്ല എന്നു സമിതി വിലയിരുത്തുന്നു. അപേക്ഷാഫാറങ്ങൾ നശിപ്പിച്ചുകളഞ്ഞാലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നപക്ഷം അതിൽ നിന്നും ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിനും യാതൊരു ബുദ്ധിമുട്ടുമുണ്ടാകയില്ല എന്നും സമിതി മനസ്സിലാക്കുന്നു. അപേക്ഷകൾ മുഴുവനും നശിപ്പിക്കപ്പെട്ടതിനാൽ കൃത്യമായ കണക്കുകൾ ഹാജരാക്കുന്നതിനോ മറുപടി നൽകുന്നതിനോ പറ്റാത്ത സാഹചര്യമാണെന്ന സർവ്വകലാശാലാ രജിസ്ട്രാറുടെ മറുപടി സമിതിക്ക് സ്വീകാര്യമല്ല. അക്കൗണ്ട്സ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും, കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിലും, സർവ്വകലാശാലയ്ക്കു ലഭിക്കേണ്ട പണം കൃത്യമായി ഈടാക്കുന്നതിലും പരീക്ഷാ വിഭാഗത്തിലെയും, ധനകാര്യ വിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി സമിതി മനസിലാക്കുന്നു. വരവും ചെലവും സംബന്ധിച്ച കൃത്യമായ കണക്കും രേഖകളും സൂക്ഷിക്കുകയെന്നത് ധനസംബന്ധമായ യാതൊരു ഇടപാടിന്റേയും പ്രാഥമിക ഉത്തരവാദിത്തമാണെന്നിരിക്കെ, ധനവിനിമയം സംബന്ധിച്ച അടിസ്ഥാന മാനദണ്ഡങ്ങൾ പോലും പാലിക്കാതെ തികച്ചും നിരുത്തരവാദപരമായി യൂണിവേഴ്സിറ്റി ഫണ്ട് കൈകാര്യം ചെയ്തത് അതീവ ഗുരുതരമായ ക്രമക്കേട് തന്നെയാണ്. ആയതിനാൽ ധനകാര്യ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടും, കേരള ഫിനാൻഷ്യൽ കോഡിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ ഇത്തരം തെറ്റുകുറ്റങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും Double Entry Accounting System അടിയന്തിരമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 136 | കൂടാതെ ആവശ്യമായ രജിസ്റ്ററുകളും, സർവ്വകലാശാലയ്ക്കു പിരിഞ്ഞുകിട്ടേണ്ട ഓരോ കണക്കിനത്തിനും ഡി.സി.ബി. സ്റ്റേറ്റ്മെന്റും സൂക്ഷിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 20 | കേരള സർവ്വകലാശാല | 142 | മുൻകൂർ തുക അനുവദിക്കുന്നതിന് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും നിലവിലിരിക്കേ ഒരേ വ്യക്തിയ്ക്കും കോളേജുകൾക്കും ഒന്നിലധികം മുൻകൂറുകൾ അനുവദിച്ച സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നടപടി ക്രമവിരുദ്ധവും നിലവിലുള്ള നിയമങ്ങളുടെ ലംഘനവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 143 | സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ധനകാര്യ വിഭാഗം യാതൊരു ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ലെന്നും ആയതിനാൽ ധനകാര്യ വിഭാഗം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർവ്വകലാശാലയിലെ ധനദുർവ്വിനിയോഗം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 144 | നിലവിലുള്ള നിയമം അനുസരിച്ച് മുൻകൂറുകൾ അനുവദിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കെ വർഷങ്ങൾ കഴിഞ്ഞിട്ടും മുൻകൂറുകൾ ക്രമീകരിക്കുവാനോ, ക്രമീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട മുൻകൂറുകൾ ആദ്യം അനുവദിച്ച സർവ്വകലാശാല ധനകാര്യവിഭാഗം മേധാവി ഓഡിറ്റ് പരാമർശം വരുമ്പോഴും സർവ്വകലാശാല ധനകാര്യവിഭാഗം തലവൻ ആയി തുടർന്നിട്ടും ഈ രീതിയിലുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കാനോ മുൻകൂർ തുക തിരിച്ചടപ്പിക്കാനോ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് മാത്രമല്ല ഇക്കാര്യത്തിൽ ധനകാര്യവിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അക്ഷന്തവ്യമായ വീഴ്ചയാണ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉണ്ടായതെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ 1996-97 മുതൽ 2001-02 വരെ എത്ര പേർക്ക്/സ്ഥാപനങ്ങൾക്ക് എന്തുതുക വീതം മുൻകൂർ അനുവദിച്ചെന്നും എത്ര തുക ക്രമപ്പെടുത്തിയെന്നും ഇനി എത്ര തുക ക്രമീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും, മുൻകൂറുകൾ പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 145 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാൻ വീഴ്ച വരുത്തുന്നവർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകരുതെന്നും, മുൻകൂറുകൾ നൽകിയ തുക അവരുടെ വ്യക്തിഗത ബാദ്ധ്യത യായി നിശ്ചയിച്ച് പിഴപ്പലിശയടക്കം ഈടാക്കിയ തിനുശേഷമേ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകാവൂ എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 21 | കേരള സർവ്വകലാശാല | 148 | വ്യക്തമായ ഉത്തരവുള്ളതിനാൽ സർവ്വകലാശാ യുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 22 | ,, | 153 | സർവ്വകലാശാലയുടെ മറുപടി സമിതി അംഗീകരിക്കുന്നു. |
| 23 | ,, | 159 | സമിതി നിർദ്ദേശത്തെ തുടർന്ന് 24-11-2005-ലെ OAD3/LFAC/05 നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടിയിൽ സമിതി ഭാവിയിൽ ഇത്തരം ആനുകൂല്യങ്ങൾ നൽകേണ്ടതില്ലായെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയി ച്ചിരുന്നു. എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 25-5-2006-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുടെ 26430/ബി3/05/ഉവിവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത ഉത്തരവ് തുടരേണ്ടതാണെന്നാണ് അറിയിച്ചിട്ടുള്ളത്. നിയമസഭാ സമിതി മുമ്പാകെ പരസ്പര വിരുദ്ധമായ മറുപടി ലഭ്യമാക്കിയതു വഴി സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചെന്നും ആയതിനാൽ പ്രസ്തുത |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥനിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 160 | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്ന കെ.എസ്.ആർ. തന്നെയാണ് സർവ്വകലാശാലയിലും ബാധകമെന്നിരിക്കെ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് സർവ്വകലാശാല ഉത്തരവിറക്കുവാൻ പാടില്ലെന്നും ഇത്തരം ഉത്തരവുകളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 161 | നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ദിനബത്തയായി നൽകിയ 11,064 രൂപ ബന്ധപ്പെട്ടവരിൽ നിന്നും അടിയന്തിരമായി തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഭാവിയിൽ 8 കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്ക് ദിനബത്ത നൽകാൻ പാടില്ലെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 24 | കേരള സർവ്വകലാശാല | 170 | സർക്കാർ കോളേജുകൾ പരീക്ഷാ ഫീസടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി അന്വേഷിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് സർവ്വകലാശാലാ രജിസ്ട്രാർ പ്രസ്തുത വിഷയം ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി സമിതിയ്ക്ക് നൽകിയിരുന്നു. എന്നാൽ ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ട ഗവൺമെന്റ് സെക്രട്ടറി അദ്ദേഹത്തിന്റെ തന്നെ 26430/ബി3/05 കത്തുപ്രകാരം "ഗവൺമെന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്" എന്നാണ് സമിതിയെ അറിയിച്ചിരിക്കുന്നത്. ഓഡിറ്റ് പരാമർശം പരിശോധിച്ച് മറുപടി നൽകേണ്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻ ആയതിന് തന്നെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നത് പരിഹാസ്യമാണ്. |
| | | 171 | സർവ്വകലാശാല ലഭ്യമാക്കിയ മറുപടി എന്താണെന്ന് പോലും നോക്കാതെ അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ നിയമസഭാ കമ്മിറ്റിയ്ക്ക് ഉത്തരവാദിത്വ രഹിതമായി റിപ്പോർട്ട് ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| | | 172 | ഉന്നതവിദ്യാഭ്യാസ വകുപ്പും സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ഇടപെടാറില്ലെന്നും വകുപ്പ് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായിട്ടുമാണ് സമിതി മനസ്സിലാക്കുന്നത്. |
| | | 173 | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 25 | കേരള സർവ്വകലാശാല | 185 | പാഠപുസ്തകം അച്ചടിക്കുന്നതിനായി സ്വകാര്യ പ്രസ്സുടമകൾക്ക് നൽകിയ പേപ്പറിൽ അശോകാ പ്രസ്സ് (3.134 റീം) ലക്ഷ്മി പ്രിന്റേഴ്സ് (2.059 റീം) എന്നീ സ്ഥാപനങ്ങൾക്ക് കൊടുത്തതിൽ 5.193 റീം അധികമാണെന്നും, അധികമായി നൽകിയ അച്ചടിക്കടലാസ് തിരികെ വാങ്ങുന്നതിനോ ആയതിന്റെ വില പ്രസ്സുടമകളിൽ നിന്നും ഈടാക്കുന്നതിനോ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും നടപടി ഉണ്ടായിട്ടില്ല എന്നു സമിതി ചൂണ്ടിക്കാട്ടുന്നു. അച്ചടിക്കടലാസ് നൽകുന്നതു സംബന്ധിച്ച വിവിധ ഓഡിറ്റ് ഖണ്ഡികകൾക്ക് സർവ്വകലാശാലാ സമിതിക്ക് സമർപ്പിച്ച വിശദീകരണത്തിൽ M/s ശിവ പ്രിന്റേഴ്സ്, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നവധാര കളർ പ്രിന്റേഴ്സ്, സംഗീത പ്രിന്റേഴ്സ്, ശ്രീദേവി പ്രിന്റേഴ്സ് എന്നിവർ പേപ്പർ തിരികെ നൽകാനുള്ളതിനാൽ, അവരുടെ ഒടുവിലത്തെ ബിൽ തുകയും, ജാമ്യത്തുകയും നൽകിയിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ യൂണിവേഴ്സിറ്റിക്കു തിരികെ ലഭിക്കുവാനുള്ള പേപ്പറിന്റെ മൂല്യത്തിനു ആനുപാതികമായുള്ള തുക ഈ തുകകൾ ഈടാക്കിയാൽ ലഭിക്കുമോ എന്നതു സംബന്ധിച്ച് സമിതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ അച്ചടി സംബന്ധമായ കണക്കുകൾ അടിയന്തിരമായി സെറ്റിൽ ചെയ്ത് ഉത്തരവു പുറപ്പെടുവിക്കണമെന്നും അതിനുശേഷം സ്വകാര്യ പ്രസ്സുകൾക്ക് അച്ചടിയ്ക്കായി നൽകിയ പേപ്പറിന്റെ ഉപയോഗം സംബന്ധിച്ച രജിസ്റ്ററുകൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റിനു സമർപ്പിക്കണമെന്നും, ഇതു സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിൽ തീർപ്പു കൽപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 186 | അച്ചടിശാലകളിൽ നിന്നും ലഭിക്കുന്ന ബില്ലിൽ, സർവ്വകലാശാല നല്കിയ കടലാസിന്റെ അളവും, ഉപയോഗിച്ച കടലാസിന്റെയും, ബാക്കിയുള്ള കടലാസിന്റെയും അളവും കൃത്യമായി രേഖ പ്പെടുത്തിയിരിക്കണമെന്നും ഈ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ബില്ലു കൾ പാസ്സാക്കി നല്കുമ്പോൾ ബാക്കിയുള്ള കടലാസിന്റെ വില തട്ടിക്കിഴിച്ചത് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണമന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 26 | കേരള സർവ്വകലാശാല | 197 | സർവ്വകലാശാല രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ ഡെലിവറി നോട്ടിൽ ചൂണ്ടിക്കാണി ച്ചിട്ടുള്ള തെറ്റുകൾ പരിശോധിച്ച് വേണ്ട നടപടി കൾ സ്വീകരിക്കുമെന്നാണറിയിച്ചിരുന്നത് എന്നാൽ സർവ്വകലാശാല രജിസ്ട്രാർ 24-11-2005-ൽ ലഭ്യമാക്കിയ മറുപടിയിൽ അച്ചടി ജോലിയിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അവ പൂർത്തിയാക്കി ഡെലിവറി ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതും ഓഡിറ്റിനെ സംബന്ധിച്ച തെളിവെടുപ്പിനുശേഷം എഴുതി ചേർത്ത് തെറ്റുകൾ പരിഹരിച്ചതാണെന്നാണ് ഇതിൽനിന്നും സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ തെളിവെടുപ്പുവേളയിൽ സമിതിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തെറ്റുകൾ വരുത്തിയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഡെലിവറി നോട്ടിൽ തിരുത്തലുകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖയിൽ കൃത്രിമം നടത്തിയതിന് നടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | | 198 | സർവ്വകലാശാല പ്രസ്സുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാട്ടിയ 1,14,280 രൂപയുടെ നഷ്ടം പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാന്റെ വ്യക്തിഗത ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും പിഴ പലിശയടക്കം മൂന്നുമാസത്തിനുള്ളിൽ ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 199 | നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ് സർവ്വകലാശാലയിൽ നടന്നിരിക്കുന്നതെന്നും ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സാമ്പത്തിക ദുർവിനിയോഗത്തിനും ക്രമക്കേടിനുമെതിരെയുള്ള നടപടികൾ സ്വീകരിക്കണമന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 200 | പ്രസ്സുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശിക്കപ്പെട്ട തെറ്റുകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ഇവ ആവർത്തിക്കുന്നില്ലെന്നുറപ്പു വരുത്തണമെന്നും ഇതിനായി സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 201 | ആൻസർ ഷീറ്റുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട 35,734 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നു് പിഴപ്പലിശയടക്കം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 202 | പ്രസ്സിന്റെ ചുമതലയുള്ള ശ്രീ. എം. കെ. തമ്പാൻ റിട്ടയർ ചെയ്യുന്നതിനു മുമ്പായി ടിയാനെതിരെയുള്ള നടപടികൾ പൂർത്തിയാക്കിയിരിക്കണമെന്നും ഇതിനു വിരുദ്ധമായി ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിച്ചാൽ ടിയാന്റെ പേരിലുള്ള ബാദ്ധ്യതകൾ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും ശ്രീ. എം. കെ. തമ്പാനെതിരെ നഷ്ടം ഈടാക്കുന്നതിനൊപ്പം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 27 | കേരള സർവ്വകലാശാല | 210 | യൂണിവേഴ്സിറ്റി പ്രസ്സിലെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോസ്ഥർ ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ ഉത്തരവാദികളായ ഉദ്യോസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും കുറവു വന്ന പേപ്പറിന്റെ വില പിഴപ്പലിശ ഉൾപ്പെടെ പ്രസ്തുത ഉദ്യോസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | | 211 | യൂണിവേഴ്സിറ്റി പ്രസ്സിലെ സ്റ്റോക്ക് രജിസ്റ്റർ പ്രസ്സ് സൂപ്രണ്ട് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രസ്സിന്റെ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ഇവ പരിശോധിച്ച് തെറ്റുകൾ കണ്ടുപിടിക്കേണ്ടതുമായിരുന്നു എന്നാൽ സർവ്വകലാശാല പ്രസ്സിൽ ഈ നടപടി കൃത്യമായി നടത്തിയിട്ടില്ലെന്നാണ് പുനപരിശോധനയിലും മനസ്സിലാകുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യേഗസ്ഥർക്കെതിരെ ഔദ്യോഗിക കൃത്യ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കൃത്യമായി ഇടവേളകളിൽ ഈ രജിസ്റ്റർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 212 | സർവ്വകലാശാല അച്ചടിക്കാൻ ഏല്പിക്കുന്ന പുസ്തകങ്ങൾ കൃത്യസമയത്തിനുള്ളിൽ അച്ചടിച്ചു നല്കുന്നതായി കാണുന്നില്ല. ആയതിനാൽ അച്ചടിക്കായി ഏൽപ്പിക്കുന്ന പുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ തീർത്ത് തിരികെ ഏല്പിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ പ്രസ്സിന്റെ ചുതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. സർവ്വ കലാശാല പ്രസ്സിലെ വീഴ്ചമൂലം പുസ്തകങ്ങൾ കെട്ടിക്കിടക്കാനിടയായ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം പ്രസ്സ് സൂപ്രണ്ടിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അച്ചടിച്ച വസ്തുക്കൾ പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ നഷ്ടം സംഭവിച്ചിട്ടില്ലെ ന്നാണ് അറിയിച്ചിരിക്കുന്നത്. ഒരു പ്രത്യേക ആവശ്യത്തിനായി അച്ചടിക്കുകയും ഉപയോഗ ശൂന്യമായി തീരുകയും ചെയ്ത് പ്രസ്തുത ഷീറ്റുകളും രജിസ്റ്ററുകളും ഏതു രീതിയിൽ ഉപയോഗിക്കുമെന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 213 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായി കണ്ടെ ത്തിയ പേപ്പറിന്റെ വിലയായ 10,573 രൂപ പ്രസ്സിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ രജിസ്ട്രാർ ഉറപ്പു നൽകിയിരുന്നെങ്കിലും സർവ്വകലാശാല ലഭ്യമാ ക്കിയ മറുപടിയിൽ തുക ഈടാക്കിയതായി അറിയിച്ചിട്ടില്ലാത്തതിനാൽ പ്രസ്സ് സൂപ്രണ്ടിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിന്നും തുക ഈടാക്കാതിരുന്നത് സംബന്ധിച്ച് രജിസ്ട്രാർ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശ പ്രകാരം തുക ഈടാക്കി രേഖ കൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 28 | കേരള സർവ്വകലാശാല | 219 | പ്രിന്റിംഗ് യന്ത്രങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്താൻ അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ച രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കു വാനും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കു വാനും സമിതി ശുപാർശ ചെയ്യുന്നു. |
| 29 | ,, | 225 | പ്ലേറ്റ് ഗ്രൈന്റിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്ന തിനായി കരാറടിസ്ഥാനത്തിലെ ഓപ്പറേറ്ററെ നിയമിച്ചുവോയെന്നും ടിയാനെ എത്ര കാലത്തേ ക്കാണ് നിയമിച്ചതെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 30 | ,, | 235 | പുസ്തകങ്ങളുടെ വിപണന സാദ്ധ്യത മനസ്സിലാക്കി അതനുസരിച്ച് വിപണനതന്ത്രം രൂപപ്പെടുത്തിയതിനുശേഷമേ പുസ്തകങ്ങൾ അച്ചടിക്കാൻ ഉത്തരവു നല്കാവു എന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 236 | പുസ്തകങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന രീതി തികച്ചും അശാസ്ത്രീയമാണെന്നു റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ സ്ഥലസൗകര്യമുള്ള സ്ഥലത്തേക്ക് ഇവ മാറ്റി ഈർപ്പം കടക്കാത്ത രീതിയിൽ ഓരോ വിഭാഗമായി തരം തിരിച്ച് അടുക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി മൂന്നു മാസത്തി നുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അമൂല്യങ്ങളായ പുസ്തകങ്ങൾ സിഡിയിലാക്കി സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 237 | വില്പനയ്ക്ക് യോഗ്യമായ പുസ്തകങ്ങൾ അടിയന്തിരമായി വിറ്റഴിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പുസ്തകമേളകളോട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നുസ്ധിച്ച് ആയത് വിലകുറച്ച് വിൽക്കുന്നതിനുള്ള സാദ്ധ്യതയും ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 238 | പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന ഓരോ സാമ്പത്തികവർഷാവസാനവും നടത്തേണ്ടതും അതു സംബന്ധമായ സാക്ഷ്യപത്രം ഡയറക്ടർ സ്റ്റോക്ക് രജിസ്റ്ററിനുള്ളിൽ രേഖപ്പെടുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഇപ്രകാരം രേഖപ്പെടുത്താത്തപക്ഷം പ്രസിദ്ധീകരണ വിഭാഗം മേധാവിക്ക് (പബ്ലിക്കേഷൻ ഡയറക്ടർ)ഇതിൽ ഉത്തരവാദിത്വം ചുമത്തി ഇതു സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിനുത്തരവാദിയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 239 | നിശ്ചിത കാലയളവിലേയ്ക്ക് ഒരു പാഠ്യപുസ്തകം ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ആ കാലാവധിയിലേയ്ക്കുള്ള മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചു സൂക്ഷിക്കുകയും ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടിപ്പിക്കുമ്പോൾ മുമ്പ് നിശ്ചയിച്ചിരുന്ന പുസ്തകങ്ങൾ കാലാവധി തീരുന്നതിനുമുമ്പ് തന്നെ മാറ്റി വേറെ പാഠ്യപുസ്തകം നിശ്ചയിക്കുക വഴി സർവ്വകലാശാലയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതായി സമിതി മനസിലാക്കുന്നു. ആയതിനാൽ പാഠപുസ്തകങ്ങൾ അച്ചടിക്കുമ്പോൾ അതതു വർഷത്തേക്കാവശ്യമുള്ളതു മാത്രം അച്ചടിക്കുവാനും അല്ലാത്തപക്ഷം വിറ്റഴിച്ചതിൽ ബാക്കി വന്ന പുസ്തകത്തിന്റെ എണ്ണം ബോർഡ് ഓഫ് സ്റ്റഡീസിന് അറിയിച്ചതിനുശേഷമേ പുസ്തകം മാറ്റം സംബന്ധിച്ച് തീരുമാനിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 31 | കേരള സർവ്വകലാശാല | 243 | 2000-2001-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് ഇപ്പോഴും പരിശോധിച്ചു വരുന്നതേയുള്ളു എന്ന ഒഴുക്കൻ രീതിയിൽ നൽകിയ മറുപടി തികച്ചും ആക്ഷേപാർഹമാണെന്നും ഒരു നിയമസഭാ സമിതിയോട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അവലംബിക്കേണ്ട പെരുമാറ്റച്ചട്ടം പല ഓഡിറ്റ് ഖണ്ഡികകൾക്കും മറുപടി നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ പാലിച്ചു കാണുന്നില്ല എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ഭരണഘടനാപരമായി നിയമസഭയിൽ നിക്ഷിപ്തമായിരിക്കുന്ന അവകാശങ്ങളും, ചുമതലകളും നിറവേറ്റുന്നതിൽ നിയമസഭയുടെ തന്നെ ഒരു മിനിയേച്ചറായ സഭാ സമിതി പ്രവർത്തിക്കുമ്പോൾ അതിന്റെ പ്രവർത്തനത്തെത്തന്നെ നിസാരവൽക്കരിക്കുന്ന തരത്തിലുള്ള സമീപനമാണ് യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നുമുണ്ടാകുന്നത്. വ്യക്തമായ മറുപടികൾ നൽകുന്നതിൽ യൂണിവേഴ്സിറ്റി അധികൃതർ വീഴ്ചവരുത്തുന്നു. ആയതിനാൽ ഒരു നിയമസഭാ സമിതിയോട് കാണിക്കേണ്ട ബഹുമാനവും, പെരുമാറ്റരീതിയും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് തലത്തിൽ യൂണിവേഴ്സിറ്റികൾക്ക് സർക്കുലർ മുഖേന നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 244 | സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ട 12,008 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 32 | കേരള സർവ്വകലാശാല | 248 | ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുളള നഷ്ടം സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം ഡയറക്ടറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തുക പലിശ സഹിതം ടിയാനിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 33 | ,, | 255 | സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സർവ്വകലാശാലയ്ക്ക് നല്കുമ്പോൾ തന്നെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്കും അതിന്റെ പകർപ്പ് നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 256 | സർവ്വകലാശാലയെ സംബന്ധിച്ച് ഓഡിറ്റ് തടസ്സങ്ങൾക്ക് സമയബന്ധിതമായി മറുപടി നല്കി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനായുള്ള ഒരു സംവിധാനത്തിന്റെ അപര്യാപ്തത സമിതിക്കു ബോദ്ധ്യമാവുകയുണ്ടായി. ആയതിനാൽ ഇതിലേയ്ക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാർ എന്നിവരടങ്ങുന്ന ഉന്നതതല സമിതി രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 257 | സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കൃത്യമായി തുടർ നടപടികൾ സ്വീകരിക്കണമെന്നും സർചാർജ്ജ് നടപടികൾ ആവശ്യമായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ മുൻ വർഷങ്ങളിലെ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ വകുപ്പിന് നല്കാൻ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

## Errata

128 A. പരീക്ഷാ ഫീസ് പിരിവിൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച പരാമർശം സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരീക്ഷാ ഫീസ് പൂർണ്ണമായും അടച്ച വിദ്യാർത്ഥികൾക്കുമാത്രമേ മാർക്കുലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും നല്കാറുള്ളൂ എന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു. (In page 38)

52 സർവ്വകലാശാലയുടെ ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച സമിതി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളാണ് സർവ്വകലാശാലയിൽ നടന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയിട്ടും സർവ്വകലാശാലയോട് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അന്വേഷിക്കാതെയും സർവ്വകലാശാല അധികൃതർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ യാതൊരു പരിശോധനയും നടത്താതെ പ്രസ്തുത റിപ്പോർട്ട് അതേപടി സമിതിയ്ക്ക് ലഭ്യമാക്കിയ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നടപടി അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്നും സമിതി ശുപാർശ ചെയ്യുന്നു. (In page 52)